REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

20th Kumbham 1110. 4th March 1935.



തിരുവിതാംകൂറിലെ വൈദ്യുതയന്ത്രസ്ഥാപകനായ ശ്രീചിത്തിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട്.

VOL. VII. No. 26

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക് ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ച അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആറുകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂൎണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാൎജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീൎത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീൎത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനൎജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമൎശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരിക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കററുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവിമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദൎയ്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവൎണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.


| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയന്റ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭൎത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജൂഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കൎണ്ണപൎവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാനുവൎണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ കുംഭം ൨൦-ാംനു- തിങ്കളാഴ്ച | ലക്കം ൨൩.

ഹാവൈയിലെ ഒരു തരുണി



ഹാവൈയിലെ നാട്ടുകാരുടെ വേഷഭൂഷാദികൾ ഹോളിവുഡ്ഡിലെ താരങ്ങളെ ആകർഷിച്ചുതുടങ്ങിയിട്ടു കുറെക്കാലമായി. കൊളംബിയാക്കമ്പനിയിലെ ഒരു നടിയായ ഷീലാ മാന്നഴ്സിനെയും ഈ വേഷം ആകർഷിച്ചിരിക്കുന്നു. തന്മൂലം അവളുടെ ആകർഷകത്വവും വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതിനു ഈ ചിത്രം തന്നെയാണു തെളിവു്.

[ഹാവൈ അമേരിക്കൻ ഐക്യനാടുകളുടെ വകയും പാസഫിക് സമുദ്രത്തിൽ സ്ഥിതിചെയ്യുന്നതുമായ ദ്വീപസമൂഹത്തിന്റെ പേർ ആണു്.]

# 'അയാറം ഒരു മിസ്റ്റിക് കവിയായതു്.'

സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. എ.

നമ്മുടെ ഒരു ചങ്ങാതി 'ഒരുകവി'യായകഥ വിസ്തരിച്ചു നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. ആ വിദ്വാൻ 'ഒരു മഹാകവി'യായ കഥ പിന്നാലെ അറിയിക്കാമെന്നു അയാൾ അന്നു് വാഗ്ദാനംചെയ്കയും ചെയ്തിരുന്നു. അതു് ഇതുവരെ കാണാത്തതു അയാളുടെ വീഴ്ച അല്ല. അയാൾ അന്നേ അതിനേക്കുറിച്ചു എനിക്കു എഴുതിയിരുന്നു. എൻെറ സ്വന്തം ഉദാസീനതകൊണ്ടു ഇതുവരെ പ്രസിദ്ധംചെയ്യാൻ കഴിഞ്ഞില്ലെന്നേ ഉള്ളു. അതു താമസിയാതെ പുറത്തു വിട്ടുകൊള്ളാം. അതിനുമുമ്പു് അയാൾ ഒരു മിസ്റ്റിക്കവിയായവിവരം ഇവിടെ ഉദ്ധരണംചെയ്തുകൊള്ളട്ടെ:

"ഞാൻ ഒരു മഹാകവിയായതിനേക്കുറിച്ചു എൻെറ കത്തു് അവിടെ കിട്ടിയിട്ടു നാൾ വളരെയായല്ലോ. അതു ഇതുവരെ ചിത്രവാരികയിൽ കാണാഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയും സങ്കടപ്പെടുകയും ചെയ്യുന്നു. ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ എന്നീ ബഹുജനങ്ങളാൽ അംഗീകരിക്കപ്പെട്ട മഹാകവികൾക്കുപുറമേ എന്നേക്കാൾ വളരെത്താണ എത്ര വിഢ്യാന്മാരാണു് ഇപ്പോൾ മഹാകവിപ്പട്ടം കൈക്കൊണ്ടുഞെളിയുന്നതു്! എനിക്കു അവരുടെമുമ്പിൽ നില്ക്കണ്ടേ? ഗൗരിയമ്മസ്സാർതന്നെ എന്നെ എത്ര 'ഊശി'യടിക്കുന്നു എന്നറിയാമോ? ചായക്കടകളിലും മുസ്ലീംഹോട്ടലുകളിലും എന്തിനു് ബസ്സുകളിൽവച്ചുതന്നെ എത്രലക്ഷം ആളുകൾ എന്നെ പരിഹാസമുഖത്തോടെ സംവീക്ഷിക്കുന്നു. ദയവുണ്ടായി അതങ്ങുപ്രസിദ്ധംചെയ്യണേ അതിനു താമസം വരുന്നപക്ഷം എൻെറ കുറെ മിസ്റ്റിക്കവിതകൾ അയയ്ക്കുന്നതെങ്കിലും ഉടനെ പുറത്തുകാണിക്കുമെന്നു വിശ്വസിച്ചുകൊള്ളട്ടയോ ?

ഇപ്പോഴത്തെ സഹൃദയന്മാർക്കും മലയാളം പള്ളിക്കൂടംസാറന്മാർക്കും—'സാർ' ശബ്ദം ഇംഗ്ലീഷിൽ പുല്ലിംഗമാണെങ്കിലും ആധുനികമലയാളത്തിൽ സ്ത്രീലിംഗംകൂടിയാണെന്നുള്ളകഥ പ്രത്യേകം ഓർമ്മിക്കണം—മിസ്റ്റിക്കവിതകളിലാണു് ഭ്രമം എന്നു ഗൗരിഅമ്മസാർ എന്നോടുപറഞ്ഞു. അവർ ഉത്സാഹിപ്പിച്ചാൽപിന്നെയുണ്ടോ ഞാൻ പിന്മാറുക മിസ്റ്റിക്കവിതളുടനേതന്നെ കടലിലെ തിരമാലപോലെ തള്ളിക്കേറിവരവായി. എഴുതിഎടുക്കാൻതന്നെ വിഷമമായി. അതിനെപ്പററി കൈകൊടണ്ടേ? പേനഎഴുതണ്ടേ? പാക്കർപേനയാണുപോലും തടവില്ലാതെ 'ഴ ഴ ഴ' യായി വഴുതി എഴുതുന്നതു്. ശ്രീമാൻ കൊല്ലം എസ്സ്. എൻ. റാവു ഞാൻ 'കവിയായ'കഥ ചിത്രവാരികയിൽകണ്ടു് വല്ലാതെ സന്തോഷിച്ചു പതിനൊൻപതരഉറുപ്പികവിലയുള്ള ഒരു ചിത്രവർണ്ണപരിശോഭിതമായ പാക്കർപേനാ അയുറുപ്പികക്കു് എനിക്കു സമ്മാനം തന്നു. അതുകൊണ്ടെഴുതിയിട്ടുകൂടെ ഉള്ളിൽനിന്നു നിർദ്ധരിച്ച മിസ്റ്റിക്കവിത കടലാസിലേയ്ക്കൊഴുകുന്നില്ല.

നമ്മുടെ തിരുവിതാംകൂറിലെ മിസ്റ്റിക്കവികളിൽ അഗ്രേസരനായ ശ്രീമാൻ കെ. പി. രാമൻപിള്ളയുടെ വിവരണംകൊണ്ടാകട്ടെ മിസ്റ്റിക്കവിതാനിരൂപകനായ ശ്രീമാൻ, മാടശ്ശേരി മാധവവാര്യർഅവർകളുടെ വിമർശംകൊണ്ടാകട്ടെ അതു് എന്താണെന്നു് എനിക്കെന്നല്ല, ഞാൻ അതിനെക്കുറിച്ചു് സംസാരിച്ച ചങ്ങാതികൾക്കാകട്ടെ വാസ്തവത്തിൽ ഗ്രഹിക്കാൻ കഴിഞ്ഞില്ല. അതിനു എൻെറ വിവരണം ഇതാണു്. കവിത അങ്ങോട്ടു എഴുതണം. അർത്ഥം അറിയാൻശ്രദ്ധിക്കാത്ത സഹൃദയന്മാർ അവരുടെ രീതിഅനുസരിച്ചു വായിച്ചുരസിച്ചുകൊള്ളും. അർത്ഥം വല്ലതും വേണമെന്നുള്ളവർ അവരുടെ ഹിതംപോലെ വ്യാഖ്യാനിച്ചു് ദിവ്യപ്രേമത്തിൻെറയും ദിവ്യാനന്ദത്തിൻെറയും സത്തുകളെ ഉറുഞ്ചിഎടുത്തു പാനംചെയ്തുകൊള്ളും. കവിക്കാകട്ടെ കവിത അങ്ങോട്ടു ഉണ്ടാക്കിയാൽമതി ഇതാണു് എൻെറ അനുഭവം.

ഒരു ഗാഥയാണു് ആദ്യമായി എൻെറ നാവിൽ പ്രത്യക്ഷമായതു്. ആ ആദ്യസന്താനം കരി ബലംമുററാത്തകുട്ടിതമ്പാതികളുടെ കടിഞ്ഞൂൽകുട്ടിപോലെ വല്ലാതെകൈയുള്ള സ്ഥിതിയിലാണെന്നാണു് എനിക്കാദ്യന്നെ തോന്നിയതു എങ്കിലും 'അവനോൻ പിള്ള'യല്ലേ? സ്നേഹം ഇല്ലാതിരിക്കുമോ? കണ്ടാട്ടെ.

ആരുമേ കൂടാതെവന്നാൾമനിയറ
ദ്വാരത്തിലൂടെയതെപ്പുലരി
ഇഷ്യാകലുഷയായ്കാർത്തയ്യൽചെന്നുടൻ
ദ്വേഷിച്ചടച്ചു വാടമയ്യോ!
ഗജ്ജിച്ചുനില്പിതു ഗംഭീരസത്വമി
കൊച്ചുകുടുംബിനിയെന്തേചെയവൂ
മഞ്ഞച്ചിരികൊണ്ടുമാററാൻകഴിയുമോ
പിഞ്ചുമെയ്യാണോയെതിർത്തുനില്പാൻ പൂ
പെണ്ണുങ്ങൾക്കെല്ലാംസഹജമായുള്ളൊരു
കണ്ണുനീർവർഷിച്ചുനിന്നാളവൾ
ദീനതകണ്ടാവാം ഹററവളാർദ്രയായ്
മാനത്തേവട്ടുമറഞ്ഞുപോയി
അങ്ങനമോദമെന്നയാചരിച്ചിടിനാ-
രെങ്ങുംതെളിഞ്ഞുടൻലോകാലോകം"

ഈ കവിതക്കുട്ടിയുടെ നാമകരണത്തിനു ഞാൻ എൻെറ കവിതാസാമ്രാജ്യപ്രജകളെ ക്ഷണിച്ചു. 'ഉണ്ണിയുണ്ടായസന്തോഷംകൊണ്ടുടൻ' എന്നല്ലെ എഴുത്തച്ഛൻ—അല്ലല്ല കുഞ്ചൻനമ്പ്യാർ— അല്ലെങ്കിൽ നമ്മുടെ നിരൂപകന്മാർ നണ്ണിയിക്കുന്ന-വഴക്കുവേണ്ടല്ലോ-പറഞ്ഞിരിക്കുന്നതു്. അവരങ്ങു അനുമോദനംതുടങ്ങി. ശരവർഷംപോലെ, കുഞ്ഞിക്കവിതയുടെയും എൻെറയും ശരീരത്തിൽ ഒരു പഴുതും ഇടട്ടെയ്ക്കാതെ. വ്യാഖ്യാനവിമർശകന്മാരുടെ അർത്ഥവിവരണം കഴിഞ്ഞപ്പോൾഞാൻ ഒരു മിസ്റ്റിക്കവിതന്നെയെന്നു എനിക്കു ബോധ്യമായി. "കവിതാരസചാതുര്യം വ്യാഖ്യാതാവേത്തിനോകവിഃ" എത്ര വാസ്തവം!

അന്നും പിറേറന്നും അതിൻെറപിറേറന്നുംആയി എൻെറ സരസ്വതി മൂന്നുകുട്ടികളെക്കൂടി പെററു. അവരെക്കൂടി പരിചയപ്പെടുത്തുക അത്യാവശ്യമാണു്. രണ്ടാമത്തതു് കേകയാണു്. എന്നാൽ കാക്കയുടെകരച്ചിൽപോലെ 'കാ-ക്ഹാ' അല്ലതാനും. കാണ്മിൻ!

ചൊല്ക്കയായാരോമലാൾചെന്തളിരണിച്ചു-
ണ്ടു
പുൽകിനിന്നീട്ടുംചെല്ലപ്പുഞ്ചിരിയോടുമ-
പ്പോൾ
പച്ചിലക്കളർപ്പട്ടുമുടുത്തുകാട്ടുപൂക്കൾ
സ്വച്ഛന്ദംമുടിത്തലയ്ക്കൊക്കയുംസ്വയം ചാ-
ർത്തി
ഓമനിച്ചങ്കത്തങ്കലിരുത്തിസ്സുഖിപ്പിക്കും
കോമളകുമാരിയാൾകോകിലകൂജിതംപോൽ
താരകാവലിതൻെറ സംഗീതപ്രതിദ്ധ്വനി
പാരിങ്കൽപതിഞ്ഞപോൽഹാവികാരോദ്ദീ-
പകം
പ്രേമസർവ്വസ്വമങ്ങുസമപ്പിച്ചിരിപ്പുഞാൻ
ക്ഷേമത്തിനോകാശ്രയമെനിക്കത്ത്യക്കാല-
ല്ലോ
ശ്രീമതിയാളേനിൻെറപനിനീർപ്പൂങ്കപോ-
ല-
ഭൂമിയിൽവിഹരിക്കുമധരംഭാഗ്യോപേതം
മാമകംനിവേദനമവളോചെന്താരിതൾ
കോമളച്ചെവികളാൽ സ്വാഗതംചെയ്തു-
പോരും!
'എൻപൊന്നിൻകുടമിന്നുചൊരിഞ്ഞഗാഢ
പ്രേമ-
ത്തിൻപ്രവാഹത്താലടിയിളകുമെന്നേത്താ-
ങ്ങു'
ചൊന്നേരംപൊട്ടുന്നനേമുന്തിരി വള്ളിക-
ളാൽ
ധന്യനാക്കിനാളെന്നെപടൻചുററിവേഗം"

പിന്നത്തെഅരുമപ്പൈതൽ കാകളിയത്രെ അതിൻെറ സൌന്ദര്യമകരന്ദവും സൽഗുണവജ്രരത്നങ്ങളും അനുഭവിക്കതന്നെ വേണം.

വാർമുകിൽപ്പൊന്നുംവിമാനത്തിലന്തി-
ക്കെൻ
പ്രേമമന്നാകാശസഞ്ചാരിയായിത്തു
ഞാനാമഴയിഴപാഴ്പാശമാശ്രയി-
ച്ചേനങ്ങുമാനത്തു സത്വരമെത്തുവാൻ
പൂനിലാവായവൾ ലോകക്കശേഷവും
താനേസുഖാനന്ദഭൃതിനൽകീ തദാ
ഞാനൊരുഭൃതനബ്ഭൃതബാധാവേശ
ദീനനായയ്യോ നിരാശ്രയനായുടൻ

# മൂന്നു ഭരണക്രമങ്ങളുടെ മുഖ്യമൂല്യങ്ങൾ.

കെ. രാമകൃഷ്ണൻനായർ ബി. എ.

മനുഷ്യനിൽ ഭരിക്കാനുള്ള താല്പര്യത്തിനുസമമായിത്തന്നെ ഭരിക്കപ്പെടേണ്ട ആവശ്യവും ആദ്യംമുതൽ വൎദ്ധിച്ചു പ്രബലപ്പെട്ടിട്ടുണ്ടു്. ആ രണ്ടുവാശങ്ങളേയും രഞ്ജിപ്പിക്കാതെ മനുഷ്യനും ഭരണനീതിയും യോജിച്ചു പ്രവൎത്തിക്കുമെന്നും ഉൽഗതിയെ ലാക്കാക്കിയുള്ള ഒരു വ്യവസ്ഥ പ്രതിഷ്ഠിതമാകുമെന്നും വിചാരിക്കാൻ തരമില്ല. ഇതേവരെ ഉണ്ടായിട്ടുള്ള ഓരോ ഭരണസമ്പ്രദായവും അതിനെ ജനിപ്പിച്ച കാലത്തിന്റെയും പരിതഃസ്ഥിതികളുടേയും അവസാനത്തോടുകൂടി അസ്തമിച്ചതായി കാണാം. അതെല്ലാം പരീക്ഷണത്തിന്റെ വിജയവും വളൎച്ചയുടെവിലയും ആണെന്നുതന്നെ വിശ്വസിക്കാം. അരാജകത്വത്തിലുള്ള ആഗ്രഹംകൊണ്ടല്ല ഭരണതത്വങ്ങളിലുള്ള അവിശ്വാസംകൊണ്ടാണു് ഭരണീയരിൽനിന്നും എതിൎപ്പുണ്ടാകുന്നതു്. മനുഷ്യന്റെ സഹ്യസീമയെ കടന്നുവരുന്ന അടിമത്വം എപ്പോഴും വിപ്ലവത്തിനു കാരണമായും ഇരിക്കുന്നു. വാസ്തവത്തിൽ അഭ്യസ്തവിദ്യരുടെ അതൃപ്തിയേക്കാൾ തൊഴിലാളികളുടെ ദുരിതത്തിലാണു ഭരണകൂടങ്ങളുടെ അപകടം കിടക്കുന്നതെന്നുള്ളതിൽ തൎക്കമില്ല.

പത്തൊൻപതാംശതകത്തിന്റെ സ്വപ്നങ്ങൾ ജനകീയഭരണസ്ഥാപനത്തിൽ അടങ്ങിയിരുന്നു. ഏറെക്കുറെ പൌരോഹിത്യത്തിലും രാജത്വത്തിലും ക്ഷീണിതമായ രാഷ്ട്രങ്ങൾ ഒരു നവ്യഘട്ടത്തെ കാത്തിരിക്കുകയായിരുന്നു. അപ്പോഴാണു് ജെയിംസ് വാററു്, ജ കാസ്റൂസ്സോ എന്ന രണ്ടു പിതാക്കളിൽനിന്നു് ഒരു മഹത്തായ ഭാവിയുടെ സാദ്ധ്യതാബീജങ്ങൾ മനുഷ്യന്റെ മുമ്പിൽ അവതരിച്ചതു്. അവയിൽനിന്നുണ്ടായ ശക്തി ലോകത്തെത്തന്നെ മൂൎച്ഛിപ്പിച്ചു കീഴടക്കിക്കളഞ്ഞു. അങ്ങിനെ ജനകീയഭരണത്തിന്റെ, അല്ലെങ്കിൽ സ്വയംഭരണത്തിന്റെ, പിന്നിൽ വ്യാവസായികവും യാന്ത്രികവുമായ വിപ്ലവങ്ങൾ കാരണഭാവത്തിൽ കിടക്കുന്നുണ്ടു. സ്വാധീനമാക്കിയ ശക്തിയെ അനിയന്ത്രിതമായി ഉപയോഗിച്ചപ്പോൾ സ്വയംഭരണം അടിമത്വത്തിനുള്ള ആയുധമായിത്തീൎന്നു. ഈ മാറ്റത്തിൽക്കൂടി മുന്നോട്ടുപോയ രാഷ്ട്രങ്ങളുടെ വിജയം, അവരുടെ മാനദണ്ഡംകൊണ്ടളന്നുനോക്കുമ്പോൾ, മഹത്താണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. 1870-നും 1900-നും മദ്ധ്യേ ബ്രിട്ടൻ 4754000 ചതുരശ്രമൈൽ ഭൂമി കീഴടക്കി തന്മൂലം അതിന്റെ ജനസംഖ്യയോടു 88000000 ജനങ്ങളെക്കൂടി ചേൎത്തു. 1884-നും 1900-നും ഇടയ്ക്കു് ഫ്രാൻസിനു 3583583 ചതുരശ്രമൈൽ സ്ഥലവും 36553000 ജനങ്ങളും കിട്ടി. ഇക്കൂട്ടത്തിൽ മോശമായ ജൎമ്മനി ഇക്കാലത്തിനിടക്കു് 1026220 ചതുരശ്രമൈൽ ഭൂമിയേയും 16687100 ആളുകളേയും സ്വാധീനമാക്കി. ബൽജിയം അതിന്റെ 77 ഇരട്ടി വലിപ്പമുള്ള 'കാംഗോടെറിട്ടറി'യെ ഉദരത്തിലാക്കി. ഇങ്ങനെ അടിമപ്പെട്ടവൎക്കു് അടിമത്വം മാത്രമല്ല ശേഷിച്ചതു്. പരാജയപ്പെട്ട യുദ്ധത്തിൽ ആത്മരക്ഷാൎത്ഥം അവരുടെ നല്ലതായുള്ള സകലതും ഹോമിക്കപ്പെടുകയും ചെയ്തു. അങ്ങിനെ സയൻസിൽനിന്നു സംജാതമായ വ്യാവസായികശക്തി സന്മാൎഗ്ഗബോധത്തെ പ്രകമ്പനം ചെയ്തുകൊണ്ടു ലോകാധിപത്യപ്രമത്തതയുടെ പ്രേരണകളായിത്തീൎന്നു.

ജനകീയഭരണം ഈഅപാരമ്പൎയ്യത്തോടുകൂടിസമാധാനത്തിന്റെയുംസൗമുഖ്യത്തിന്റെയും അടിസ്ഥാനങ്ങളായിത്തീരുന്നതെങ്ങിനെ എന്നറിഞ്ഞില്ല പ്രകൃതിയെ നമ്മുടെആവശ്യങ്ങൾക്കായി പ്രവൎത്തിപ്പിച്ചുണ്ടാകുന്നലാഭം, ശക്തിയെ ശുദ്ധമായ ഒരാദൎശത്തിന്റെ ബോധംകൊണ്ടു പരിശീലിപ്പിക്കുന്നതുവരെ നിരൎത്ഥകമാണെന്നു 'ലാസ്കി' പറയുന്നുണ്ടു്. ജനകീയഭരണത്തിന്റെ സൂതികാലയമായ ഇംഗ്ലണ്ടിൽ, ശാസ്ത്രവുംവ്യവസായശക്തിയും ഭരണകൂടത്തോടു യോജിച്ചുണ്ടായ വ്യവസ്ഥ രാഷ്ട്രങ്ങളുടെ മുക്തിക്കുള്ള ഏകമാൎഗ്ഗമാണെന്നു് എല്ലാവരും വിചാരിച്ചിരുന്നു അതിൽമാത്രമാണു സ്വാതന്ത്ര്യവും ക്രമീകരണവും യോജിച്ചിരിക്കുന്നതായി ഗണിക്കപ്പെട്ടിരുന്നതു്. എന്നാൽ ഇരുപതാംശതകത്തിന്റെ ഉദയം ആ വിധത്തിലുള്ള ശുഭാപ്തി വിശ്വാസങ്ങളെ ഹനിച്ചു. ലോകമഹായുദ്ധത്തിന്റെ മാറ്റൊലി ലോകത്തിനുള്ള ഉഗ്രതാഡനമായിരുന്നു. ആ രണരംഗത്തുനിന്നും വിസ്തൃതമായ ബുദ്ധിയോടും വികസിച്ച അക്ഷികളോടും കൂടിയല്ലാതെ ആരും വിജയവുംകൊണ്ടു് വീട്ടിലേക്കു് മടങ്ങിയല്ലെന്നു തോന്നുന്നു.

ജനകീയഭരണത്തിൽ ജനങ്ങളുടെ അഭിപ്രായത്തിനു വിലയും സ്ഥാനവും ഉണ്ടെങ്കിലും ഭരണസൌകൎയ്യം അശേഷം ഇല്ലെന്നുതന്നെ പറയണം. 'ഷാ' പറയുന്നതുപോലെ എല്ലാവൎക്കും വേണ്ട സംഗതി ആരുടേയും കാൎയ്യമല്ലാതായിത്തീരുന്നതു് അവിടെയാണു്. നിയമസഭകൾതന്നെ യാതൊന്നും പ്രവൃത്തിയിൽ കൊണ്ടുവരാതിരിക്കുന്നതിനുള്ള ഒരുപായമാണെന്നു വിചാരിക്കുന്നതിൽ വലിയ തെറ്റില്ല എല്ലാവൎക്കും വോട്ടവകാശം കൊടുത്തതുകൊണ്ടു്, അതിനെ

---

ശീഘ്രമച്ചക്രവാളത്തിലേയ്ക്കോടിനേൻ
പൊക്കത്തിലായതിൻമൂലമണയുവാൻ
കൂച്ചമില്ലാതെ കുതിച്ചുടൻചാടിനാൻ
പശ്ചിമവെൺകടൽമദ്ധ്യത്തിലേയ്ക്കുവൻ
പഞ്ചേന്ദ്രിയങ്ങളും സ്തംഭിച്ചുനിന്നുപോയ്
കിഞ്ചനഞാനതു വീണമരംപോലെ
കാഞ്ചനച്ചെങ്കതിരോരോന്നിലും തുള്ളി-
പ്പുഞ്ചിരിയോടെത്തി പൂൎവ്വാദ്രിമേലവൻ
പൊൻകരംകൊണ്ടുതലോടിച്ചുവച്ചൂട്-
സംക്രമിപ്പിച്ചിതെന്നംഗങ്ങൾതോറുമേ
മോഹമൊഴിഞ്ഞുടൻ മോഹാഭിഭൂതനായ്
സാഹസത്തിനുതാൻ കോപ്പിട്ടുഞാൻതദാ
ഉമ്മരക്കാവിലെരോജാദലാഗ്രത്തി-
ലമ്മിണിമന്നനിന്നാടിത്തുടങ്ങിനാൻ
രാവിലെ കോലാഹലങ്ങൾ കഴിഞ്ഞവൾ
രാവിലെലീലാപരയായ്സ്സമീരണ്ടു
ലാലസിക്കുന്നതുകാൺകയാലാശമേ
മാലററുവീണ്ടുംമുളച്ചുതളിൎക്കയായ്
തിളങ്ങുന്നപാഞ്ഞുഞാനങ്ങോട്ടുസത്വരം
മണ്ണിലേയ്ക്കൊന്നവൾ ചാടുന്നതു കാണായ്
എത്തിഞാനത്തരമാത്രയിലങ്ങട-
നസ്ഥലമെങ്ങുംവിരഞ്ഞുതിരക്കയായ്
ചാരുവായുള്ളൊരുസൌരഭ്യം ആയതും
നേരംനിമിഷമരയോളം – അയ്യയ്യോ!

മിസ്റ്റിസിസത്തിന്റെ പരമകാഷ്ഠയിൽ-സാക്ഷാൽ മോക്ഷംപോലെയുള്ള അന്തരാത്മനിൎവൃതിപദവിയിൽ എത്തിയതു് നമ്മുടെ സഹൃദയന്മാരുടെ അഭിപ്രായമാണിതു്—എന്റെ ആത്മപ്രശംസയല്ല – ഈ നാലാമത്തേതാണ്.

ഞാനുണൎന്നപ്പൊഴെൻകൺമുന്നിൽനിന്നെ-
ദിവ്യപ്രകാശം പറന്നുമാഞ്ഞു (ന്റെ
മെത്തയിലൊക്കെയും തപ്പിനോക്കീടിനേ-
നത്തവ്വിൽ പാഴ്ക്കട്ടിൽചോട്ടിലും ഞാൻ
മേല്ക്കട്ടിമേലിലും മേൽക്കെട്ടിനുള്ളിലും
ഒക്കെയുംപിന്നെ തേടീടിനേൻ
ജാലകജാലങ്ങൾതോറും ഞാൻ പാഞ്ഞെത്ത-
മേലോട്ടും കീഴോട്ടുമെങ്ങുംനോക്കി (ത്തി
ദിവ്യപ്രകാശമതെങ്ങുമേ കണ്ടില
സവിത്രക്കുരിശുളൊന്നുമാത്രം
ഉള്ളു പുട്ടുള്ളഞാൻ കണ്ണുകൾ ചിമ്മിയ-
ങ്ങുള്ളതാമൊന്നിനേയോൎത്തു കിഞ്ചിൽ
ആകാശമപ്പോൾപിളൎന്നുതമസ്സിന്റെ
യാകാരംഭേദിച്ചുദ്ദൂരദൂരം
തേജസ്സുചൂഴുന്നജ്യോതിസ്സൊന്നത്ഭുതം
ഭ്രാജിച്ചുനിന്നൊരുകാണനേരം
പൊൻപുലർച്ചെങ്കരംനീട്ടിമൃദുവായോ
നെന്റപിഞ്ചുമേനിതലോടിയപ്പോൾ
ആശ്ചൎയ്യമപ്പൊഴദ്ദിവ്യപ്രകാശമെൻ
പാൎശ്വമണഞ്ഞുപുണൎന്നുചേൎന്നു.

ഇതിൽ പാഴും പിഞ്ചുംഎല്ലാം വിടാതെ ചേൎത്തിട്ടുള്ളതു് പ്രത്യേകിച്ചും സ്മൎത്തവ്യമാണു.

ഇനി എന്റെ മഹാകവിപ്പട്ടലബ്ധിയെക്കുറിച്ചു് പ്രഖ്യാപനംചെയ്യാൻ അവിടുന്നു അമാന്തിക്കരുതേ.

സ്വന്തം.

ഉപയോഗിക്കേണ്ട പരിശീലനവും ബുദ്ധിയും കൊടുക്കുന്നതുവരെ, യാതൊരു പ്രയോജനവും ഇല്ലെന്നുതന്നെ പറയണം. ഇതു കൂടാതെ ഓരോ വ്യക്തിയും പൂർണ്ണവും പകപവുമാണെന്നുള്ള വിശ്വാസം ചൂഷണത്തിനു സമാധാനമായി നില്ക്കുന്നുമുണ്ട്. സ്വയംഭരണസ്വാതന്ത്ര്യം കൊണ്ടുതന്നെയാണു ദുഷ്ടമായ ധനം ആർജ്ജിക്കപ്പെടുന്നതിനും അതു മനുഷ്യനെ കഷ്ടമായവിധത്തിൽ ഭരിക്കുന്നതിനും ഇടയായതു്. ധനത്തിന്റെ സ്വയംഭരണം നീതിയുടെ പരിക്ഷണഘട്ടമാണെന്നുള്ളതിൽ തക്കമില്ല. അങ്ങിനെ പാശ്ചാത്യഭരണം പ്രജാധിപത്യത്തിൽ നിന്നുണർന്നപ്പോൾ തന്നത്താൻ ദുഷ്പ്രഭുവാണെന്നറിഞ്ഞു.

ഈ പതനത്തിൽ സംയോജനവുംകൊണ്ടു രംഗപ്രവേശംചെയ്ത ഏകാധിപത്യവും അതാതു രാജ്യത്തെ തൊഴിലാളികളെ മറ്റു രാജ്യങ്ങളിലുള്ള തൊഴിലാളികളുമായി സംഘടിപ്പിക്കണമെന്നു പറഞ്ഞുവന്ന സ്ഥിതിസമത്വവാദവും ജനകീയഭരണത്തിന്റെ ജടിലതകൾക്കു മതിയായ പരിഹാരമായിട്ടില്ല. ജനകീയഭരണത്തിനുപകരം അവയെ സ്വീകരിക്കുന്നതും ഭദ്രമല്ല. മൂന്നു ഭരണവ്യവസ്ഥകളിലും സ്വീകാര്യവും വർജ്ജ്യവുമായ തത്വങ്ങൾ അടങ്ങിയിരിക്കുന്നു. നിയമസഭകളെക്കൊണ്ടുള്ള ഭരണം ക്രമേണ ആദർശപ്രാപ്തിക്കു് അപ്രാപ്തമായി തീരുകയും അതിന്റെ അധികാരങ്ങൾ സ്വതന്ത്രമായ ഒരു ഭരണസമിതിക്കു വിട്ടുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഉല്പന്നവിധങ്ങളുടെ സാർവ്വലൗകികമായ ഉടമസ്ഥാവകാശത്തിൽ ഉറപ്പിക്കാതെ സർവ്വജനനിയോജകാവകാശത്തിൽനിന്നും ഉയർത്തപ്പെടുന്ന ജനകീയഭരണക്രമങ്ങൾക്കു് അന്തർലീനമായ അനീതി ഉണ്ടായിരിക്കുമെന്നുള്ളതിൽ തക്കമില്ല. അതു് സേവ്യസേവകഭാവത്തെ വളർത്തി സ്വരാജ്യത്തിനുള്ളിൽ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള സമരത്തിനു കാരണമാക്കുകയും പുറമേ സർവ്വരാജ്യസമാധാനത്തോടു സമരം നടത്തുകയും ചെയ്യും.

ഇങ്ങനെയുള്ള വിഷമങ്ങളെ പരിഹരിക്കുന്നതിനു 'ഫാസിസിസം' അതിന്റെ ഐക്യരാഷ്ട്രസ്ഥാപനനയവും സർവ്വകക്ഷിസഹകരണവാദവും മതിയാകുമെന്നു പറയുന്നു. കക്ഷിമത്സരത്തെ നശിപ്പിക്കുന്നതിനു് ഐക്യരാഷ്ട്രം ഓരോ സമൂഹത്തിനും വ്യക്തിക്കും അതതിന്റെ പ്രധാനപ്രവൃത്തി നിർദ്ദേശിച്ചും, ശിക്ഷണം ചെയ്തും നിർബ്ബന്ധിതമായി അതിനെ നടപ്പാക്കുക എന്നുള്ള ഉപായമാണു സ്വീകരിക്കുന്നതു്. അങ്ങിനെ ഐക്യരാഷ്ട്രത്തിന്റെ നിയോഗത്തിനും ശിക്ഷണത്തിനും കീഴിൽ വ്യക്തിയും കക്ഷിയും യന്ത്രങ്ങളായി ശേഷിക്കുന്നു. അതുമൂലം ജനകീയഭരണത്തിന്റെ രോഗത്തെ ചികിത്സിക്കുന്നതിനോടുകൂടി അതിനേ മൃതിപ്പെടുത്തുകയും ചെയ്യുന്നു. ഈ ചികിത്സാവിധം സുഖക്കേടിനേക്കാൾ ആപല്ക്കരമാണെന്നുതന്നെ പറയാം. സമുദായം വ്യക്തിക്കായിട്ടല്ല, വ്യക്തിസമുദായത്തിനായിട്ടാണു് നിലനില്ക്കുന്നതെന്നുള്ള തത്വം അസ്വതന്ത്രവും യാന്ത്രികവുമായ ഒരു ജീവിതരീതിയെ മാത്രമെ അനുവദിക്കുന്നുള്ളു. ഐക്യരാഷ്ട്രം, തന്നെ 'വിഴുങ്ങു'ന്നതിൽ മാത്രമെ വ്യക്തിക്കു് അവന്റെ ആഗ്രഹങ്ങളുടെ സാഫല്യം ദർശിക്കാൻ പാടുള്ളു എന്നു വരുന്നു.

എങ്കിലും ഈ ഒരു രീതിയെ ആവശ്യപ്പെടുന്നതും അനുവദിക്കുന്നതുമായ ഒരു വലിയ ജനവിഭാഗത്തെ കാണുന്നുണ്ട്. മുസ്സോളിനിയുടെയും ഹിററ്ലറിന്റെയും കീഴിലുള്ള ജനങ്ങൾ ഒരു വിദൂരഭാവിയുടെ അനിശ്ചിതമായ ഐശ്വര്യത്തിനുവേണ്ടി ബലികഴിക്കപ്പെട്ടുന്നെങ്കിലും ഇററലിയും ജർമ്മനിയും അത്യന്തം ഗണനീയവും അസൂയാർഹവുമായ ഒരു സ്ഥാനത്തേക്കു് ആരോധിക്കപ്പെട്ടിരിക്കുന്നതായി ലോകം അറിയുന്നു. എങ്കിലും മനുഷ്യനിൽ വെടിയുണ്ടയുടെ വില എത്രമാത്രമുണ്ടെന്നു നോക്കുന്നതിനാണു് ആ രാജ്യങ്ങൾ കൂടുതൽ യത്നിക്കുന്നതു്. നിയമസഭ രാഷ്ട്രരക്തത്തെ വിഷപ്പെടുത്തുന്നു എന്നാണു് അവരുടെമതം. അതിനാൽ മുസ്സോളിനിതന്നെ 50 ലക്ഷം വോട്ടുകളെക്കാൾ അൻപതിനായിരം തോക്കുകളെ കാര്യക്ഷമമെന്നുകണ്ടു് ഇഷ്ടപ്പെടുന്നു. ഈ ദോഷങ്ങളെ വകവെയ്ക്കാതെതന്നെ ജനകീയഭരണം ഏകാധിപത്യത്തിലേക്കു സംക്രമിക്കുന്നതായി കാണാം "ഏകാധിപത്യം ക്ഷീണിച്ച ജനകീയ ഭരണമാണെന്നുതന്നെ പറയാം. ഒരു സമുദായത്തെ തളച്ച്ബാധിക്കുമ്പോൾ അതിലുള്ള അംഗങ്ങൾ സ്വാതന്ത്ര്യത്തിന്റെ വിലയായ നിത്യനിഷ്കർഷക്കു് കൂടുതൽ കൂടുതൽ വിമുഖന്മാരായിത്തീരുകയും, അവർ ഉറങ്ങുമ്പോൾ പട്ടണത്തെ രക്ഷിക്കുന്നതിനു ഒരൊററയോദ്ധാവിനെ ആയുധമണിയിച്ചു് അധികാരപ്പെടുത്തുന്നതിനു് ഇഷ്ടപ്പെടുകയും ചെയ്യുന്നു" എന്നാണു് ചെസ്റ്റർട്ടൺ പറയുന്നതു്. അതുതന്നെയല്ല ഏകാധിപത്യത്തിനു് പ്രായോഗികസൌകര്യം കൂടുതലുണ്ടെന്നും സമ്മതിക്കാതെ തരമില്ല. ക്രാന്തദർശിയായ ഒരു തന്ത്രജ്ഞനു് രാഷ്ട്രത്തിന്റെ മുൻപിൽ കടന്നു് ജനങ്ങളെയും വഹിച്ചുകൊണ്ടു നാശത്തിലേക്കോ വിജയത്തിലേക്കോ പെട്ടെന്നു പറന്നെത്താൻകഴിയുകയുംചെയ്യും. ഏതു തരത്തിലുള്ള പ്രവൃത്തിയുടെയും ചുമതല വഹിക്കുന്നതിനു് ഒരാളുണ്ടെങ്കിൽ അതും ഒരു ഭാഗ്യംതന്നെയാണു്. മുസ്സോളിനിക്കും ഹിററ്ലർക്കും ഉള്ള ഉത്തരവാദിത്വം മറെറാരു രാജ്യത്തും കണ്ടെത്തിയിട്ടില്ല. എന്നാൽ ഐക്യരാഷ്ട്രത്തിനും മുതലാളിത്വത്തിന്റെ സഹകരണവും സഹായവും കൂടാതെ പ്രവർത്തിക്കാൻ സാധിക്കുന്നതല്ല ഈ മനോഭാവം സർവ്വരാജ്യമൈത്രിക്കു് അശേഷം ഇടം കൊടുക്കുന്നില്ല. അതിനാൽഅവിടെ ജനകീയഭരണത്തെക്കാൾ ഫാസിസിസം പരാജയപ്പെടുന്നു

ഇവ രണ്ടിന്റേയും ദുർബലവശങ്ങളിൽ സ്ഥിതിസമത്വവാദം ബലവത്താണെന്നു വാദിക്കുന്നു. മാൻചെസ്റ്റർ തൊഴിൽശാലയിലിരുന്നുകൊണ്ടു് റോബർട്ടു് ഓവൻ എന്ന ചിന്തകനാണു് ആദ്യം സോഷ്യലിസം സൃഷ്ടിച്ചതു്. അദ്ദേഹം ഇംഗ്ലണ്ടിനെ അതിന്റെ അക്രമികളും വേശ്യകളും ആഭാസന്മാരും എല്ലാം പതിതാവസ്ഥകളുടെ നിർദ്ധാരണനിഷ്ഠയിൽ നിന്നുണ്ടായതാണെന്നു പഠിപ്പിക്കാൻ അക്ഷീണയത്നംചെയ്തു. അതിനുശേഷം 1807 ൽ ജർമ്മൻജൂതനായ കാൾമാർക്സ് തന്റെ ഡാസ് കാപ്പിററൽ എന്ന ഗ്രന്ഥത്തിൽ സ്ഥിതിസമത്വവാദത്തെ ശാസ്ത്രീയവും പ്രായോഗികവും വിശാലവുമാക്കി ചർച്ചചെയ്തു. മറേറതു ഭരണക്രമങ്ങളെക്കാളും സോഷ്യലിസം അധികം ക്ലേശങ്ങൾ അനുഭവിക്കുന്നതിനു് ഇടയായി. അതിനു കാരണം അതു മുതലാളിയുടെ പ്രീതിയേയും സമ്മതത്തേയും കാത്തുനിൽക്കാതെ ലോകസമാധാനത്തിനുവേണ്ടി മുതലാളിത്വത്തെ നശിപ്പിക്കണമെന്നു വാദിച്ചതുതന്നെയാണു്. സോഷ്യലിസത്തേപ്പോലെ ലോകാധിപരായ മുതലാളിയേയും മുതലിനേയും ഒരുപോലെ ഭയപ്പെടുത്തുന്ന വേറൊരുവാദവും ഇല്ലെന്നുതന്നെ പറയാം.

തൊഴിലാളിക്കും മുതലാളിക്കും ഇടക്കു് മാത്സര്യത്തേയും മദത്തേയും ജനിപ്പിക്കുന്ന മുതലാളിത്വത്തെതന്നെ വ്യക്തിമോഹങ്ങളിൽനിന്നു നിർമ്മുക്തമാക്കുക എന്നതാണു് അതിന്റെ പ്രധാനകർത്തവ്യം എന്നാൽ സോഷ്യലിസത്തിനു അഭിമുഖീകരിക്കേണ്ടതായി വന്നിരിക്കുന്ന വിഷമങ്ങളിൽ പ്രധാനമായുള്ളതു് അതിന്റെ പ്രായോഗികപൂർണ്ണത നിശ്ചയിക്കണമെങ്കിൽ ലോകം മുഴുവൻ തന്നെ നിരുപാധികമായി ആ തത്വത്തിനു മുൻപിൽ വിട്ടുകൊടുക്കേണ്ടിയിരിക്കുന്നുഎന്നുള്ളതാണു്. സ്ഥിതിസമത്വവാദത്തിൽ സമുദായത്തിന്റെ അടിസ്ഥാനംതന്നെ തൊഴിലാളികളുടെ മൌലികബോധത്തിലാണു്. അതു മുതലാളിയുടെ വ്യക്തിസ്വാതന്ത്ര്യവാദത്തെയും വസ്തുവിന്റെ ഉടമസ്ഥാവകാശത്തേയും എതിർക്കുന്നു ഒരു കമ്യൂണിസ്റ്റിനു് വ്യക്തിയെക്കാൾ സത്തായിട്ടുള്ളതു് ജാതി (class) യാണു്. അങ്ങിനെ തൊഴിലാളിസംഘം വസ്തുതകളുടെ മാനദണ്ഡമായും ഭരണായുധമായും പരിണമിക്കുന്നു അതിനാൽ ഇവിടേയും വ്യക്തിമോഹങ്ങൾ തൊഴിലാളിസംഘടനയിൽ സാധർമ്മ്യം പ്രാപിക്കേണ്ടിവരുന്നു. സകലരാജ്യങ്ങളിലെയും തൊഴിലാളികളെ സംഘടനയിലും ഐക്യത്തിലും കൊണ്ടുവരുക എന്നുള്ള ഉദ്ദേശം പ്രവൃത്തിപഥത്തിൽ പ്രത്യാശയെ പ്രചോദിപ്പിക്കുന്നുണ്ടു് ഏതെങ്കിലും സ്ഥിതിസമത്വവാദം ഇന്നു ലോകത്തിൽ വളരെ വർദ്ധിച്ചിരിക്കുന്ന ദുരിതത്തിൽ ദഹിക്കുന്നവരായ ദരിദ്രക്കു് ആകർഷകമായും ആശ്വാസപ്രദമായും ഇരിക്കുന്നുണ്ടെന്നുള്ളതിൽ തക്കമില്ല. അതുതന്നെയാണു് സോഷ്യലിസത്തിന്റെ അധൃഷ്യമായ ശക്തിയും പ്രേരണയും. സോഷ്യലിസംലോകത്തിന്റെ യാതൊരുഭാഗത്തേയും അവഗണിച്ചിട്ടല്ലെന്നുതന്നെയല്ല പ്രവൃത്തിയിൽ ഇരിക്കുന്ന സകലജീവിയുടേയും സഹകരണം ആവശ്യപ്പെടുന്നുമുണ്ടു്. ഇപ്പോൾ ശിഥിലമായിക്കിടക്കുന്ന തൊഴിലാളികൾ സംഘടിച്ചു് മുതലാളിയോടു സമരംചെയ്തു കീഴടക്കണമെന്നുള്ളതാണു് അതിന്റെ മുഖ്യോപദേശം അതിനുശേഷം മാത്രമേ സർവ്വരാജ്യസഖ്യം സാധിക്കുകയുള്ളു എന്നും വിശ്വസിക്കപ്പെടുന്നു. ആ തത്വത്തിൽ ഇടുങ്ങിയ രാഷ്ട്രീയബോധത്തിന്റെ നിറമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു ഈ ദോഷം ജനകീയഭരണത്തിനും സ്വേച്ഛാഭരണത്തിനും ഉള്ളതുതന്നെയാണു്. സോഷ്യ

# സാമ്പിൾദമ്പതികൾ.

[അച്ചു]

## I

### പുതുവീട്ടിലേക്കുള്ള യാത്ര.

സാമ്പിൾ സംബന്ധയാലോചനക്കുശേഷം വിവാഹവുംകഴിഞ്ഞു, ശ്വശ്രൂരഗൃഹത്തിൽ കുടിയേറിപ്പാർത്ത ജാമാതൃസത്വത്തിനുംയുവഭാര്യക്കും "മധുവിധു" ആസ്വദിക്കുന്നതിനും മററുമായിരണ്ടുമൂന്നുമാസംഅനുവദിച്ചുകൊടുത്തിരുന്നല്ലോ. ജീവിതപ്പയററിന്റെ പ്രാരംഭപ്പിച്ചനിൽപുകൾ പിതൃഗൃഹത്തിൽ താമസിക്കുന്നിടത്തോളംകാലം സാധു പെൺകുട്ടി തുടങ്ങുന്നില്ല. അഞ്ചാറു പെൺമക്കളുടെ താതനായി വർത്തിക്കുന്ന ശ്വശ്രൂരന്റെ ഗൃഹത്തിൽ സാധാരണയായി കാണുന്ന ഗൃഢതന്ത്രപ്രയോഗങ്ങൾക്കു്, യുവദമ്പതികളെ പ്രത്യേകമായ ഒരു വസതിയിലേക്കു മാററിത്താമസിപ്പിക്കുന്നതിനുള്ള ശക്തിയുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഈ പ്രേരണയെത്തുടർന്നു മകൾക്കും പുതിയ മരുമകനും താമസിക്കുവാൻ സൗകര്യമായ ഒരു ഗൃഹം, മിതമായ വാടകക്കു അമ്മക്കും പെൺമക്കൾക്കും ജട്കാ കൂലി കൊടുക്കാതെ അത്യാവശ്യപ്പെടുമ്പോൾ ചെന്നെത്താവുന്ന ദൂരത്തിൽ (എന്നാൽ അവശ്യം വേണ്ടിവരുന്ന ചില്ലറ വീട്ടാവശ്യങ്ങൾക്കു മരുമകനും മകളും വാല്യക്കാരനും കൂടക്കൂടെ ഓടിഓടിച്ചെന്നു ശ്വശ്രൂഗൃഹത്തെ തപിപ്പിക്കാതിരിക്കത്തക്ക അകലത്തിൽ) കണ്ടുപിടിച്ചേടുക്കുന്നതിനു വേണ്ട ഒത്താശകൾ അച്ഛൻതന്നെ ചെയ്തുകൊടുക്കുന്നു. മുന്നാഴിഅരിവയ്ക്കാവുന്ന ഒരു ചെമ്പുകലം ഒന്നുരണ്ടു ചരുവങ്ങൾ, ഒരു മൊന്ത, ബുദ്ധിമുട്ടുകൂടാതെ കൊടുക്കുവാൻ സാധിക്കുമെങ്കിൽ ഒരു ചെറിയ കുട്ടകം എന്നിങ്ങനെ അല്ലറച്ചില്ലറ ചെമ്പുപാത്രങ്ങളുടെയും ഒരു മെത്ത, പെട്ടി എന്നിവകളുടെയും അകമ്പടിസേവയോടുകൂടി നമ്മുടെ നവദമ്പതികൾ പുതുവീട്ടിലേക്കു യാത്രയാകുന്നു. ഈ യാത്രയിൽ അമ്മ, സഹോദരിമാർ, കൊച്ചനിയൻ എന്നിങ്ങനെ പലരും അമ്മുവിനെ അനുഗമിക്കുന്നു. വീടു് ശരിയാക്കി താമസം ഉറപ്പിക്കുന്നതിനാണു് ഈ അനുയാത്ര. സാമാനങ്ങൾ മകൾക്കു കൊടുത്തയക്കുന്ന കൂട്ടത്തിൽ അമ്മുവിന്റെ പേരുകൊത്തിച്ചിട്ടുള്ള പാത്രങ്ങൾ വല്ലതുമുണ്ടെങ്കിൽ അച്ഛൻ, "അമ്മുവിന്റെ പേരുവെട്ടിയ ചരുവം എടുത്തുവച്ചോടാ നാണു?" എന്നു പ്രത്യേക നിഷ്കർഷയോടുകൂടി ചോദിക്കുന്ന ചോദ്യത്തിന്റെ സാരം "നിന്റെവകയൊന്നും ഇവിടെയാക്കും വേണ്ട; നിന്റെ ഭർത്താവിനു തനിയെ വാങ്ങുവാൻ ശക്തിയുണ്ടാകുന്നകാലത്തു്, നിന്നെപ്പോലെ നിന്റെ അനുജത്തിമാരെയും (ജ്യേഷ്ഠത്തിമാർക്കു് അമ്മുവിനെക്കാൾ സൗന്ദര്യക്കുറവാണെങ്കിൽ അവരെയും) പുതുഗൃഹത്തിലേക്കു യാത്രയാക്കേണ്ട സമയംവരുമ്പോൾ, നിന്നെപ്പോലെ അവർക്കും കടംകൊടുത്തയക്കുന്നതിനുപകരിക്കത്തക്കവണ്ണം ഇപ്പോൾ ഇവിടെനിന്നും തന്നയക്കുന്ന പാത്രങ്ങൾ തിരികെ അയച്ചു തന്നാൽ കൊള്ളാം" എന്നാണു്. ഇത്ര നിസ്സാരമായ ഒരു സംഗതി തുറന്നുപറയാതെ, നാളികേരപ്പരുവത്തിൽ വച്ചുകൊണ്ടിരിക്കുന്നതിന്റെ അർത്ഥം ഈയുള്ളവർക്കു മനസ്സിലാകുന്നില്ല. അമ്മുവിന്റെ സംബന്ധമാണെങ്കിൽ അതുകഴിഞ്ഞിട്ടു മാസം മൂന്നുനാലായിരിക്കുന്നു. നായർറഗുലേഷൻ നടപ്പായതിനുശേഷം വിവാഹമോചനം അത്ര എളുപ്പവുമല്ല. സ്ത്രീധനം കൊടുക്കണമെന്നോ, അല്ലെങ്കിൽ കൊടുക്കാമെന്നു പറഞ്ഞു കബളിപ്പിച്ചു എന്നു വാദിക്കുവാനോ പ്രസ്തുത റഗുലേഷനിൽ സ്ത്രീധനത്തിനു സ്ഥാനമില്ലാത്തിടത്തോളംകാലം സാധിക്കുകയുമില്ല. പിന്നെ എന്തിനാണു ഈ സാധു ശ്വശ്രൂരൻ മനസ്സിൽതോന്നുന്നതു തുറന്നുപറയുവാൻ ഇത്ര മടിക്കുന്നതു്?

ഇവിടെ നിർദ്ദേശിക്കുന്ന 'അമ്മുവും' 'കുഞ്ചുപിള്ളയും' പഴയ അമ്മുവും കുഞ്ചുപിള്ളയും മാത്രമല്ല; ഒരു തികഞ്ഞ സാമ്പിൾഭാര്യ, സാമ്പിൾഭർത്താവു്, എന്നുമാത്രം കരുതേണ്ടആവശ്യമേയുള്ളു. ആസ്ഥിതിക്കു ഒരേഒരു "അമ്മു"വിനെക്കൊണ്ടു പല വേഷങ്ങളും കെട്ടിച്ചു ചിലപ്പോൾ ശീലാവതിയെപ്പോലെ ഗുണവതിയാക്കിയും, മററുചില അവസരങ്ങളിൽ ഉർവശിയാക്കിയും, സിനിമാതാരമാക്കിയും മററും സജ്ജനസമക്ഷം അവതരിപ്പിക്കുന്നതിൽ അത്ഭുതപ്പെടുകയോ കുഴങ്ങുകയോ ചെയ്യരുതു്. "അമ്മു" എന്ന പദംകൊണ്ടു അതാതു സമയത്തിനും സന്ദർഭത്തിനും യോജിച്ച സ്വഭാവത്തോടുകൂടിയ ഒരു സ്ത്രീയെന്നേ അർത്ഥമാക്കുവാനുള്ളു.

ആ ഗൃഹത്തെ അന്നുവരെ തീണ്ടുകപോലും ചെയ്തിട്ടില്ലാത്ത മഹാമനസ്കതയോടുകൂടി അമ്മമുതൽപേർ വേറെയും ചില സ്നേഹപൂരിതമായ പ്രശ്നങ്ങൾചെയ്യുന്നു. "എടീ, വിമലേ, ആ പെണ്ണു് വെറും പൊട്ടയാണു്. അത്താഴത്തിനും വേണമെങ്കിൽ നാളത്തേക്കുംകൂടി ആവശ്യമുള്ള അരിയും മരക്കറികളും, പലവ്യഞ്ജനവും എടുത്തു ഒരു പെട്ടിയിൽ പ്രത്യേകം വച്ചുകൊള്ളണേ! ആ പാവം കുഞ്ചുപിള്ളക്കു നല്ല ജോലിയായി!. ഇവളെ മരുക്കിക്കൊണ്ടുവരണമെങ്കിൽ സഞ്ചായത്തിൽനിന്നും നാലു താപ്പാനയെ കൊണ്ടുവന്നാലും നടക്കുകയില്ല കുഞ്ചുപിള്ള ആൾ സമർത്ഥനല്ലായിരുന്നെങ്കിൽ പ്രത്യേകം താമസിക്കുവാൻ അമ്മുവിനെ തനിയെ ഞാൻ വിടുകയില്ലായിരുന്നു." അയാൾ അല്പം സാമർത്ഥ്യക്കുറവു കാണിച്ചിരുന്നെങ്കിൽ, ഇതുതന്നെ തരമെന്നുകരുതി അമ്മുവിന്റെ രണ്ടനുജത്തിമാരെയുംകൂടി കൂട്ടി താമസത്തിനയക്കുമെന്നാണോ ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു് എന്നു തീർത്തുപറയുവാൻ വയ്യാ. എന്തായാലും അമ്മു ആൾ ഒട്ടും പൊട്ടയല്ല. അമ്മയുടെ മകൾതന്നെ. അമ്മുവിന്റെ സാമർത്ഥ്യത്തെപ്പററി അമ്മ സംശയിച്ചതു അമ്മക്കു അമ്മയെക്കുറിച്ചുതന്നെയുള്ള അഭിപ്രായത്തിന്റെ കൂടുതൽകൊണ്ടോ, അമ്മുവിനോടുള്ള വാത്സല്യംകൊണ്ടു വഞ്ചകലോകത്തോടു മല്ലിടുന്നതിനുള്ള കരുത്തു് തന്റെ കുഞ്ഞിനു ഇല്ലെന്നു ഭയപ്പെടുന്നതുകൊണ്ടോ, കാർലയിൽ പറയുന്നതുപോലെ എപ്പോഴുമുള്ള പരിചയംമൂലം അമ്മുവിന്റെ മഹത്വം മനസ്സിലാക്കുന്നതിനുള്ള ശക്തിക്കുറവുകൊണ്ടോ, ഇതെല്ലാംകൂടി ചേർന്നുകൊണ്ടോ എന്തോ അറിഞ്ഞുകൂടാ. അമ്മ ഈഅവസരത്തിൽ കാണിക്കുന്ന ഔദാര്യം റോക്കഫെല്ലർ, ആൻഡ്രൂകാർണിജി, ആൽഫ്റഡ്നോബൽ തുടങ്ങിയ, ലോകൈശ്വര്യത്തിനായി ആർജ്ജിച്ച സ്വത്തിൽ ഏറിയഭാഗവും ദാനംചെയ്തു, ദിവ്യന്മാരെപ്പോലും ലജ്ജിപ്പിച്ചു നമ്രശിരസ്കരാക്കും. ഇതിന്റെകാരണം സ്പഷ്ടമാണല്ലോ. അനിശ്ചിതമായ കാലത്തേക്കു മകളെയും മരുമകനെയും വീട്ടിൽവച്ചു പോററിക്കൊണ്ടുപോരാമെന്നു ഉദ്ദേശിച്ചുന്നല്ലോ മാ

---

ലിസം തൊഴിലിനേയും മുതലിനേയുംകൂട്ടിരഞ്ജിപ്പിക്കുന്നതുതന്നെ അവയ്ക്കിടക്കു് അസൂയയും ഭയവും അടിച്ചുചേർത്തിട്ടാണു്.

സോഷ്യലിസം ജനകീയഭരണതത്വത്തിന്റെ മൗലികവാദമായ കക്ഷികളുടെ വോട്ടിലോ ഏകാധിപതത്തിൽ ഒരാൾക്കു് ജനങ്ങളെ അടക്കിഭരിക്കാനുള്ള അവകാശവും പ്രാപ്തിയും ഉണ്ടെന്നുള്ള നിശ്ചയത്തിലോ അശേഷം വിശ്വസിക്കുന്നില്ല. ജനകീയഭരണം സാധാരണമനുഷ്യന്റെ അപ്രമേയമായ സാധ്യതകളിലാണു് ഉറപ്പിച്ചിരിക്കുന്നതെന്നുള്ള വാസ്തവം അതിന്റെ അനുഗ്രഹങ്ങളിൽ പ്രധാനമായ ഒന്നാണു് എന്നാൽ ഈ മൂന്നു ഭരണക്രമങ്ങളും ലോകത്തിൽ ഇന്നും അവശ്യം ശേഷിക്കുന്ന ചോദ്യത്തിനു് — എങ്ങിനെ വ്യാവസായികശക്തിയേയും രാഷ്ട്രീയബോധത്തേയും രാഷ്ട്രങ്ങളുടെ ഐക്യത്തേയും സഹകരണത്തേയും സംയോജിപ്പിച്ചു സംസ്ഥാപിതമാക്കാമെന്നുള്ള ചോദ്യത്തിനു് — കുറച്ചുകൂടി ശക്തി വർദ്ധിപ്പിച്ചിട്ടേയുള്ളു.

യൂറോപ്പിന്റെ ലോകമേധാവിത്വം വളർന്നുവരുന്ന ഐക്യബോധത്തിനെതിരായി വളരുന്നു. അതിൽ ഏതാണു് പ്രബലമാകുന്നതെന്നു കണ്ടുതന്നെ അറിയണം. ഇനിയും ഏതു ഭരണരീതിയാണു് ലോകാഭിവൃദ്ധിക്കായി പ്രവർത്തിക്കാൻ പോകുന്നതെന്നും നിശ്ചയമില്ല. ഏതാണെങ്കിലും ലോകസമാധാനത്തിനായി ലോകമേധാവിത്വത്തെ ലോകസേവനംകൊണ്ടു പരാജയപ്പെടുത്താതെ കഴിയുന്നതല്ല. അതു് ശാസ്ത്രവും സ്വാതന്ത്ര്യബോധവും ആത്മവിശ്വാസവും ജീവലോകത്തിന്റെ സ്വാതന്ത്ര്യാനുഗ്രഹങ്ങളായി തീരുന്നതിനു മുൻപു് ഉണ്ടാവുകയില്ല. കാലത്തിന്റെ കാലിളക്കങ്ങൾ അന്നുമാത്രമേ അവസാനിക്കുകയുള്ളു.

---

താപിതാക്കന്മാർ സംബന്ധയാലോചന തുടങ്ങിയതു്. നവദമ്പതികൾ വീടുമാറി താമസിക്കാമെന്നുറച്ചതു്, അതുകൊണ്ടു്, മാതാപിതാക്കന്മാൎക്കു് അവിചാരിതമായി ലഭിച്ചഒരു ചെറിയലാഭവും തന്മൂലം ഒരു മഹാസൗഭാഗ്യവുംആണു് ഇങ്ങനെമാറി താമസിക്കുന്നതിനു് അവൎക്കു് മനസ്സുണ്ടാകുന്നതിലേക്കു് മാതാപിതാക്കന്മാർതങ്ങളുടെ ബുദ്ധികുശലതയും ചതുരുപായജ്ഞാനവുംഎല്ലാം അതിനിപുണതയോടുകൂടി പ്രയോഗിച്ചിട്ടുണ്ടെന്നുള്ളതുംപത്രഭാഷയിൽപറഞ്ഞാൽ 'ഈ അവസരത്തിൽ സ്മൎത്തവ്യമാണു്.' ഈ സൗഭാഗ്യമോൎക്കുമ്പോൾ ഒന്നുരണ്ടുദിവസത്തേക്കുള്ള ആഹാരസാധനങ്ങൾ പുതിയവീട്ടിലേക്കു് അയച്ചു എന്നുവെച്ചു് വലിയനഷ്ടംഒന്നും ഉണ്ടാകുവാനില്ലല്ലൊ. "പാവം കുഞ്ചുപിള്ളക്കു് ഇവളെ മരുക്കുക എന്നനല്ലജോലിയുംകിട്ടി." പഴയമൊച്ചിവേലയെക്കാൾ എത്രയോനല്ലതാണു് ഒരു നല്ലപെൺകുട്ടിയെ മരുക്കുന്നജോലി. മൊച്ചിപ്പണിപോലും ആക്ടിംഗ് ആയിരുന്നതുകൊണ്ടു് ഇതു നിശ്ചയമായും ഒരു ലാഭംകൂടിയാണു്. ഉദ്യോഗസ്ഥന്മാരുടെ പടിവാതൽകാക്കുകഎന്നതൊഴിച്ചു് അദ്ദേഹത്തെ ബദ്ധപ്പെടുത്തുന്നതിനു് ഇപ്പോൾ വേറെജോലിയും ഭാഗ്യവശാൽ ഇല്ലതന്നെ. ശപ്ഥുരൻ എണ്ണത്തിൽകൊണ്ടൊരുദ്യോഗസ്ഥനാണെങ്കിൽ അദ്ദേഹത്തിന്റെ വെറുംപേരു പല ഉദ്യോഗസ്ഥകവാടങ്ങളെയും നിഷ്പ്രയാസം തുറപ്പിക്കുന്നതിനുള്ള ഓപ്പൺസെസാമി (Open Sesame) മന്ത്രമായിട്ടുപയോഗിക്കുവാൻ സൌകൎയ്യമുണ്ടെന്നൊരു മെച്ചംകൂടിയുണ്ടു്. ഈ മന്ത്രം അറബിക്കഥകളിൽ കള്ളന്മാർ അവരുടെ കവർച്ചദ്രവ്യങ്ങൾ സൂക്ഷിച്ചിരുന്ന മലകളിലെ ഭണ്ഡാരപ്പുരയുടെ വാതൽതുറക്കുന്നതിനു് ഉപയോഗിച്ചുപോന്ന അൎത്ഥശൂന്യമായതും എന്നാൽ ശക്തിയേറിയതുമായ ഒരു മഹാമന്ത്രമാണു്. എന്തിനധികം പറയുന്നു. അതിദീൎഘമായ ഒരുകഥ നിഷ്കരുണം വെട്ടിക്കുറയ്ക്കുന്നതായാൽ, പുതുദമ്പതികൾ പൂൎണ്ണസ്വാതന്ത്ര്യത്തോടുകൂടി ഒരു പുതിയവീട്ടിൽ സഗൗരവംതാമസമുറപ്പിക്കുന്നു.

ഈ ഗൗരവമേറിയ സ്വതന്ത്രതാമസക്കാലത്താണു് ഭാൎയ്യയും ഭൎത്താവും ജീവിതത്തിൽ അന്നുവരെ നിർമ്മിച്ചിട്ടുള്ള മനോരാജ്യക്കോട്ടകൾഎല്ലാം പണി പൂൎത്തിയാക്കി പീരങ്കികൾ നിരത്തുന്നതു്. ഇതിനുമുമ്പു ആഗ്രഹംപോലെ ഭാൎയ്യയുമൊരുമിച്ചു ഒന്നുനാടകംകണ്ടുരസിക്കുവാൻ പോകുന്നതിനോ, കടപ്പുറത്തു് സാവകാശമായി ഒന്നു ഉലാത്തുന്നതിനോ, ധൈൎയ്യമായി നാലു്സിഗററു് വലിക്കുന്നതിനോ, മനംകുളുക്കെ ഒന്നു് ചീട്ടു കളിക്കുന്നതിനോ, ഉറക്കെ ഒരു മൂളിപ്പാട്ടുപാടുന്നതിനെങ്കിലുമോ കുഞ്ചുപിള്ളക്കു് സൗകൎയ്യം കിട്ടിയിരുന്നില്ല. അമ്മുവിനാകട്ടെ കൂട്ടുകാരുമായി സൈ്വരസല്ലാപത്തിനും, വയറുനിറയെ ഒരു ദിവസമെങ്കിലും ഏഷണി പറയുവാനും സഹോദരങ്ങളുടെ പരിഹാസംകൂടാതെ, വിവാഹദിവസം പ്രസൻറുകിട്ടിയ പൗഡറും സെൻറും ഉപയോഗിച്ചു നോക്കുവാനും എല്ലാം ആദ്യമായി ലഭിക്കുന്ന സന്ദൎഭവുമിതുതന്നെയാണു്. ഇതിലെല്ലാം ഉപരിയായി വേറൊരുകാൎയ്യവുമുണ്ടു്. താൻ കുട്ടിയായിരുന്ന ആ കാലംതുടങ്ങി വീട്ടിൽനിൽക്കുന്ന ഭൃത്യവൎഗ്ഗം അമ്മയെ കൊച്ചമ്മയെന്നും അമ്മുവിനെ കുഞ്ഞെന്നും വിളിക്കുന്നതാണു് കേട്ടിട്ടുള്ളതു്. യൗവ്വനം തിങ്ങിക്കയറുന്നതിനു് മുമ്പുവരെ വിവാഹത്തിന്റെ നന്മകളിൽ അമ്മുവിനെസംബന്ധിച്ചിടത്തോളം പ്രഥമസ്ഥാനം അൎഹിച്ചിരുന്നതു്, ഈ വാല്യക്കാരുടെ "കുഞ്ഞു്"വിളിയിൽനിന്നും അമ്മ എത്തിച്ചേൎന്നിരിക്കുന്ന "കൊച്ചമ്മ" പദവിയിലേക്കു് ഒരു പ്രമോഷൻ (കയററം) കിട്ടുമെന്നുള്ളതായിരുന്നു. താരുണ്യാരംഭത്തോടുകൂടി വിവാഹോദ്ദേശങ്ങളിൽ ചില സ്ഥായിയായ മാററങ്ങൾ വന്നുകൂടിയെങ്കിലും, 'കുഞ്ഞുസ്ഥാനത്തു്'നിന്നും 'കൊച്ചമ്മ' പദത്തിലേക്കുയരുന്നതിനുള്ള മോഹം, പതിനാലുവയസ്സുള്ള ബാലന്റെ മേൽമീശപ്പിരിക്കുന്നതിനുള്ള മോഹം പോലെ,വൎദ്ധിച്ചുവന്നതേയുള്ളു. മോഹവൎദ്ധനത്തിനനുസരിച്ചു് മോഹപ്രാപ്തി വിദൂരവുമായി തോന്നിത്തുടങ്ങി. സംബന്ധം ഒന്നു കഴിഞ്ഞിരുന്നെങ്കിൽ ഈ കുഞ്ഞെന്നുള്ള അപമാനം അസ്തമിച്ചേനേം. ഇതായിരുന്നുപിന്നീടു്കണ്ട സമാധാനം. ഈ ദുൎമ്മോഹത്തോടുകൂടി വിവാഹദിനം നോക്കിയിരുന്നഅമ്മു വിവാഹാനന്തരവും വീട്ടിലെ പഴയ വാല്യക്കാരുടെയിടയിൽ കുഞ്ഞായിത്തന്നെ കഴിഞ്ഞതേയുള്ളു. അമ്മുക്കുഞ്ഞിന്റെ ആഗ്രഹം എങ്ങനെ ആരാൽസാധിച്ചുഎന്നു് വഴിയെ മനസ്സിലാകും.

---

# ഉ ത്ത ര മി ല്ല.

(വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ)

ഒന്നുനോക്കിയേയുള്ളു ഓമലാളിങ്ങോട്ടന്നാൾ;
എന്നെ ഞാനെന്നിൽക്കാണാതെങ്ങുമേ തിരഞ്ഞുപോയ്!

... ... ... ... ... ... ...

അത്രനിഷ്കളങ്കമെന്നോമലിൻമുഖം മമ
ചിത്തഭിത്തിയിൽ മായാച്ചിത്രമൊന്നർപ്പിച്ചല്ലോ.

'പൌഡ'റിൻതിളക്കമെല്ലാമുഖത്തന്നാൾ കണ്ടതി,ട്ടററ ചാരിത്രത്തിൻ തേഞ്ഞിടാത്തേജസ്സത്രേ!

'സാ—രി'യെന്നാലാപിക്കാനാവാത്തോളവൾക്കൊ,രു
സാരിയുമില്ലില്ലൊട്ടു ശൃംഗാരക്കൊഴുപ്പുമേ.

എന്നാലുമാ രൂപമെന്നുള്ളിനുമുടലിനും
ചന്ദനദ്രവംപൂശും കുളുർചന്ദ്രികതന്നേ!

... ... ... ... ... ...

ആളുകൾപക്ഷെചൊല്ലാം: "ഇത്രവൎണ്ണിപ്പാനെന്താ,
ആവനത്തിലെവെറും പാഴ്നിലാവിനെപ്പററി?"

ഇല്ലെനിക്കതിനൊന്നുമുത്തരം, ആനന്ദത്തിൻ
തള്ളലാൽച്ചെറുതൊന്നു പുഞ്ചിരിക്കൊൾകല്ലാതെ!

---


# കുസുമോത്സവം.

ഗ്രന്ഥകൎത്താ, എസ്സ്. രാമവാൎയ്യർ
ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാൎത്ഥമൂൎത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപാവനതയും എന്തു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വൎണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ.

## കാമകലാസഞ്ചികകൾ

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം. | ,, | 4 |
| വന്ധ്യതയും നിവാരണമാൎഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുൎവ്വഹഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

എഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# കവികളും രാജാക്കന്മാരും.

പി. കെ. പരമേശ്വരൻനായർ ബി. ഏ. കോഴമുക്ക്.

കവികളുടെ ദാരിദ്ര്യവും പാരതന്ത്ര്യവും പണ്ടേ സുപ്രസിദ്ധമാണ്. ലോകജീവിതത്തിൽ ഇത്ര പരാജയം പ്രാപിച്ചിട്ടുള്ള കൂട്ടർ വേറെയില്ല. പരാശ്രയം കൂടാതെ ജീവിച്ചിട്ടുള്ള കവികൾ നന്നെ ചുരുങ്ങും. അവർ ഒരുതരം സ്വപ്നലോകത്തിലാണു സാധാരണ കഴിച്ചുകൂട്ടുന്നത്. ചിലപ്പോൾ ഉണർന്ന് യഥാർത്ഥലോകത്തിൽ വരുമ്പോഴാണ് ക്ഷുൽപിപാസാദികളുടെ കാര്യം ഓർമ്മവരുന്നത്. അപ്പോൾ വല്ല വദാന്യന്മാരും സഹായിച്ചില്ലെങ്കിൽ ഇവരുടെ കാര്യം വലിയ കുഴപ്പത്തിലായി.

ലോകത്തിൽ എവിടെ നോക്കിയാലും കവികളുടെ കഥ ഇങ്ങിനെതന്നെ. പണ്ടു രാജാക്കന്മാരേയും പ്രഭുക്കന്മാരേയും ആശ്രയിച്ചു കഴിഞ്ഞ ഈ കൂട്ടർ ഇപ്പോൾ പ്രസിദ്ധീകരണശാലക്കാരെ ആശ്രയിച്ചുതുടങ്ങിട്ടുണ്ടെന്നൊരു വ്യത്യാസം വന്നുകാണും. എങ്കിലും ഇവരുടെ പരാശ്രയജീവിതത്തിനു അന്നും ഇന്നും വലിയ അന്തരമുണ്ടായിട്ടില്ല. പഴയകാലത്തെ ഏതു സാഹിത്യം പരിശോധിച്ചാലും രാജാക്കന്മാരേയും പ്രഭുക്കളേയും പ്രശംസിച്ചുള്ള ഒരു സാഹിത്യവിഭാഗം കാണാതിരിക്കുകയില്ല. രാജാക്കന്മാർ കവികളുടെതല്ക്കാലജീവിതത്തിനുവേണ്ടസഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു കവികൾ അതിനുപകരം അനശ്വരമായ അവരുടെ കവിതകളിൽക്കൂടി രാജാക്കന്മാരെ നിത്യജീവികളാക്കിത്തീർത്തിരിക്കുന്നു. ഇങ്ങിനെ നോക്കുമ്പോൾ കവികളും രാജാക്കന്മാരും പരസ്പരോപജീവികളാണെന്നു കാണാം. സ്മരണാർഹതയില്ലാത്ത പല രാജാക്കന്മാരും അവരുടെ രാജധാനികളിലുണ്ടായിരുന്ന കവികളുടെ വാഗ്ധോരണിയുടെ ശക്തികൊണ്ടുമാത്രം ജനങ്ങളുടെ നിത്യസ്മരണയ്ക്കു പാത്രമായിട്ടുണ്ട് അനന്തമായ കാലത്തിന്റെ അവിച്ഛിന്നഗതിയിൽ വീരപുരുഷന്മാർപോലും ത്ധടിതിവിസ്മൃതപ്രായരായിപ്പോകുന്നു. എന്നാൽ വശ്യവാക്കുകളായ കവികളുടെ ഗാനവിഷയമായിത്തീർന്നിട്ടുള്ളവർ ചിരംജീവികളാണ്. ഹോമറിന്റെ ഒഡീസിയോ വാല്മീകിയുടെ രാമായണമോ, വ്യാസന്റെ ഭാരതമോ ഇല്ലായിരുന്നുവെങ്കിൽ അവയിലെ ചരിത്രപുരുഷന്മാരുടെ പേരുകൾ വല്ലതും ആരെങ്കിലും ഓർത്തിരിക്കുമായിരുന്നുവോ എന്നു സംശയമാണ്.

‘വല്മീകപ്രഭവേണരാമനൃപതിർ
വ്യാസേനധർമ്മാത്മജോ
വിഖ്യാതഃകിലകാളിദാസകവിനാ
ശ്രീവിക്രമാർക്കോനൃപഃ’

എന്നിങ്ങനെ ഒരുകവി, പേരുകേട്ട രാജാക്കന്മാരുടെയെല്ലാം കീർത്തിക്കു ആലംബനമായിട്ടുള്ളതു് ഓരോമഹാകവികളുടെ സഹായമാണെന്നു പറഞ്ഞിരിക്കുന്നതിൽവളരെ പരമാർത്ഥമുണ്ട്. അതിനാൽ കവി, രാജാവിനേക്കൊണ്ടാണോ അതോ രാജാവു കവിയെക്കൊണ്ടാണോ ഉപജീവിച്ചിട്ടുള്ളതെന്ന കാര്യത്തിൽ വളരെ തർക്കത്തിനവകാശമുള്ളതാകുന്നു.

രാജാക്കന്മാർ കവികളെ പ്രോത്സാഹിപ്പിക്കുന്നവിഷയത്തിൽ ചിലപ്പോൾ വളരെ ലുബ്ധുവിചാരിച്ചിട്ടുണ്ടെങ്കിലും, കവികൾ രാജാക്കന്മാരെ പുകഴ്ത്തുന്ന കാര്യത്തിൽ യാതൊരു ലോഭവും കാണിച്ചിട്ടില്ല. ഭാഷാഭണ്ഡാഗാരത്തിലെസുവർണ്ണപദങ്ങളുംഅലങ്കാരരത്നങ്ങളുംകൊണ്ടു് വിചിത്രമായിനിർമ്മിക്കപ്പെട്ടിട്ടുള്ള പ്രശംസാകവനങ്ങൾ അടിയറവച്ചിട്ടുള്ള മഹാകവികൾക്കുപോലും ലുബ്ധന്മാരായ രാജാക്കന്മാരിൽനിന്നും ചിലപ്പോൾ വളരെ നിരാശാജനകമായി പ്രതിഫലം കിട്ടിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. എങ്കിലും സരസന്മാരായ അനേകംരാജാക്കന്മാർ കവികളിൽ പ്രത്യേകമായഔദാര്യവും വാത്സല്യവും കാണിച്ചിട്ടുമുണ്ട്. ചിലപ്പോൾ ശ്ലോകങ്ങളുടെ എണ്ണമനുസരിച്ചും മററുചിലപ്പോൾ പദങ്ങളുടെ എണ്ണമനുസരിച്ചും സ്വർണ്ണനാണയങ്ങൾ കാട്ടത്തു് കവികളെ പ്രോത്സാഹിപ്പിച്ചിട്ടുള്ള രാജാക്കന്മാരുണ്ട്. സഹൃദയന്മാരായ രാജാക്കന്മാർ കവികൾക്ക് സമ്മാനംകൊടുക്കുന്ന രീതിയിൽതന്നെ ഒരു കവിതാസ്ഫുരണം കാണും. കുചേലവൃത്തം വഞ്ചിപ്പാട്ടുപാടി കേൾപ്പിച്ച ദരിദ്രനായ രാമപുരത്തുവാര്യർ തിരിച്ചു് സ്വഗൃഹത്തിൽ ചെന്നപ്പോൾ, ദ്വാരകയിൽനിന്നും മടങ്ങിയ കുചേലനുണ്ടായ അനുഭവങ്ങൾതന്നെ ഉണ്ടാകത്തക്കവിധം അദ്ദേഹത്തെ അനുഗ്രഹിച്ച മാർത്താണ്ഡവർമ്മമഹാരാജാവിന്റെ മനോധർമ്മത്തേയും സഹൃദയത്വത്തേയും എത്രകണ്ടു് പുകഴ്ത്തിയാലും അധികമാകുന്നതല്ലല്ലോ.

ഭോജരാജസദസ്സിനെ അനുസ്മരിപ്പിക്കുന്ന വിദ്വൽസദസ്സുകൾ കേരളത്തിലും കുറവല്ലായിരുന്നു. സാമൂതിരിയുടെ പതിനെട്ടര കവികൾ അടങ്ങിയ സദസ്സും, തിരുവിതാംകൂറിൽ കാർത്തികതിരുനാൾ, സ്വാതി തിരുനാൾ എന്നീ മഹാരാജാക്കന്മാരുടെ സാഹിത്യസദസ്സുകളും, കേരളത്തിൽ രാജാക്കന്മാർ കവികളെ പ്രോത്സാഹിപ്പിച്ചിരുന്നതിന്റെ രണ്ടുദാഹരണങ്ങൾ മാത്രമാണു - ഇപ്രകാരമുള്ള രാജാക്കന്മാർ കേവലം മുഖസ്തുതിയെ മാത്രം കാംക്ഷിച്ചിരുന്നവരോ, അവരുടെ സദസ്സിലെ കവികൾ വെറും പ്രതിഫലേച്ഛുക്കൾ മാത്രമോ ആയിരുന്നില്ല. രാജാക്കന്മാർ യഥാർത്ഥസഹൃദയന്മാരും കവികൾ അസാമാന്യ വാസനാവൈഭവമുള്ളവരും ആയിരുന്നു. അതിനാൽ അവരുടെ സമ്പർക്കം കേവലം വ്യക്തിപരമായ സംഭവങ്ങൾ മാത്രമായിരുന്നില്ല. മലയാളസാഹിത്യചരിത്രത്തിലെ ചില സുവർണ്ണസംഭവങ്ങളായാണ് അവ പരിണമിച്ചത്. അത്രമാത്രം സാഹിത്യോല്ക്കർഷം ആ കാലങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നു ഭാഷാചരിത്രം പരിശോധിച്ചാൽ കാണാം.

യുദ്ധത്തിൽ കീഴടങ്ങുന്ന രാജ്യത്തിൽ, ശത്രുക്കളുടെ വ്രക്കാണത്തിനു പാത്രമാകാത്ത ഒരു കൂട്ടരുണ്ടെങ്കിൽ അതു രാജധാനിയിലെ കവികൾ മാത്രമാണ്. അവരെ ശത്രുരാജാക്കന്മാർ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അമ്പലപ്പുഴരാജ്യം പിടിച്ചടക്കപ്പെട്ടിട്ടു് കുഞ്ചൻനമ്പ്യാർക്കു യാതൊരു കുഴപ്പവും ഉണ്ടായതായി അറിവില്ല. അമ്പലപ്പുഴനിന്നും മാർത്താണ്ഡവർമ്മമഹാരാജാവു കൊണ്ടുപോയ വിശിഷ്ടസാധനങ്ങളുടെ കൂട്ടത്തിൽ നമ്പ്യാർക്കും ഒരുസ്ഥാനമുണ്ടായിരുന്നു. തിരുവനന്തപുരത്തും നമ്പ്യാർക്ക് രാജപൂജിതമായ ഒരു മാന്യസ്ഥാനമാണുണ്ടായിരുന്നതു്.

“ചെമ്പകനാട്ടിനലങ്കാരഭൂതനാം
തമ്പുരാൻദേവനാരായണസ്വാമി”

എന്നിങ്ങനെ അതുവരെ പാടിക്കൊണ്ടിരുന്ന അദ്ദേഹം

“‘വിക്രമാതിശയങ്ങൾകൊണ്ടരി-
നൃപതിരാജ്യമശേഷവും
ആക്രമിച്ചുടനാകവേപരിപാലനേന
മഹോത്സവം
ശക്രലോകസമാനമാക്കിവരുത്തി
വാണരുളീടിനാൻ
അക്കുലല്യഭുജപ്രതാപനദശഷണ്ണ
നിധിപാത്രമാം”

എന്നിങ്ങനെ വശം മാറി പാടിത്തുടങ്ങിയപ്പോൾ തിരുവിതാംകൂർ മഹാരാജാവിന്റെ കരുണാകടാക്ഷവും അദ്ദേഹത്തിൽ പതിഞ്ഞുകഴിഞ്ഞു. ഇങ്ങനെ ഏതു മഹാപ്രളയത്തിലും നിർബാധം പൊങ്ങിക്കിടക്കുവാൻ സാധിക്കുന്ന ഒരുതരം റബ്ബർപന്തുകളാണ് കുഞ്ചൻനമ്പ്യാരെപ്പോലെയുള്ള കവികൾ. ചെമ്പകനാട്ടിലെ അഷ്ടിയെപ്പററിയുള്ള മഹാരാജാവിന്റെ ചോദ്യത്തിന് ‘പത്രം വിസ്തൃതമത്രതുമ്പമലർ’ എന്നിത്യാദി ശ്ലോകംകൊണ്ടു്, ചെമ്പകശ്ശേരിരാജാവിനോടുള്ള നന്ദി വിടാതേയും, എന്നാൽ തല്ക്കാലത്തെ അന്നദാതാവായമഹാരാജാവിനു അതുകൊണ്ടു തരുവുള്ളക്കേടുവരികയാണെങ്കിൽ വേറെയൊരുവിധം വ്യാഖ്യാനിക്കാവുന്ന മട്ടിലും വിവരം ധരിപ്പിക്കാൻ നമ്പ്യാർക്കു യാതൊരു പ്രയാസവുമില്ലായിരുന്നു. ഇത്ര മനോധർമ്മപ്രസരമുള്ള ജനങ്ങളോടു വിരോധം ഭാവിക്കുവാൻ അരസികന്മാർക്കുപോലും സാധിക്കുകയില്ല.

സാധാരണയാളുകൾക്ക് രാജസന്നിധിയിൽ എത്തിക്കുവാൻപോലും യാതൊരു നിർവ്വാഹവുമില്ലാത്തകാര്യങ്ങൾ കവി നിഷ്പ്രയാസം രാജാവിൽനിന്നും സാധിക്കുന്നു. കുഞ്ചൻനമ്പ്യാരുടെ കയ്യിൽനിന്നും ഒരു പാത്രം താഴെ വീണതു് ‘കൈപ്പിഴവന്നതുകൊണ്ടുള്ള ഗ്രഹപ്പിഴകൊണ്ടാണെ’ന്നു പറഞ്ഞതിന്റെ ഫലമായി അദ്ദേഹത്തിന്റെ ശത്രുവായ കൈപ്പിഴനമ്പൂതിരി രാജധാനിയിൽനിന്നും ഭ്രഷ്ടനായി. ഒരു മുതുക്കിപ്പട്ടരുവിന്റെ അടുക്കൽ ‘ഊണുപക്ഷത്തിലാണോ’ എന്നു ചോദിച്ചതിന്റെ ഫലമായി നമ്പ്യാർക്കു പക്ഷത്തുനിന്നും ഊണ് മാറിക്കിട്ടി. ഇതെല്ലാം സാധാരണക്കാർക്കു, എത്ര പരാത്

കളും ശുപാർശകളുംകൊണ്ടു മാത്രം സാധിക്കുന്ന കാര്യങ്ങളാണ്!

രാജാക്കന്മാരുമായി അത്ര നിരപ്പായിപ്പോകാത്ത കവികളും കുറവല്ല. രാജസേവയെത്തന്നെ നിന്ദ്യമായി ഗണിച്ചിട്ടുള്ള കവികൾ ധാരാളമുണ്ടു്.

"ക്ഷോണീകോണശതാംശപാലനകലാ
ദുർവാരഗർവാനല-
ക്ഷുഭ്യൽക്ഷുദ്രനരേന്ദ്രചാടുരചനം
ധന്യന്നമന്യാമഹേ."

എന്നിങ്ങിനെ രാജസേവയെ ആക്ഷേപിച്ചിട്ടു്, ആ സമയം ഈശ്വരഭജനത്തിനു ചിലവിടുകയാണു ശ്രേഷ്ഠമായിട്ടുള്ളതെന്നു് ഒരു കവി ഘോഷിച്ചിട്ടുണ്ടു് ചില രാജാക്കന്മാരുടെ അജ്ഞതയേയും, ദയയില്ലായ്മയേയും, ലുബ്ധിനേയും കവികൾ ആക്ഷേപിക്കുവാൻ മടിച്ചിട്ടില്ല. രാജാക്കന്മാരുടെ ഖ്യാതിക്കുതന്നെ കവികളാണു് കാരണക്കാരെന്നും അതുകൊണ്ടു് കവികളോടു സൂക്ഷിച്ചുപെരുമാറണമെന്നും ഒരു കവി രാജാവിനെ ഉണർത്തിക്കുന്നതു നോക്കുക.

"ലങ്കാപതേഃസങ്കുചിതംയശോയൽ
യൽപ്രീതിപാത്രം രഘുരാജപുത്രഃ
സസർവ്വമേവാദികവേഃപ്രഭാവാൽ
നകോപനീയാഃക്ഷിതിപൈഃകവീന്ദ്രാഃ"

ലങ്കാപതിയായ രാവണന്റെ യശസ്സിനെ അടിച്ചമർത്തിയതും രാമനെ ജനങ്ങൾക്കു പ്രീതിപാത്രമാക്കിത്തീർത്തതും ആദികവിയായ വാല്മീകിയുടെ പ്രഭാവംകൊണ്ടാണു്. അതുകൊണ്ടു രാജാക്കന്മാർ കവികളെ കോപിപ്പിക്കരുതു് എന്നാണു് ആ കവി രാജാവിനോടുപറയുന്നതു്. ഫെർഡൂസി എന്ന പേർസിയൻകവി, തന്നെ ദാരിദ്ര്യപീഡയിൽനിന്നും രക്ഷിക്കുവാൻ വേണ്ടി രാജസന്നിധിയിൽ സങ്കടം ബോധിപ്പിച്ചിട്ടു് യാതൊരു സഹായവും ലഭിക്കായ്കയാൽ, 'ഷാനാമാ' എന്ന വിശ്വവിശ്രുതമായ തന്റെ കൃതിയിൽ രാജാവിനെ ശക്തിയേറിയ ഭാഷയിൽ ശകാരിച്ചിട്ടുണ്ടു്. ആ രാജാവിന്റെ രാജ്യഭരണവിവരങ്ങളെല്ലാം വിസ്മൃതങ്ങളായിപ്പോയിട്ടും 'ഷാനാമാ'യിൽ അദ്ദേഹത്തിന്റെ യശസ്സിനു വരുത്തിയിട്ടുള്ള മാലിന്യം ഇന്നും നിലനില്ക്കുന്നു കർണ്ണാടകദേശത്തെ ലുബ്ധനും അരസികനുമായ ഒരു രാജാവ് തന്റെ കൊട്ടാരത്തിലേക്കു വരുന്ന ഒരു കവിയെ കണ്ടിട്ടു് ഉപകാരം വല്ലതും ചെയ്യേണ്ടതായിവരുമെന്നുവച്ചു വിഷമിച്ചു് മാറിക്കളയുവാൻ ശ്രമിച്ചു വിവരം മനസ്സിലായ കവി ഉടനെ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണു്.

"മാഗാപ്രത്യുപകാരകാതരധിയാ
വൈവർണ്ണ്യമാകർണ്ണയ
ശ്രീ കർണ്ണാടവസുന്ധരാധിപ!സുധാസിക്താനിസൂക്താനിനഃ
വർണ്ണ്യന്തേകവിഭിഃപയോനിധിസരിൽ
സന്ധ്യാഭ്രവിന്ധ്യാടവീ-
ഝംഝാമാരുതനിർഝരപ്രഭൃതയ
സ്തേഭ്യഃകിമാപ്തംഫലം?"

അല്ലയോ കർണ്ണാടകരാജാവേ, ഉപകാരം ചെയ്യേണ്ടിവരുമെന്നു വിചാരിച്ചു് അങ്ങു് വൈവർണ്ണ്യം പ്രാപിക്കേണ്ട. എന്റെ സുധാസിക്തങ്ങളായവാക്കുകൾ വേണമെങ്കിൽ കേട്ടുകൊൾക. ഞങ്ങൾ (കവികൾ) സാധാരണ സമുദ്രം, സരിത്തു്, സന്ധ്യാകാശം, കൊടുങ്കാറ്റ്, അരുവികൾ മുതലായി പലതിനേയും വർണ്ണിക്കാറുണ്ടു്. അതിൽനിന്നും യാതൊരു പ്രത്യുപകാരവും ലഭിക്കാറുമില്ല അക്കൂട്ടത്തിൽ അങ്ങയെപ്പററിയും വല്ലതും വർണ്ണിച്ചാൽ അതു യാതൊരു പ്രതിഫലത്തിനും ആയിരിക്കുകയില്ല എന്നു സാരം. ഇതിലെ പരിഹാസരസം പ്രശാന്തമാണെങ്കിലും രാജാവിനെസംബന്ധിച്ചിടത്തോളം അതെത്ര നിശിതമാണെന്നുള്ളതു് പറയേണ്ടതില്ലല്ലോ.

ഇങ്ങിനെ രാജാക്കന്മാരെ വികൃതസത്വന്മാരായി അനന്തരപരമ്പരകളുടെ ദൃഷ്ടിയിൽ കാണിച്ചുകൊടുക്കാനും കവികൾ മടിച്ചിട്ടില്ല. ചുരുക്കത്തിൽ യഥാർത്ഥകവിയും രാജാവുമായി പരസ്പരം മൈത്രിയിൽ കഴിയുന്നതാണു് ഇരുകൂട്ടർക്കും മെച്ചമെന്നും അല്ലെങ്കിൽ കവിക്കു തൽക്കാലവും, രാജാവിനു് പില്ക്കാലവും കുറച്ചു കുഴപ്പങ്ങളുണ്ടായേക്കുമെന്നുംഅനുമാനിക്കാവുന്നതാണു്.

# തോണികളി.

മൂത്തിരിങ്ങോട്ടു് ഭവത്രാതൻനംപൂതിരിപ്പാടു്.

( കാകളി )

അന്നൊരുസുന്ദരസായാഹ്നവേളയിൽ
പൊന്നുടലാളായസന്ധ്യാകുമാരിയാൾ
വന്നെത്തി;വാനാംകടലിന്റെവക്കത്തു
കുനിച്ചുമോദേനതോണികളിക്കുവാൻ.
അഞ്ചിതകൗതുകമന്തിത്തുടുപ്പായ
പിഞ്ചിതൾപ്പൂഞ്ചേലതെല്ലൊന്നൊതുക്കിയും
അഞ്ചാംപിറത്തിങ്കളാകുന്നതുവെള്ളി-
വഞ്ചിയിൽകേറിക്കളിപ്പാൻതുടങ്ങിനാൾ
വെൺനുരക്കൂട്ടമായ് കാണായിതപ്പൊഴ-
ച്ചിന്നിപ്പരന്നുള്ളവെൺമുകിൽതുണ്ടുകൾ
അത്തെളിനക്ഷത്രമൊക്കെയുമത്തവ്വിൽ
മുത്തുകളാമ്മാറുമിന്നിസുരുചിരം!

അക്കളികാൺകയാൽതുള്ളിമറികയായ്
ഉൾക്കുളിരേന്തുംചരാചരമാകവെ
പേർത്തുംചിരിച്ചുമലരണിമുല്ലക-
ളാർത്തുവിളിച്ചുനടന്നുവണ്ടിണ്ടകൾ
അമ്പുററകൊററികൾപക്ഷയുഗ്മത്തിനാൽ
വെൺപട്ടുകൈലേസുവീശിതെരുതെരെ.
ചിക്കെന്നുപാറിച്ചിറകടിച്ചുനപാഹം
കൈകൊട്ടിയത്തുള്ളതാലാവലിൻചാതികൾ
തന്തമാവിൻതുന്നാമേറിയമൂങ്ങകൾ
സന്തതം'നന്നൊന്നു'മൂളാൻതുടങ്ങിനാർ
ഓമൽക്കുമുദിനീതന്റെമാത്തട്ടിലായ്
ഓളക്കിടാങ്ങളങ്ങോടിക്കളിക്കയായ്
കോരിത്തരിച്ചിതപ്പുഴിത്തരികളാൽ
ദൈവ്യതുംതികഞ്ഞുള്ളമേദിനിക്കൂടിയും

# ജ്യൗതിഷം.


—:o:—

നിങ്ങളുടെ ഭാവിയെക്കുറിച്ചു് അറിയണമോ?

**'The Kerala Astrological Bureau'**

Quilon, Travancore, S. India.

ശരിയായി അറിയിച്ചുതരും.



# വാർത്താസംഗ്രഹം.

## ലോകം

157 കുട്ടികളോടുകൂടിയ ഒരു പൂച്ചയെ യാക്ക്ഷയറിൽ പ്രദർശിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു

* * *

കിഴക്കേഅറേബ്യയിൽ ഒരു ചെറിയ രാജ്യത്തിലെ രാജാവായ അബ്ദുള്ള ബെൻജാസിം തന്റെ 84 ഭാര്യമാരോടുകൂടി ലണ്ടനിലേക്കു പുറപ്പെടാൻ നിശ്ചയിച്ചിരിക്കുന്നു. ചക്രവർത്തിയുടെ രജതജൂബിലിയിൽ സംബന്ധിക്കാനാണു അവർ പുറപ്പെടുന്നതു്

* * *

ഫ്രാൻസിലെ തൊഴിലില്ലാത്തവക്കു സേറ്ററിന്റെവക വനങ്ങളിൽ ജോലിയുണ്ടാക്കിക്കൊടുക്കുന്നതിനു കർണൽ ആഫ്മിനിസ്റ്റേഴ്സ് നിശ്ചയിച്ചിരിക്കുന്നു. വീണ്ടും വനങ്ങൾ വെച്ചുപിടിപ്പിക്കുക, വനങ്ങളിൽകൂടി റോഡുകളുണ്ടാക്കുക, വനങ്ങൾക്കു അഗ്നിബാധയുണ്ടാകാതെ നിവാരണജോലികൾ ചെയ്യുക മുതലായവയാണു പുതിയ ജോലികൾ ആദ്യം വിവാഹിതരെയും അനന്തരം അവിവാഹിതരെയും ഒടുവിൽ വിദേശികളെയും ജോലിക്കു എടുക്കുന്നതാണു്.

* * *

കഴിഞ്ഞകൊല്ലം ഫെബ്രുവരിയിൽ ഒരു ചെറിയ ഓടത്തിൽ പോളണ്ടിൽനിന്നു പുറപ്പെട്ട ഡാന്യൂബ്പെർത്ത്, ബ്ളാക്ക്സീ, ബോസ്ഫറസ്, ഡാർഡനൽസ്, മാർമോറക്കടൽ യൂഫ്രട്ടീസ് പേർഷ്യൻഉൾക്കടൽ എന്നീവഴി സഞ്ചരിച്ച ഡാ വാക്ലോ കൊറാബീവിക്സ് എന്നയാളും പത്നിയും സിൻഡിൽ എത്തിയിരിക്കുന്നു. മുതലകളുടെയും കടൽക്കള്ളന്മാരുടെയും പല ഉപദ്രവങ്ങൾ ഇവക്കുണ്ടായി. ബർമ്മ ചൈന മുതലായ രാജ്യങ്ങളിലെ നദികളിൽ ഇവർ സഞ്ചരിക്കണമെന്നുദ്ദേശിക്കുന്നു.

* * *

ലൗസ്ടാഫ്ടിലെ ആർബവൽസിന്റെ പുത്രനാണു ലോകത്തിലേക്കുവച്ചു് ഏററവുംവലിയ കുട്ടിയെന്നാണു വിചാരിക്കപ്പെടുന്നതു്. ആ കുട്ടിക്കു ഇത്രവലിയ തൂക്കം എങ്ങനെയുണ്ടായി എന്നു ഡാക്ടറന്മാർ പരിഭ്രമത്തോടെ ആലോചിക്കുന്നു. ജനിച്ചപ്പോൾ ലെസ്ലിക്കു ഏഴുറാത്തൽ തൂക്കമുണ്ടായിരുന്നു. ആറുമാസമായപ്പോൾ അതിന്റെതൂക്കം 30 റാത്തലായി വർദ്ധിച്ചു രണ്ടുവയസ്സുള്ള ഇപ്പോഴോ? ലെസ്ലിക്കു 76 റാത്തൽ തൂക്കമുണ്ടു്. അവനെപ്പററി അവന്റെ അമ്മ പറയുന്നതു ഇങ്ങനെയാണു്. "ഇവനെക്കാൾ നല്ല സ്വഭാവത്തോടുകൂടിയ മറെറാരു കുട്ടിയെ കാണുവാൻ വിഷമമാണു്. അവനു ദേഷ്യംവന്നാൽ എന്നെ ഉതട്ടി താഴത്തിടുവാൻ വേണ്ട ശക്തി അവനുണ്ടു്. ഒരു സിംഹത്തിനെപ്പോലെ അവൻ ശക്തനാണു് ഭാരംകൊണ്ടു മററു കുട്ടികളെപ്പോലെ ലെസ്ലിക്കു ഓടിനടക്കുവാൻ സാധിക്കുന്നില്ല. അവൻ സംപൂർണ്ണആരോഗ്യവാനാണു്. അവൻ നല്ലവണ്ണം ആഹാരംകഴിക്കുന്നു ഇതുവരെ അവനു ഒരു രോഗവുമുണ്ടായിട്ടില്ല. ആശുപത്രിയിൽ ചികിത്സക്കായി അവനെ അയക്കണമെന്നു പലരും പറയുന്നു എന്നാൽ എനിക്കു അവനെ പിരിഞ്ഞിരിക്കുവാൻ നിവൃത്തിയില്ല ലോകത്തിലെ ഏററവുംവലിയ ശിശുവിന്റെ മാതാപിതാക്കന്മാരായിരിക്കുന്നതിൽ എനിക്കും എന്റെ ഭർത്താവിനും അഭിമാനമാണുള്ളതു്

* * * *


ഇന്നു റഷ്യയിൽ ഏററവും സമ്പന്നനായിട്ടുള്ള ആൾ ഒരു ബാങ്കറോ, വ്യവസായശാലകളുടെ ഉടമസ്ഥനോ അല്ല. ഈ അടുത്തകാലംവരെ അജ്ഞാതനായിരുന്ന വാസ്സിലിവാസ്സിലോവിക്ക് എന്ന ഗ്രന്ഥകർത്താവാണു അവിടത്തെ ഏററവും വലിയ ധനവാൻ "വേറൊരുമനുഷ്യന്റെ കുട്ടി" എന്ന ആയാളുടെ പ്രശസ്തമായ പ്രഹസനത്തിൽനിന്നും ആയാൾക്കു പ്രതിവർഷം പത്തുലക്ഷം റൂബിളിൽകൂടുതൽ കിട്ടുന്നതാണു്. ഈ പ്രഹസനം രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള നാടകശാലകളിൽ അഭിനയിച്ചുവരുന്നു. മാസ്ക്കോയിൽതന്നെ ഇതു നാലു വലിയ തിയേററുകളിലും 50 ക്ലബ്ബുകളിലും അഭിനയിച്ചുകഴിഞ്ഞു. നാലുഅങ്കമുള്ള ഒരു പ്രഹസനം അഭിനയിച്ചാൽ അതിൽനിന്നും പിരിഞ്ഞുകിട്ടുന്നതിന്റെ ആറുശതമാനം സോവിയററുനിയമമനുസരിച്ചു ഗ്രന്ഥകർത്താവിനു കിട്ടുന്നതാണു്. അതിലുള്ള ഗവമ്മെണ്ടിന്റെ നികുതിയും കഴിഞ്ഞിട്ടു വേണ്ടത്ര പണംകിട്ടു.. പല പ്രഹസനകർത്താക്കളും ഇപ്പോൾ റഷ്യയിൽഉണ്ടു്. എന്നാൽ ഈ പണം മൂലധനമായി സ്വരൂപിച്ചു അതിൽനിന്നും വീണ്ടും പണമുണ്ടാക്കുന്നതിനു അവരെ അനുവദിക്കുന്നതല്ല. അവക്കു എന്തുസാധനം വേണമെങ്കിലും വാങ്ങി ഉപയോഗിക്കാം. അല്ലെങ്കിൽ ഗവർമ്മെണ്ടുബോണ്ടുകളിൽ നിക്ഷേപിക്കാം അങ്ങനെ നിക്ഷേപിച്ചാൽ അതിൽനിന്നും ആറുശതമാനം പലിശകിട്ടുന്നതാണു്. എന്നാൽ മററു മനുഷ്യരെ ഉപയോഗിച്ചു വേല ചെയ്യിക്കേണ്ട യാതൊരു സംരംഭങ്ങളും തുടങ്ങുവാൻ അവക്കു അനുവാദമില്ല.

* * *

## ഭാരതം.

ചക്രവർത്തിതിരുമനസ്സിലെ രജതജൂബിലിആഘോഷം സംബന്ധിച്ചു പണ്ഡിത ജവഹരിലാലിനെ മറേറതാനും തടവുകാരോടുകൂടി മോചിപ്പിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

* * *



എറണാകുളം രാമവർമ്മഹൈസ്ക്കൂൾ വാർഷികദിനാഘോഷംസംബന്ധിച്ചുനടന്ന പൊതുയോഗം.

അദ്ധ്യക്ഷ—ശ്രീമതി കരിമ്പററലക്ഷ്മിക്കുട്ടി നേത്യാരമ്മയുടെ ഉപക്രമപ്രസംഗം.

Royal Studio, Ernakulam.

രജതജൂബിലിഫണ്ടിലേക്കു ഫാരിദ്കോട്ട് മഹാരാജാവു് 35000 രൂപായും ഉദ്യോഗസ്ഥന്മാരും ജനങ്ങളുംകൂടി 15000 രൂപായും സംഭാവനചെയ്തിരിക്കുന്നു.


* * *

ഘോരകപുരത്തു ഒരു യോഗി നാക്കില്ലാതെതന്നെ യോഗാഭ്യാസത്തെപ്പററി ഒരു വലിയ പ്രസംഗംചെയ്തതുകേട്ടു ആളുകൾ അത്ഭുതപ്പെടുന്നു വെറും സ്പർശനംകൊണ്ടു അദ്ദേഹം ഒരു മുടന്തന്റെ മുടന്തും, വേറെ ഒരുവന്റെകാലിലെ വേദനയും ഭേദപ്പെടുത്തിയിരിക്കുന്നപോൽ മനുഷ്യന്റെമനശ്ശക്തികൊണ്ടുപലതും പ്രവർത്തിക്കാമെന്നു പറയപ്പെടുന്നതു പരമാർത്ഥം മാത്രമാകുന്നു. അങ്ങനെ പ്രവർത്തിക്കുന്നവരെ ദിവ്യന്മാരെന്നു ആളുകൾ ഘോഷിക്കുന്നു.

* * *

കൽക്കത്താസർവ്വകലാശാലയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ബാലികമാക്കു പ്രത്യേകം കരിക്കുലം നടപ്പാക്കുന്ന വൈസ്ചാൻസലരുടെ പ്രമേയം സെനററു അംഗീകരിച്ചിരിക്കുന്നു. സാഹിത്യപരമായ വിഷയങ്ങൾകൂടാതെ സൂചിവേല, സംഗീതം, ചിത്രകല എന്നിവയും കരിക്കുലത്തിൽ ഉൾപ്പെടുന്നു ഇംഗ്ലീഷ് ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്രധാന വർണാക്യൂലറിൽ പരീക്ഷനടത്തുന്നതിനു ഗവർണർ അനുവദിച്ചിരിക്കുന്ന പുതിയ മട്റിക്കുലേഷൻറഗുലേഷൻ അംഗീകരിക്കപ്പെട്ടു. 1939-ൽ ഈമാററങ്ങൾ നടപ്പിൽവരും. വിവിധപരിക്ഷകളിൽ ചേരുന്നതിനു 29 തടങ്കൽപുള്ളികൾക്കു അനുവാദം കൊടുത്തിരിക്കുന്നു.

* * *



കൊച്ചിദിവാൻ മി. സി. ജി. ഹെർബർട്ട് ഐ. സി. എസ്സി-ന് കൊച്ചിയിലെ ഇളമുറരാജാക്കന്മാർ നൽകിയ 'അററ്'ഹോം.

Royal Studio, Ernakulam.

ഒരു ഇന്ത്യൻവൈമാനികനായ മനോഹര ഗോർ ക്രോയിഡനിൽനിന്നു നാഗപ്പൂരുവരെ ഏഴായിരംമൈൽ പറന്നെത്തിയിരിക്കുന്നു

* * *

ചക്രവൎത്തിയുടെ സിൽവർജൂബിലിഫണ്ടിലേക്കു ജിൻഡുമഹാരാജാവു ഇരുപത്തയ്യായിരംരൂപാ സംഭാവനചെയ്തിരിക്കുന്നതായി പ്രസ്താവന ഉണ്ടായിരിക്കുന്നു.

* * *

കൽക്കത്താമേയറായ നളിനിരഞ്ജനസക്കാർ അവിടെ ഒരു പുതിയ ബുദ്ധവിഹാരം ഉൽഘാടനംചെയ്തിരിക്കുന്നു. ഉൽഘാടനത്തിനുമുമ്പു നടത്തിയ ഘോഷയാത്രയിൽ ജപ്പാൻ, സിലോൺ, ബർമ്മാ, ടിബററു്, നീപ്പാൾ എന്നിവിടങ്ങളിലുള്ളവരും സിക്കുകാരും മാർവാറികളും സംബന്ധിച്ചിരുന്നു. ജപ്പാനിലെ ഒരുവലിയ പുരോഹിതനാണു ഘോഷയാത്ര നയിച്ചതു്. ഒരു വെള്ളികാസ്ക്കററിൽ ബുദ്ധന്റെ അവശേഷങ്ങൾ തലയിൽവച്ചുകൊണ്ടു അദ്ദേഹം മുന്നിൽനടന്നിരുന്നു ജപ്പാനിലെ വാദ്യമേളങ്ങളും, ബുദ്ധമതഗാനങ്ങളും തദവസരത്തിൽ കേൾക്കാമായിരുന്നു

* * *

ഈയിടെയുണ്ടായ പ്രളയത്തിനിടയിൽ ആസാമിലെ ഇരുപതിനായിരം അഭയാൎത്ഥികളായ വനിതകളുടെ മാനംരക്ഷിച്ചതിനു ചിക്കാഗോയിലെ വനിതാസംഘം ഡർഭാര ജമിയത്തുസിങ്ങിന്റെ പത്നിയായ ശ്രീമതി അമൃതകൗറിനു ഒരു സ്വൎണ്ണമെഡൽ അഭിനന്ദനസൂചകമായി അയച്ചിരിക്കുന്നു.

* * *

## കേരളം.

ഡൽഹിയിൽനിന്നു തിരിച്ചെഴുന്നള്ളിയ തിരുവിതാംകൂർമഹാരാജാവു തിരുമനസ്സുകൊണ്ടു കുംഭം 17-ാംതീയതി വെള്ളിയാഴ്ച പള്ളിവാസൽ പവ്വർഹൗസിന്റെ ശിലാസ്ഥാപനകൃത്യം നിൎവ്വഹിച്ചിരിക്കുന്നു. ഈ എഴുന്നള്ളത്തിൽ 18-ാംതീയതി ശനിയാഴ്ച തിരുമനസ്സുകൊണ്ടു നേര്യമംഗലം പാലത്തിന്റെ ഉൽഘാടനവും നിർവഹിക്കുകയുണ്ടായി.

* * *

തിരുവിതാംകൂർ ലാക്കാളേജിലെ വജ്രജൂബിലിയാഘോഷം കഴിഞ്ഞയാഴ്ച തിരുവിതാംകൂർദിവാൻ സർ മുഹമ്മദു ഹബീബുള്ളയുടെ അദ്ധ്യക്ഷതയിൽ ആഘോഷപൂൎവ്വം കൊണ്ടാടിയിരിക്കുന്നു.

* * *



എറണാകുളം കോളേജുജൂബിലിസംബന്ധിച്ചു നടത്തിയ തമിഴ്നാടകാഭിനയത്തിലെ അംഗങ്ങൾ.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ലീഗലും കാൺസ്റ്റിറ്റ്യൂഷനലും അഡ്വൈസറായ സർ. സി. പി. രാമസ്വാമിഅയ്യരവർകളുടെ വന്ദ്യവയോവൃദ്ധയായ മാതാവു കഴിഞ്ഞയാഴ്ച മദ്രാസിൽവച്ചു പരലോകപ്രാപ്തയായിരിക്കുന്നു.

* * *

മി ജി കെ. ദേവധാർ അദ്ധ്യക്ഷനായിരുന്ന തിരുവിതാംകൂർ സഹകരണാന്വേഷണക്കമ്മററിയുടെ റിപ്പോർട്ടു ഈ മാസം 13-ാംതീയതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു ഈ റിപ്പോർട്ടിൽ പ്രയോജനകരമായ നിരവധി ശിപാർശകൾ അടങ്ങിയിട്ടുള്ളവിവരം പ്രസ്താവയോഗ്യമാണു്.

* * *

കൊളമ്പുമുതൽ കറാച്ചിവരെയുള്ള സമുദ്രതീരവ്യാപാരം നടത്തുന്നതിനു ദിവാൻ ബഹദൂർ സർ എം. കൃഷ്ണൻനായർ പ്രസിഡണ്ടായി മലബാർ ഷിപ്പിങ്ങ്കമ്പനി എന്ന പേരിൽ ഒരു കപ്പൽവ്യാപാരക്കമ്പനി രൂപവൽക്കരിച്ചിരിക്കുന്നു പ്രാരംഭമായി നാലു സ്റ്റീമറുകൾകൊണ്ടു വ്യാപാരം ആരംഭിക്കുന്ന കമ്പനി, യാത്രക്കാരെ വഹിക്കുന്നതിനും വേണ്ട ഏപ്പാടുകൾ ചെയ്വാനുദ്ദേശിക്കുന്നുണ്ടു്.

* * *

വിഷയവിവരം


പേജു

1. അയാൾ ഒരു മിസ്റ്റിക് കവിയായതു് 4
സി. എസ്സ്. സുബ്രഹ്മണ്യൻപോററി എം. ഏ.
2. മൂന്നുഭരണക്രമങ്ങളുടെ മുഖ്യ മൂല്യങ്ങൾ 5
കെ. രാമകൃഷ്ണൻനായർ ബി. എ.
3. സാമ്പിൾദമ്പതികൾ 7
അച്യു.
4. ഉത്തരമില്ല (കവിത) 8
നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.
5. കവികളുംരാജാക്കന്മാരും 9
പി. കെ. പരമേശ്വരൻനായർ ബി. ഏ.
6. തോണികളി (കവിത) 10
മൂത്തിരിങ്ങോട്ടുഭവത്രാതൻനമ്പൂതിരിപ്പാട്ടു്.
7. വാൎത്താസംഗ്രഹം 11
8. വിമർശനം 13
9. സ്വാമി ജ്ഞാനാനന്ദൻ 16
10. 'ആ കട' 17
വി. എൻ. പരമേശ്വരൻനായർ.
11. ആശോപാലംഭം (കവിത) 17
എൻ. ഗൗരി മേൽകടയ്ക്കാവൂർ.
12. അമ്മയും മകനും (കവിത) 18
കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.
13. എന്റെ സരസ്വതി (കവിത) 18
തൈക്കാട്ടുചന്ദ്രശേഖരൻനായർ.
14. ഭാസൻ 19
ആർ. വിശ്വനാഥൻ.
15. ശ്രീബാസവാചാൎയ്യർ 20
എസ്സ്. എ. പിള്ള ബി. എ.
16. തിരാപ്പുഴി (ചെറുകഥ) 21
ബി. നീലകണ്ഠൻ സിംഗപ്പൂർ.
17. ചൈനയിലെ ആധുനിക വനിതകൾ 23
എൻ. എൻ. നായർ രാ. ഭാ. വിശാരദ്.
18. കൌതുകരംഗം 24
19. പാചകകല 25
എസ്സ്. എം. പിള്ള ചടയമംഗലം.




എറണാകുളം കോളേജുജൂബിലിസംബന്ധിച്ചു് കററിപ്പുറത്തു് മി. കേശവൻനായരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മലയാളനാടകത്തിലെ അംഗങ്ങൾ.

Photos, Royal Studio, Ernakulam.

# മലയാളരാജ്യം.

1110 കുംഭം 20-ാംനു- തിങ്കളാഴ്ച

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഈമാസം 17-ാംതീയതി സായാഹ്നത്തിലെ ശുഭമുഹൂൎത്തത്തിൽ പള്ളിവാസലിലെ 'വൈദ്യുതശക്തിമന്ദിര'ത്തിൻെറ ശിലാസ്ഥാപനം നിൎവ്വഹിച്ചിരിക്കുന്നു. തൻെറ രാജ്യത്തിൻെറ ശോഭനമായ ഭാവിയെക്കുറിച്ചു സൎവ്വദാ പ്രവൃത്തിനിരതനായ തിരുമേനി മംഗലാശംസാപൂൎവ്വം തൃക്കൈകൊണ്ടു സ്ഥാപിച്ച അധിഷ്ഠാനശിലയിന്മേൽ പ്രതിഷ്ഠിതമാകുന്ന ശക്തിമന്ദിരം സഞ്ചയിച്ചു വിതരണംചെയ്യുവാൻ പോകുന്ന വൈദ്യുതശക്തി മനോഹരമായ ഈ രാജ്യത്തു കൃഷിയേയും വ്യവസായങ്ങളേയും സഹായിച്ചു പോഷിപ്പിച്ചു ഇതിനെ പാലും തേനും ഒഴുകുന്ന നാടാക്കി അനശ്വരമായ ഐശ്വൎയ്യത്തെ പ്രദാനംചെയ്യുമെന്നു സമസ്തഹൃദയങ്ങളും പ്രതീക്ഷിക്കുന്നുണ്ടു്


ആ പ്രതീക്ഷ സഫലമായി തീരുമാറാകട്ടെ. 1936 ജൂലൈമാസത്തിനുമുമ്പു പ്രസ്തുത വൈദ്യുതശക്തിവിതരണപദ്ധതി പൂൎണ്ണരൂപത്തിൽ നടപ്പായിതുടങ്ങുന്നതാണെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇന്നു നിലവിലിരിക്കുന്നതും കൂടുതൽ ചെലവുള്ള ശക്തി വിനിയോഗിച്ചുവരുന്നതുമായ വ്യവസായങ്ങൾക്കുമാത്രമാണു പ്രാരംഭഘട്ടത്തിൽ വിദ്യുച്ഛക്തി കൊടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതു്. മന്ദിരത്തിനുസമീപമുള്ള തേയിലവ്യവസായികൾ, ആലപ്പുഴയിലെ കൊപ്രാമില്ലുകാർ, പുഞ്ചകൃഷിക്കാർ എന്നിങ്ങനെ പലൎക്കും പ്രസ്തുതശക്തിയുടെ ആവശ്യം ഗണ്യമായതോതിലുണ്ടു്. ഈ സംസ്ഥാനത്തിൽ പ്രതിവൎഷം ആറായിരംടൺ കടലാസുണ്ടാക്കാനുള്ള അസംസ്കൃതസാധനങ്ങൾ സുലഭമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതിനാൽ പുതുതായി സമാരംഭിക്കുവാൻപോകുന്ന വ്യവസായങ്ങളിൽ കടലാസുവ്യവസായത്തിനു മുഖ്യമായ ഒരു സ്ഥാനമുണ്ടായിരിക്കും. കൃത്രിമവളം ഉണ്ടാക്കുന്നതിനും ഹൈഡ്രോഇലക്ട്രിക്കപൗവർ വിനിയോഗിക്കുവാനുള്ള ആലോചന ഗൗരവമായി നടക്കുന്നു. ഈ പദ്ധതിയുടെ മൂലധനച്ചെലവു ഇൻഡ്യയിൽവച്ചു ഏററവും കുറവായിരിക്കുമെന്നുള്ളതിനാൽ ഈ പദ്ധതിയിൽനിന്നു ലഭിക്കുന്ന വിദ്യുച്ഛക്തിക്കു ഇൻഡ്യയിൽവച്ചു് ഏററവും വിലകുറഞ്ഞിരിക്കുമെന്നും ആശിക്കാവുന്നതാണു്. അസംസ്കൃതസാധനങ്ങൾ സുലഭമായുള്ള ഈ സംസ്ഥാനത്തിൽ ഇപ്രകാരം സുലഭമായിതീരുന്ന വൈദ്യുതശക്തി വ്യവസായങ്ങളെ ആദായകരമാക്കുന്നതും തന്മൂലം പുതിയവ്യവസായങ്ങൾ തുടങ്ങുന്നതിനു പ്രേരകമായിതീരുന്നതും ആണു്. നാല്പതിനായിരത്തിൽപരം ഏക്കർ സ്ഥലത്തു ജലസേചനംചെയ്യുന്ന നദികളുടെ അവസ്ഥാന്തരങ്ങൾ നിമിത്തമുള്ള ദോഷങ്ങളെപ്പോലും പരിഹരിക്കാൻ പദ്ധതി പൎയ്യാപ്തമാകുമെന്നും ആശിക്കപ്പെടുന്നു. ആകപ്പാടെ ഈ വൈദ്യുതശക്തിവിതരണപദ്ധതി കൃഷിയേയും വ്യവസായങ്ങളേയും പോഷിപ്പിച്ചു തിരുവിതാംകൂറിനു നിത്യൈശ്വൎയ്യത്തെയും ശക്തിമന്ദിരത്തിൻെറ അധിഷ്ഠാനശില സ്ഥാപിച്ച മഹാരാജാവു തിരുമനസ്സിലേക്കു നെടുനാൾ ചാരിതാൎത്ഥ്യത്തേയും പ്രദാനംചെയ്യുമാറാകട്ടേ

* * *

കൃഷിപ്രധാനമായ തിരുവിതാംകൂറിനെപ്പോലുള്ള ഒരു രാജ്യത്തു ഗ്രാമോദ്ധാരണപ്രവൎത്തനങ്ങളുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്നു ഇന്നു അറിയാത്തവർ ആരുമില്ല ഗവർമ്മെൻറിനും അതു നല്ലപോലെ ബോദ്ധ്യമായിരിക്കണം എങ്കിലും ഗ്രാമോദ്ധാരണം ഏതുതരത്തിലാണു നടത്തേണ്ടതെന്നും എന്തുപദ്ധതിയാണു കൈക്കൊള്ളേണ്ടതെന്നും ഗവർമ്മെൻറിനു ഒരു രൂപമുള്ളതായി പ്രത്യക്ഷപ്പെട്ടിട്ടില്ല. ഈ സന്ദൎഭത്തിൽ ഈ വിഷയം സംബന്ധിച്ചു സഹകരണാന്വേഷണക്കമ്മററി ചെയ്യുന്ന ശുപാൎശകൾ അത്യന്തം ശ്രദ്ധാൎഹമാകുന്നു. കൃഷി, വ്യവസായം, പൊതുജനാരോഗ്യം, സഹകരണം എന്നീ വകുപ്പുകൾ യോജിച്ചു പ്രവൎത്തിക്കുന്നപക്ഷം വിജയപ്രദമായ ഗ്രാമോദ്ധാരണപ്രവൎത്തനം സാദ്ധ്യമാണെന്നു കമ്മററി ചൂണ്ടിക്കാണിക്കുന്നു. ഏതാനും ഗ്രാമങ്ങളെ തിരഞ്ഞെടുത്തു അവിടെ കൃഷിയുടെ അഭിവൃദ്ധിക്കായി പ്രാഥമികവായ്പസംഘങ്ങളും, മതപരവും സാമുദായികവും ആയ അടിയന്തിരങ്ങൾ ദുൎവ്യയംകൂടാതെ നടത്തുന്നതിനു പരിശീലിപ്പിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനുള്ള സംഘങ്ങളും, മിതവ്യയംചെയ്തു മിച്ചമുണ്ടാക്കാൻ പരിശ്രമിക്കുന്ന സംഘങ്ങളും സ്ഥാപിച്ചു, അവയെല്ലാം പരസ്പരം സംഘടിച്ചു പ്രവൎത്തിക്കുന്നപക്ഷം മഹത്തായ ഫലം ഉണ്ടാകുമെന്നാണു് കമ്മററി ഉൽബോധിപ്പിക്കുന്നതു് കൃഷിയാവശ്യങ്ങൾക്കു വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടു, അല്പമായ മിച്ചം വല്ലതുമുണ്ടായാൽ അതിനെ പ്രയോജനകരമായി നിക്ഷേപിക്കുന്നതിനുള്ള അസൗകൎയ്യം, അടിയന്തിരാദികൾക്കുള്ള ദുൎവ്യയം എന്നിവയാണു ഗ്രാമീണജീവിതത്തെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നു ഗ്രാമപ്രദേശങ്ങളുമായി പരിചയമുള്ളവൎക്കു ബോദ്ധ്യമായിട്ടുള്ളതാണു്. ഈ ദൂഷ്യങ്ങളെ പരിഹരിച്ചു ഗ്രാമീണജീവിതത്തെ ഒരു പുതിയ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കാൻ സഹകരണപ്രസ്ഥാനത്തിനുള്ള കഴിവു അനന്യസാധാരണമാകുന്നു ഇതലേക്കു ഗവർമ്മെൻറു മുതൽ മുടക്കുകയും മററും ചെയ്യേണ്ടതായിട്ടും ഇല്ല. കമ്മററി നിൎദ്ദേശിക്കുന്നതുപോലെ സഹകരണഡിപ്പാർട്ടുമെൻറു് ശരിയായ അന്വേഷണം നടത്തിയശേഷം ഏതാനും മാതൃകാഗ്രാമങ്ങൾ തിരഞ്ഞെടുത്തു പ്രവൎത്തനം ആരംഭിക്കുവാൻ അമാന്തിക്കരുതാത്തതാകുന്നു. പൊതുക്ഷേമത്തിനു വേണ്ടി സംഘടിച്ചുപ്രവൎത്തിക്കുന്നതിനു നിയമാനുസാരമായ ഒരു മാൎഗ്ഗം തുറന്നുകൊടുക്കുകയും നിഷ്കൎഷയോടും അനുഭാവത്തോടും കൂടി അധികൃതന്മാർ അത്തരം പ്രവൎത്തനങ്ങളുടെ മേൽനോട്ടം വഹിക്കയും ചെയ്താൽ അചിരേണ അഭിലഷണീയമായ ഫലം ഉണ്ടാകാതിരിക്കയില്ല.

* * *

ഇന്ത്യയിലെ വാണിജ്യറയിൽപാതകൾക്കു ചെലവിനുസമമായ വരവുണ്ടെന്നും ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതു സൈനികാവശ്യങ്ങൾക്കുള്ള പാതകളിലാണെന്നും ഇന്ത്യാനിയമസഭയുടെ ആലോചനയ്ക്കു വിഷയീഭവിച്ചറയിൽവേബഡ്ജററിൽ തന്നെ കാണുന്നതു റയിൽവേകളെ നിലനിൎത്തിക്കൊണ്ടുപോകുന്നതു ഇൻഡ്യാക്കാരിൽനിന്നുള്ള മുതലെടുപ്പാണെന്നു സ്പഷ്ടമാക്കുന്നുണ്ടു്. ഇന്ത്യാക്കാർ റയിൽവേകളിൽ എണ്ണൂറുകോടി രൂപാ നിക്ഷേപിക്കയും ആണ്ടുതോറും നൂറിൽപരംകോടി രൂപാ മുതലെടുപ്പുണ്ടാക്കിക്കൊടുക്കയും ചെയ്തിരിക്കുന്നു എങ്കിലും റയിൽവേകളുടെ നിയന്ത്രണം ഇന്ത്യാക്കാൎക്കു ലഭിക്കരുതെന്നുള്ള മനഃപൂൎവ്വമായ ഉദ്ദേശത്തോടുകൂടിയാണു് പാർലമെൻറു നിയമമൂലം ഒരു റയിൽവേബോർഡു് രൂപവൽക്കരിച്ചു റയിൽവേകളെ തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ ബ്രിട്ടീഷ ഗവമ്മെൻറു നിശ്ചയിച്ചിരിക്കുന്നതു്. ഈ നയത്തോടുള്ള കഠിനമായ പ്രതിഷേധത്തിൻെറ ഫലമായിട്ടാണു് റയിൽവേബോർഡിനുള്ള ധനാഭ്യൎത്ഥന ഒരു രൂപാ മാത്രമായി അസംബ്ളി വൻപിച്ച ഭൂരിപക്ഷത്തോടെ വെട്ടിക്കുറച്ചതു്. റയിൽവേഭരണത്തെപ്പററിയുള്ള മറെറാരു വലുതായ ആക്ഷേപം ഇന്ത്യാക്കാരോടു കാണിക്കുന്ന ചിററമ്മനയമാകുന്നു. ഉയൎന്ന ഉദ്യോഗങ്ങളിൽ ഭാരതീയൎക്കു തുച്ഛമായ പ്രാതിനിധ്യം മാത്രമേ ലഭിച്ചിട്ടുള്ളു. കൂലിനിരക്കിൽ സൗജന്യങ്ങൾചെയ്തു റയിൽവേകൾ ഇന്ത്യൻവ്യവസായവാണിജ്യാദികൾക്കു മതിയായ അനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നില്ല. റയിൽവേകൾക്കു ആവശ്യമുള്ള സാമാനങ്ങൾക്കായി ആണ്ടുതോറും അസംഖ്യം പണം ബ്രിട്ടീഷ്‌വ്യവസായികൾക്കു കൊടുത്തുകൊണ്ടിരിക്കുന്നു. ഈ നയങ്ങളെപ്പററിയും കേന്ദ്രനിയമസഭയിൽ കഠിനമായ ആക്ഷേപങ്ങൾ ഉണ്ടായി. റയിൽവേകളുടെ മുതലെടുപ്പിൽ വൻപിച്ച ഒരുഭാഗം മൂന്നാംക്ലാസുയാത്രക്കാരിൽനിന്നാണു ലഭിക്കുന്നതെന്നിരുന്നിട്ടും തുച്ഛമായ ആദായം മാത്രം തരുന്ന ഒന്നാംക്ലാസുയാത്രക്കാരുടെ സുഖസൗകൎയ്യാദികൾക്കായി ചെലവാക്കുന്നിടത്തോളം പോലും മൂന്നാംക്ലാസുയാത്രക്കാൎക്കുവേണ്ടി ചെലവാക്കുന്നില്ല. റയിൽവേനയത്തിലും ഭരണത്തിലും ഉള്ള ഈ മാതിരി ദൂഷ്യങ്ങൾ നീങ്ങുകയും റയിൽവേകൾ സാമന്യജനങ്ങളുടെ സുഖസൗകൎയ്യാദികൾക്കും ഇന്ത്യൻവ്യവസായവാണിജ്യാദികളുടെ അഭിവൃദ്ധിക്കും പ്രയോജകീഭവിക്കയും ചെയ്യണമെങ്കിൽ റയിൽവേകളുടെ മേലുള്ള അധികാരം ഇന്ത്യൻപാർലമെൻറിൽ തന്നെ നിക്ഷിപ്തമാകയും പൊതുജനാഭിപ്രായത്തോടു ഉത്തരവാദിത്വപൂൎവ്വം നിൎവ്വഹിക്കപ്പെടുകയും ചെയ്യണം. റയിൽവേബഡ്ജററിനെപ്പററിയുള്ള വിമൎശനങ്ങൾക്കിടയിൽ കേന്ദ്രനിയമസഭയിൽ അനുദ്യോഗസ്ഥാംഗങ്ങൾ നേടിയിരിക്കുന്ന വൻപിച്ച വിജയങ്ങൾ ഈ ആവശ്യത്തിൻെറ ഫലം മാത്രമാണു്.



ലോസ് ഏൻജലസ്സിലെ വിനോദപ്രദർശനവസ്തുനിർമ്മാതാവായ ഫ്രെഡ് ഡബ്ള്യു ടെംപിൾഎന്ന എൻജിനീയർ നിർമ്മിച്ച 'പച്ചക്കുതിരയും ചീവീടും'ആണ് ചിത്രത്തിൽ കാണുന്നതു്. ആറടിപൊക്കമുള്ള പച്ചക്കുതിര വീണയും മൂന്നടിപൊക്കം വരുന്ന ചീവീട് ഫിഡ്ഡിലും വായിക്കുന്നു. വൈദ്യുതശക്തികൊണ്ടാണ് ഈ പ്രവൎത്തനം സാധിച്ചിരിക്കുന്നതു്. ചലനത്തിനനുരൂപമായ ശബ്ദം ജനിപ്പിക്കുന്നതും പ്രസ്തുതശക്തിതന്നെ.

U. P. S.




മെക്സിക്കോയിലെ പ്രസിഡണ്ടും ഈയിട നിയമിതമായ കാബിനററിലെ അംഗങ്ങളും മുന്നണിയിൽ മദ്ധ്യത്തിലായി ഇരിക്കുന്നതാണ് പ്രസിഡണ്ടു് കാർഡെനാസ്.

U. P. S.




മെൽബോൺശതവത്സരാഘോഷംസംബന്ധിച്ചുനടന്ന 'ചാമ്പ്യൻഷിപ്പ് മാച്ചി'ലെ ഫോണറംബിൾമെയ്സ്കൽ സ്കോട്ട് എന്ന വിദഗ്ദ്ധൻ. ഇദ്ദേഹം ഇംഗ്ലീഷുകാരനാണ്. N. I. A



അമേരിക്കൻപ്രസിഡണ്ട് റൂസ്‌വെൽററും കാബിനററുദ്യോഗസ്ഥന്മാരും. ഇടത്തുനിന്നും വലത്തോട്ട് യഥാക്രമം വൈസ് പ്രസിഡണ്ട് ഗാർണർപ്രസിഡണ്ട് റൂസ്‌വെൽററ്, അദ്ദേഹത്തിൻെറ പത്നി, കൃഷികാര്യദർശി,വാലസ്,ധനകാ ര്യദർശി മോർഗ്ഗന്തൗ, സെക്രട്ടറി ആഫ് സ്റ്റേററ് ഹംം, എന്നിവരാണ് നില്ക്കുന്നതു്. മി. റൂസ്‌വെൽററു [illegible] ജാർജ്ജിയായിൽനിന്ന് മടങ്ങി തലസ്ഥാനനഗരത്തിലെത്തിയ അവസരത്തിലെടുത്ത ചിത്രം. U. P. S.

# സ്വാമി ജ്ഞാനാനന്ദൻ.

വളരെനാൾ ഹിമവൽപാർശ്വങ്ങളിൽ ആത്മസിദ്ധിക്കായി തപസ്സുചെയ്തു് ഇപ്പോൾ സ്വദേശമായ തിരുവിതാംകൂറിൽ മടങ്ങിയെത്തി വക്കലവിശ്രമിച്ചു് അനേകംരോഗികൾക്കു് വൈദ്യോപദേശം ചെയ്തുവരുന്ന സ്വാമി ജ്ഞാനാനന്ദനെക്കുറിച്ചു് ഭക്തൻ കുന്നല്ലൂർ പത്മനാഭപിള്ള അവർകൾ ഇപ്രകാരം എഴുതുന്നു.




ധന്യശ്രീഹിമവൽഗുഹാശ്രമതലേത്രിംശദ്വൽമത്യുഗ്രമാ-
യുന്നിദ്രാത്മതപസ്സുചെയ്തുമുനിസംസദൈ്യകസമ്പത്തിനാൽ
മിന്നുംപ്രാഭവമാർന്നുനാട്ടിലടനം ചെയ്തിട്ടുപൂർവാശ്രമം
തന്നിൽ പോം വഴിയത്രവന്നമനുജാകാരം മുനീന്ദ്രംഭജേ. 1

ജ്ഞാനാനന്ദപവിത്രനാമമിയലും രൂപത്തെയീക്ഷിക്കുവാൻ
ധ്യാനം ചെയ്തുവസിച്ചിരുന്ന സമയം കാണായികുണ്ടേതരം.
ജ്ഞാനാത്മാവിനു ജന്മഭൂമിതിരുവട്ടാറെന്നു മിംഗ്ലീഷിലും
സ്ഥാനംചേർന്നു പരീക്ഷപെററുവിജയാൽഡാക്ടരെന്നുംശ്രുതം. 2

ചെറുദ്യോഗഭിഷക്വരൻെറ നയനൈപുണ്യംനയിച്ചെങ്കിലും
മുററും ജ്ഞാനനിലയുള്ളബുദ്ധിമുഴകും പാണ്ഡിത്യമുണ്ടാകയാൽ
മറെറല്ലാം സ്വയമേവെടിഞ്ഞുമഹിതജ്ഞാനൈകനിഷ്ഠാപരൻ
ചുററിബ്ഭൂതലപുണ്യഭൂമി ഹിമവൽസ്ഥാനാന്തരംപൂകിനാൻ. 3

തൽക്കാലത്തുതനിക്കു സൽഗുരുലഭിച്ചാനന്ദവുംജ്ഞാനവും
മുഖ്യപ്പെട്ടുടലാർന്നിരിച്ചുഗുരുവോടേകാന്തമായേറെനാൾ
സഖ്യത്താൽ ഗിരികന്ദരത്തിൽ മരുവീട്ടിക്കാലമിബ്ഭൂമിയിൽ
പ്രഖ്യാതാടനമാർന്നു, നമ്മുടെമഹാഭാഗ്യോദയപ്രാഭവാൽ. . 4

തുച്ഛം പച്ചിലകാകിഴങ്ങിവതപോവൃത്തിക്കുതൻഭക്ഷണം
മെച്ചത്തിൽ പരിശീലമാക്കിമെലിവാം ഗാത്രംപുലത്തിസ്സദാ
ഇഛാദ്യങ്ങൾക്കററിനിത്യയമിയായ്നിർദ്വന്ദ്വനായ്നിർഭയം
സ്വച്ഛാനന്ദമിയന്നമൂർത്തിയരുളീടുന്നൂസദാദർശനം. 5

നിഷ്കാമൻമുനിനിരിഷ്ക്രമിക്കുമിടമേതെന്നാലുമങ്ങൊക്കെയും
മുക്കാലുംപലരോഗശാന്തികരുതീട്ടെത്തുന്നുമർത്ത്യാവലി
നോക്കിക്കണ്ടതുളുംമരുന്നുവഴിപോൽ സേവിച്ചിട്ടുംരോഗികൾ
ക്കൊക്കെസ്സൗഖ്യമുദിച്ചിടുന്നതുനിനച്ചെന്നാകിലത്യത്ഭുതം. 6

ഭ്രാന്തുംബാധയുമെന്നുവേണ്ടവിവിധം രോഗങ്ങളേതാകിലും
ശാന്തംചെയ്യുതിനുള്ള സിദ്ധികളിയാടുന്നൊണ്ടുതൽസന്നിധൌ
എന്താൾക്കൂട്ടമതൊന്നുകൊണ്ടുപലദിക്കിനും വരുന്നോർകളും
ശാന്താനന്ദമിയന്നിടുന്നു ചിലവൊന്നുംവേണ്ടയെന്നുള്ളതിൽ. 7

അൻപത്തെട്ടുവയസ്സുതോന്നുമവധൂതേന്ദ്രൻെറകോലംമുറ
ക്കൻപേററുംശിവഭക്തരിൽ ശിവമയംതോന്നിച്ചിടും;കൃഷ്ണനായ്
എൻനേത്രത്തിൽവിളങ്ങിടുന്നു ഭഗവൽസാന്നിദ്ധ്യമൊന്നാണിദം
സംഭാവ്യങ്ങളശേഷമെന്നുകരുതിത്തൻപാദപത്മംശ്രയേ. 8

ജ്ഞാനാനന്ദപദപ്രകാശമതുമാത്രംമിത്രതുല്യാഭമായ്
ത്താനേതന്നിലുദിച്ചുയന്നുവിലയംകൈവന്നുമൈവിട്ടിടാൻ
ജ്ഞാനാനന്ദകൃപാകണംപൊഴിയണം ദൃക്ദൃശ്യഭേദംവിനാ
താനായ്ത്തീർന്നുവിളങ്ങിസമ്മിളിതമാം സത്തായിവത്തിക്കണം 9

ജ്ഞാനാനന്ദമിതെന്നനാമമുരുവേററുന്നോക്കമാത്മാമൃത-
ജ്ഞാനംകൈത്തലമെത്തുമെന്നനുഭവജ്ഞാനത്തിനാൽ സർവ്വദാ
മൌനപ്പൂംപൊടിപൂണ്ടൊരിമ്മുനിയെമൽ ചിന്താന്തപീഠാന്തരെ
മൌനപ്പൂങ്കുലകാഴ്ചവെച്ചുമണിനാദാന്താലയംപ്രാർത്ഥയെ. 10

വേദാന്തംവേണ്ടതാരാഞ്ഞതിനുടപടിയോരോന്നുനേരായടുത്താ
ലേതോമറെറാന്നുവേണ്ടൂ മനുജനുജനിയാൽ വേണ്ടതുണ്ടായിലാഭം
വേധാവേതാണ്ടനേകം പഴയസുകൃതമൊണ്ടെന്നു കണ്ടിസ്സ്വരൂപം
ജാതംചെയ്യിച്ചതാണെന്നറിയുമറിവുപെററുള്ളവക്കില്ലതർക്കം. 11

വക്കീൽവർഗ്ഗവുമെന്നുവേണ്ടവിവിധോദ്യോഗംവഹിപ്പോരുമ
ങ്ങൊക്കെപ്പാടെ,യതീന്ദ്രനേകമനനംവിഘ്നപ്പെടുത്തുന്നതിൽ
സൌഖ്യക്കേടുനിമിത്തമായിവിടെയും ജ്ഞാനാത്മകൻനിന്നിടാ
വെക്കംപോമതികിംവദന്തികളവായ്ത്തീരേണമേദൈവമേ. 12

ഭേദംജാതിമതാദിഭിന്നതതകത്തീടും മുനിപ്രൌഢനോ
ടേതാണ്ടിജ്ജനസംകടം ചെറുതുണർത്തിച്ചേൻ ഘൃണക്കായിഞാൻ
സാധോർവൃത്തമതത്രയുള്ള ജനതയ്ക്കൊന്നേകി, നന്നായ്പുരം-
ചേതസ്സേററിയനുഗ്രഹിച്ചരുളുവാൻ നിത്യംമുദാപ്രാർത്ഥയേ. 13

# "ആ കുട."

വി. ആർ. പരമേശ്വരൻനായർ.

[Douglas Jerrold എന്ന സാഹിത്യകാരൻ എഴുതിയിട്ടുള്ള "Mrs. Candlis Curtain Lectures" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽനിന്നും അനുകരണരൂപത്തിൽഭാഷാന്തരംചെയ്ത ഒരു ഭാഗമാണ് താഴെ ഉദ്ധരിച്ചിരിക്കുന്നതു്.

ജോബ്കോഡിൽ എന്ന ഒരു ലണ്ടൻ കച്ചവടക്കാരനു വായാടി (termagant) യായ ഒരു ഭാൎയ്യയുണ്ടായിരുന്നു ദിവസവും രാത്രികാലങ്ങളിൽ ആ സ്ത്രീ ഓരോ നിസ്സാരസംഗതികളെപ്പററി കോഡിലിനെ ശകാരിക്കുക പതിവായിരുന്നു. ഒരു മഴയുള്ള രാത്രി ജോബ്കോഡിൽ തന്റെ കൂട്ടുകാരനു ഒരു കുട കൊടുത്തയച്ചു എന്നതിനെപ്പററി അയാളുടെ ഭാൎയ്യ അയാളെ ശകാരിക്കുന്നഭാഗമാണു് പ്രകൃതം ]

"കൊള്ളാം അയാൾക്കു ആ കുട കൊടുത്തയച്ചതു് വളരെ ഭേഷായി ഇനി വേറെ കുടയൊന്നും ഇല്ലല്ലോ വിഷു കഴിഞ്ഞതിൽപിന്നെ മൂന്നു കുടയായി ഇങ്ങനെ സമ്മാനിക്കുന്നു ഇങ്ങേരെന്താ മിണ്ടാതിരിക്കുന്നതു്. അല്ല! എന്താണു ചെയ്യാൻപോകുന്നതു്. അയാൾ മഴയത്തു നനഞ്ഞുപൊയ്ക്കൊള്ളുമായിരുന്നു. അതിനാൽ ചേതം അയാൾക്കല്ലേ പനിപിടിക്കുന്നതു് അയാൾ ആ കുട കൊണ്ടുപോകുന്നതിലും ഭേദം പനിപിടിച്ചു തുലയുകയായിരുന്നു. എന്താ, മഴ തകൎത്തുപെയ്യുന്നതു്. ഇങ്ങേരു കേൾക്കുന്നില്ലേ? കേൾക്കുന്നില്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. അല്ല ഇപ്പോൾ തിരുവാതിരഞാററുനിലയാണു്. അതിനാൽ ഇരു അടുത്ത ദിവസമെങ്ങും മഴ തോൎന്നുകിട്ടുകയില്ല. ചുമ്മാ വീട്ടിനകത്തു കുത്തിയിരുന്നാൽ മതി- എന്തു്! അയാളിനി ആ കുട തിരിച്ചുതരുമെന്നോ? നല്ലകാൎയ്യമായി. വല്ലവരും കൈയിൽകിട്ടിയ കുട തിരിച്ചുകൊടുക്കുമോ? അങ്ങിനെ ഇതേവരെ കേട്ടിട്ടുണ്ടോ? അതാ ചെവി തുറന്നുകേൾക്കു. മഴ പൊടിപൊടിച്ചു പെയ്യുന്നു. ഇനി കുടയില്ലാതെ എത്രദിവസം കഴിച്ചുകൂട്ടണം.

"കുട്ടികൾ നാളെ എങ്ങിനെയാണു് പള്ളിക്കൂടത്തിൽ പോകുന്നതെന്നിനിക്കറിഞ്ഞാൽ കൊള്ളാം. മഴയത്തു നനഞ്ഞു പോകാൻ ഞാൻ അനുവദിക്കുകയില്ല അല്ലെങ്കിൽ വേണ്ടാ അവർ യാതൊന്നും പഠിക്കാതെ വീട്ടിൽ ഇരുന്നുകൊള്ളട്ടെ. മഴനനഞ്ഞു നടക്കുന്നതിലും നല്ലതതാണു്.

"എന്നാൽ ഇങ്ങേരു ആ കുട കൊടുത്തയച്ചതിന്റെ രഹസ്യം ഇനിക്കറിയാം. നാളെ ഞാൻ അമ്മയുടെ വീട്ടിൽ വിരുന്നിനു പോകുമെന്നു കരുതിയല്ലേ ഇങ്ങേരു എന്നെ അവിടെ വിടാതിരിക്കാൻ മനഃപൂൎവ്വം ചെയ്തതാണു്. ഞാൻ അവിടെ പോകുന്നതു് ഇങ്ങേൎക്കു ഒട്ടും രസിക്കുന്നില്ല. അല്ലേ. വേണ്ട ഒന്നും പറയേണ്ട. മഴയെത്ര കഠിനമായാലും ഞാൻ നാളെ അവിടെ പോകുകതന്നെ ചെയ്യും. എന്തു് വണ്ടിയോ? ഇനിക്കു വണ്ടിയും വേണ്ടാ ഒരു കുന്തവും വേണ്ടാ. അതിനുതക്ക വരവ് എവിടുന്നാണാവോ. അതിനു കൂലികൊടുക്കുന്നതാരാ. ഞാൻ കൊടുക്കുകയില്ല ഇങ്ങേരെക്കൊണ്ടു് അതു കൊടുക്കുവാൻ കെല്പില്ലെന്നും ഇനിക്കറിയാം ഇങ്ങനെ ദാനവുംചെയ്തു് വണ്ടിയും വാങ്ങിച്ചു് ഒടുവിൽ പറമ്പു് പണയത്തിലാകും. കുഞ്ഞുങ്ങൾതെണ്ടും."

"എന്താ മഴപെയ്യുന്നതു് ഇങ്ങേരു കേൾക്കുന്നില്ലേ. പക്ഷേ ഞാനിതൊന്നും വകവെക്കുകയില്ല. ഞാൻ നാളെ തീൎച്ചയായും അമ്മയുടെ വീട്ടിൽ പോകും. മഴ മുഴുവൻ നനയും. പനി പിടിച്ചു ചത്തുകൊള്ളട്ടെ."

"വളരെവിശേഷപ്പെട്ടവസ്ത്രങ്ങളും ഞാൻ നാളെ ധരിക്കും. എന്റെ പട്ടുസാരിയും വേഷ്ടിപുടകയും നനഞ്ഞു് കുഴയും എന്തു് പറഞ്ഞു. അവ ഞാൻ ധരിക്കവേണ്ടന്നോ? ഇല്ല, ഇല്ല; ഞാൻ തീൎച്ചയായും അവതന്നെ അണിയും.

"ഇല്ല, കുടഞാനാരോടും ഇരക്കുകയില്ല. ഇങ്ങേരു് പുതുതായി ഒരുകുട വാങ്ങിക്കയും വേണ്ടാ. പുതിയകുടകൊണ്ടുവന്നാൽ ഞാൻ അതു് തെരുവിലേക്കു വലിച്ചെറിയും. ഇനിക്കു് എന്റെകുടകിട്ടിയേച്ചാൽ മതി. അല്ലെങ്കിൽ എനിക്കു കുടവേണ്ടാ.

"കഴിഞ്ഞ ആഴ്ചയിലാണു് ഞാൻ അതിനു് ഒരു പുതിയ ഉറതയ്പിച്ചു് ഇട്ടതു്. അതിനു ഞാനാ ചക്രംചിലവാക്കിയതു് ഇതറിഞ്ഞിരുന്നെങ്കിൽ വെറുതെ അതിനു് ചക്രം ചിലവഴിക്കുകയില്ലായിരുന്നു. ഇങ്ങേൎക്കു് ഇതൊക്കെ ഒരു രസമാണു്—സുഖമായികിടന്നു് ഉറങ്ങാം. ഈ പാവപ്പെട്ട തള്ളയേയും കുഞ്ഞുങ്ങളേയുംപററി യാതൊരു ചിന്തയുമില്ലല്ലൊ.

"പാവം! കുഞ്ഞുങ്ങൾ. അവർ മഴനനഞ്ഞു് ഒഴുകട്ടെ. അവൎക്കു പള്ളിക്കൂടത്തിൽ പോകാതിരിക്കാമോ? പോയില്ലെങ്കിൽ പഠിത്തംപോകുകയില്ലേ. അവരെ അവരുടെ അച്ഛൻ പഠിപ്പിച്ചോളും! പോരാ അതു് പോരാ, അവർ പള്ളിക്കൂടത്തിൽ പോകണം.

"ഇങ്ങേരു വലിയ കോപക്കാരനാണു്. ഭൂമിദേവിയോളം ക്ഷമാശീലമുള്ള എന്നെ വെറുതെ ക്ഷമയില്ലാത്തവളാക്കി. അവൎക്കു പള്ളിക്കൂടത്തിൽ പോകണം. പനിപിടിക്കുകയാണെങ്കിൽ പിടിക്കട്ടെ— മരിക്കട്ടെ എന്നെ അതിനാരും പഴിക്കുകയില്ല. ഞാൻ അവൎക്കു് കുടവാങ്ങിച്ചുകൊടുക്കുകയില്ല......"

കുറെക്കഴിഞ്ഞപ്പോൾ ഞാൻ ഉറങ്ങിപ്പോയി. ഒടുവിൽകേട്ട വാക്കുകൾ "എന്റെ ആ കുട"എന്നായിരുന്നു.

---

# ആശോപാലംഭം.

എൻ. ഗൗരി മേൽക്കടയ്ക്കാവൂർ.

കരുണാവാരിധേ കൗരവപാഴരിൽ
എന്ന മട്ടു്.

അരുതു - ,വേണ്ട — ,നുരാഗമന്ദസ്മിത-
മരുളിവന്നിട്ടമാശേ!നിന്നാശ്രയം.
അഖിലകാമദഭാവമെഴുംതവ-
മൃദുലസുസ്മിതംകണ്ടുമയങ്ങിഞാൻ.
സുദിനമെത്രയോശോകത്തിലാഴ്ത്തീട്ടു
വിഗതഭാഗ്യയായ പോക്കുന്നുജീവിതം.

* * * *
* * * *

പ്രണയഭാവനയാൻറ-,തവാന്തിക-
മണയുമെന്നെയകന്നുമറയുംനീ.
അരികിൽപിന്നെയുംവന്നുമൃദുസ്മിതം
ചൊരിയുംനീ;യടുത്തെത്തിയാൽമാറിടും
തവപദാനുഗമനാശയാവരു-
മിവളെമട്ടങ്ങുമാറി,ക്കരയിക്കും.
ചകിതചിത്തഞാൻപിന്തിരിഞ്ഞോടുമ്പോ
ളഭിമതദാനഭാവാൽവിളിക്കുംനീ.
നിഹതചിന്തയായ്പിന്നെയുംവന്നാകി-
ലപരമാൎഗ്ഗത്തിലാക്കു മനീയെന്നെ
അവിടെത്തപ്പിതടയുമ്പോൾനിന്നൊച്ച-
യകലെക്കേട്ടുഞാനങ്ങോട്ടുവന്നിടും.
അവിടംനിന്നാഭാവസ്ഥലമായ്ക്കണ്ടോ-
രഗതിഞാനതിസംഭ്രമംപൂണ്ടിടും.

* * *
* * *

ആനാവധിവട്ടമിവിധമമ്പരപ്പിവളിലേററിഭ്രമിപ്പക്കകാരണം,
അരുതു—വേണ്ടനുരാഗമന്ദസ്മിത-
മരുളിവന്നിട്ടമാശേനിന്നാശ്രയം.

---

The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.

P. J. Cherian, Durbar Artist & Photographer (Cochin)

*Managing Proprietor:*

THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.

# അമ്മയും മകനും.

കെ. എൻ. ബാലകൃഷ്ണൻനായർ ബി. എ.

( കാകളി. )

മുററത്തുതൻകളിത്തോഴൻെറമുമ്പിലാ-
ക്കററക്കിടാവുകളിച്ചുനിന്നീടവെ
അന്തികത്തിങ്കലായമ്മയെക്കാൺകയാൽ
കാന്തിത്തഴപ്പുകലൎന്നതദാനനം.
അമ്മണിപ്പൈതൽകളിക്കുന്നവേളയി-
ലമ്മതന്നംബരത്തുമ്പിൽപ്പിടിക്കവെ
ലീലാവിലാസൈകലോലനാംബാലൻെറ
ശ്രീലാസ്യരംഗമാം മേനിതലോടിനാൾ
പേലവമാകുമപ്പിഞ്ചുകരങ്ങളി-
ലേകിനാൾമോദകംമോദംവളൎത്തുവാൻ
ചാരത്തണയുന്ന ചങ്ങാതിതൻമുഖം
പാരംസമീക്ഷിച്ചുനില്ക്കുംകുമാരനെ
മാറോടുചേൎത്തുമുകൎന്നടൻമാതാവു
കൂറോടുരയ്ക്കയാ“യോമനപ്പൈതലേ!
ഒപ്പംകളിക്കുമിപ്പാവത്തിനായിനീ
അപ്പത്തിലല്പംപകുത്തുനൽകീടണം.”
തന്മകൻതന്നുടെസന്മനോഭാവത്തി-
നമ്മയന്നിങ്ങനെസമ്മതംമൂളവെ
അപ്പത്തിലേറിയപങ്കുതൻതോഴനു
ക്ഷിപ്രംകൊടുത്തുകൃതാൎത്ഥനായ്ബാലകൻ
ഓതിനാളപ്പൊഴുതമ്മ,“യെൻകണ്മണീ
പാതിയിൽക്കൂടുതൽദാനംകൊടുക്കയോ?”
മാതാവുതന്മൊഴികേൾക്കെയപ്പൈതലിൻ
ശ്രീതാവുമാനനംമങ്ങിത്തുടങ്ങയായ്;
ചേലോടനുകമ്പയാൎദ്രിച്ചിതക്ഷികൾ;
മേലോട്ടുമെല്ലെച്ചുളിച്ചിതധരവും.
വല്ലായ്മകേറിയപ്പല്ലവമേനിയി-
ലുല്ലാസമില്ലായ്മചെയ്തുപോയെങ്കിലും
ഉള്ളിൽക്കിടന്നുകുഴങ്ങുന്ന ചിന്തകൾ
തള്ളിപ്പുറപ്പെട്ടവാക്കുകളായിദം—
“ഇന്നാളൊരിക്കലെനിക്കുമെന്നിഷ്ടനു-
മൊന്നിച്ചുതാനമ്മചോറുതന്നീലയോ
എന്നുമിവനെയനുജനായെണ്ണണ-
മെന്നമ്മയെന്നോടന്നോതിയതോൎപ്പുഞാൻ
ആകയാലിന്നിതിലേറിയപങ്കുമി-
പ്പാവമാമെന്നനുജന്നുഞാൻനൽകുകിൽ
ശാസിപ്പതെന്തിനാണമ്മയീഞങ്ങളി
ൽദർശിപ്പതെന്തിനാണന്തരമീവിധം?”
ഓമനക്കുട്ടൻെറവാദമിമ്മട്ടിലായ്
കോമളഗീരിൽപൊഴിയുന്നകേൾക്കവെ
അവ്യാജമാനസയായൊരാമാതാവു
ദിവ്യാനുഭൂതിയാൽക്കോൾമയിർക്കൊണ്ടുപോ-
യ്!
അച്ചെറുകണ്ഠത്തിൽനിന്നുനിരൎഗ്ഗളം
നിൎഗ്ഗളിച്ചുള്ളൊരുവേദാന്തവാക്കിനെ
തൽക്ഷണംമാരുതൻപാടിപ്പുകഴ്ത്തവെ
ഇക്ഷിതീദേവിയുംഖേദംമറന്നുപോയ്!

---

# എന്റെ സരസ്വതി.

തൈക്കാട്ടു ചന്ദ്രശേഖരൻനായർ.

ഞാനൽരാവിലൊരുനാളുറക്കത്തി-
നാനന്ദസേവയിലൊന്നുഞെട്ടിടിനേൻ:

വന്നുനാലഞ്ചുകുടമുല്ലമൊട്ടുക-
ളൊന്നിച്ചുചുംബിച്ചിരുന്നുമന്മേനിയിൽ!

തീരേയരിണ്ടുമറയുന്നപൂനിലാ-
വാരാലയയ്ക്കുംനിഴലൊളിയ്ക്കൊപ്പമായ്


ആമണിശ്ശയ്യാലയത്തിലങ്ങററത്തു
ധൂമികയൊന്നുവിറച്ചുനിന്നുതുലോം

നിദ്രതൻനേൎത്തയവനികനീക്കിഞാൻ
വിഭ്രമം ചിന്താപരിധിയിലെത്തവേ,

മന്ദിക്കളഞ്ഞു,വരമരുളാൻകൊതി-
കൊണ്ടുതാനേവരുമെൻെറസരസ്വതി

പഞ്ചമരാഗാഞ്ചിതമരംതര വള-
കൊഞ്ചുംകിലുക്കവും,മെയ്മലർഗന്ധവും

അല്പംരസിക്കുവാൻകിട്ടി—ഞാനെപ്പൊഴും
കല്പനയ്ക്കെത്താത്തൊരാസുഖമേൽക്കുവാൻ!!



ഈ കഴിഞ്ഞകുംഭം 17-ാംതീയതി തിരുവിതാംകൂർമഹാരാജാവുതിരുമനസ്സുകൊണ്ടു് തൃക്കയ്യാൽ ശിലാസ്ഥാപനം നിർവഹിച്ചിരിക്കുന്ന പള്ളിവാസൽ ഹൈഡ്രോ എലക്ട്രിക്ക പവർഹൗസ് പണിയുന്ന സ്ഥലം.

# ഭാസൻ.

ആർ. വിശ്വനാഥൻ

**1913**—വരെ ഭാസൻ സംസ്കൃതസാഹിത്യത്തിൽ ഒരു യഥാർത്ഥ പുരുഷനായിരുന്നില്ല. കാളിദാസപ്രമുഖന്മാരുടെ പ്രകീർത്തനംകൊണ്ടുമാത്രം അധുനാതനന്മാർ അറിഞ്ഞിരുന്ന ഭാസൻ 13 നാടകങ്ങളുടെ കർത്താവായും കവികുലഗുരുവായ കാളിദാസനുകൂടിയും ഉപജീവ്യനായും ഡാക്ടർ ഗണപതിശാസ്ത്രികളുടെ ഗവേഷണഫലമായി പ്രത്യക്ഷപ്പെട്ട പ്രസ്തുത കവിസത്തമന്റെ കാലമേതെന്നോ നാടേതെന്നോ ഖണ്ഡിതമായി ഇന്നും പറവാൻ സാധിക്കുന്നില്ല. കാളിദാസന്റെ പൂർവ്വികനായിരുന്നുവെന്നു സ്ഥാപിക്കാനല്ലാതെ ഭാസന്റെ പ്രാചീനതയെ വെളിപ്പെടുത്തുന്ന മററു നിഷ്കൃഷ്ടമായ തെളിവുകളൊന്നുംതന്നെയില്ല. "പ്രതിമാനാടക"ത്തിലെ പ്രതിമാഗൃഹസന്ദർശനവും മററുംകൊണ്ടു് വിഗ്രഹാരാധന തുടങ്ങിയതിനുശേഷമാണു് ഭാസന്റെ കാലമെന്നു നിർണ്ണയിക്കാം. "ഹീനയാന"ത്തിന്റെ ആവിർഭാവത്തോടുകൂടി ശിലകളിൽ രൂപംകൊത്തി പൂജിക്കയെന്നതു വടക്കെഇൻഡ്യയിൽ സർവ്വസാധാരണമായിതീർന്നു. യവനന്മാരുടെ സാഹചര്യഫലമായി ഗാന്ധാരം തുടങ്ങിയ പ്രദേശങ്ങളിൽ ശിലാപ്രതിമകൾ തന്മയത്വത്തോടെ നിർമ്മിക്കപ്പെട്ടുവന്നിരുന്നു. തന്മൂലം ക്രിസ്ത്വബ്ദം രണ്ടാംശതകത്തിനിടക്കാണു് ഭാസന്റെ കാലമെന്നു പറഞ്ഞാൽ അതു തീരെ അപാകമാകാൻ തരമില്ല. അശ്വഘോഷൻ കനിഷ്കന്റെ കാലത്തു ജീവിച്ചിരുന്ന ഒരു ബുദ്ധകവിയാണു്. "പ്രതിജ്ഞായൗഗന്ധരായണ"ത്തിൽ അശ്വഘോഷന്റെ "ബുദ്ധചരിതം" ഭാസനു സഹായകമായിതീർന്നിട്ടുണ്ടെന്നു വിചാരിക്കാവുന്നതുകൊണ്ടു് അശ്വഘോഷനു് ശേഷമാണു് ഭാസൻ എന്നു അനുമാനിക്കാം. അശ്വഘോഷൻ ക്രിസ്ത്വബ്ദം രണ്ടാംനൂററാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ ജീവിച്ചിരുന്നതുകൊണ്ടു ഭാസൻ രണ്ടാംശതകത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നിരിക്കാം. ഭാസനാടകങ്ങളിലെ ഭരതവാക്യങ്ങളിൽ സാധാരണ "നമ്മുടെ രാജാവ് വിന്ധ്യനോളം അടക്കിഭരിക്കട്ടെ" എന്ന ആശംസ കാണാവുന്നതാണു്. അശോകന്റെ സാമ്രാജ്യസ്ഥാപനത്തിനുശേഷം വളരെക്കാലം കഴിഞ്ഞതുമൂലം അതു ജനസാമാന്യത്തിന്റെ മനസ്സിൽനിന്നു നിശ്ശേഷം മാഞ്ഞുപോയിരുന്നു. അതിനുശേഷം സാമ്രാജ്യസ്ഥാപനം ചെയ്തവർ ഗുപ്തരാജാക്കന്മാരാണു്. കനിഷ്കന്റെ സാമ്രാജ്യം വിന്ധ്യവരെ എത്തിയിരുന്നുമില്ല. തൻമൂലം അക്കാലത്തെ രാജാക്കന്മാരുടെ പരമാതിർത്തി വിന്ധ്യയായി സങ്കല്പിക്കപ്പെട്ടുപോയിരിക്കണം. ഭാസനാടകങ്ങളെല്ലാം ഒരു കേരളീയകവിയുടെ കൃതികളാണെന്നു പറയുന്നവരുടെ അഭിപ്രായത്തിനു് ഒരു പ്രധാനതടസ്സമായി ഈ ഭരതവാക്യങ്ങൾ നില്ക്കുന്നതാണു്. ഒരു കേരളീയരാജാവും വിന്ധ്യയോളം സാമ്രാജ്യവിസ്തൃതി ചെയ്തതായി അറിവില്ല. തെക്കെ ഇൻഡ്യയിൽ ചാലൂക്യന്മാരും ചോളന്മാരും സാമ്രാജ്യവിസ്തൃതി ചെയ്തതുതന്നെ യഥാക്രമം പത്തും പതിനൊന്നുംനൂററാണ്ടുകളിലായിരുന്നുവല്ലൊ.

ഡാക്ടർ ഗണപതിശാസ്ത്രികൾ ഭാസനെ വളരെ പ്രാചീനമനുഷ്യനാക്കാൻ ശ്രമിച്ചുകാണുന്നു. പാണിനിക്കും പൌരാണികനാണു് ഭാസനെന്നാണു അദ്ദേഹത്തിന്റെ വാദം. ഇതിനു ഉപോദ്ബലകമായി അദ്ദേഹം പറയുന്നതിൽ പ്രധാനമായിട്ടുള്ളതു ഭാസനാടകങ്ങളിൽ അപാണിനിയങ്ങളായ പ്രയോഗങ്ങൾ പ്രചുരങ്ങളാണെന്നുള്ളതാണു്. എന്നാൽ അപാണിനീയങ്ങളായപ്രയോഗങ്ങൾ ധാരാളം പില്ക്കാലത്തെ കവികളുടെ കൃതികളിലും കാണുന്നുണ്ടെന്നുള്ള സംഗതി നിർവിവാദമാണല്ലൊ.

> അപ ശബ്ദാസ്ത്രയോ മാഘേ
> ഭാരവേരേകവിംശതിഃ
> അസംഖ്യാ കാളിദാസസ്യ
> വ്യാസസ്യ നമ്മതാം ഗതഃ

എന്ന ശ്ലോകത്തിൽനിന്നും ഇതു ഏററക്കുറെ മനസ്സിലാക്കാം. അതുകൊണ്ടു് ഭാസനെ ഇത്ര പൌരാണികനാക്കാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഗണപതിശാസ്ത്രികളുടെ വാദം മററു പലവിധത്തിലും അസമഞ്ജസമാണു്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ഭാസനെ ചുരുങ്ങിയതു ഏഴാംശതകത്തിലേക്കെങ്കിലും നീക്കേണ്ടിവരും. അപ്പോൾ ഉദയനനും പ്രാചീനനാകും ഭാസൻ. "ചാരുദത്ത"ത്തിലെ ബുദ്ധമതപ്രസ്താവത്തിനും അപ്പോൾ സാംഗത്യമുണ്ടാകയില്ല. പ്രതിമാനാടകത്തിലെ "പ്രതിമാപ്രസ്താവ"ത്തിന്റെ കാര്യം മുൻപെ പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ.

അടുത്തതായിപറവാനുദ്ദേശിക്കുന്നതു് ഭാസനാടകങ്ങൾക്കു കേരളത്തിൽമാത്രമുണ്ടാകാനുള്ള പ്രാചുര്യത്തെസംബന്ധിച്ചാണു്. ഈ കാരണത്തെ അടിസ്ഥാനമാക്കിയും ഭാസനെ കേരളീയനെന്നു് സങ്കല്പിച്ചുകേട്ടിട്ടുണ്ടു്. എന്നാൽ ഇതേ കാരണംകൊണ്ടുതന്നെ ജയദേവനേയും ഒരു കേരളീയനാക്കിത്തീർക്കേണ്ടതല്ലെ എന്നു ന്യായമായി ചോദിക്കാവുന്നതാണു്. "അഷ്ടപദി"ക്കു കേരളത്തിലുണ്ടായിരുന്നതുപോലുള്ള പ്രചാരം വംഗദേശത്തുപോലും ഉണ്ടായിരുന്നുവൊ എന്നു സംശയമാണു്. നംപൂതിരിമാർ ഉത്തരദേശത്തുനിന്നും ക്രിസ്ത്വബ്ദം 4-ാംശതവർഷത്തിനു മുമ്പേതന്നെ ഇവിടെ പ്രവേശിച്ചുകഴിഞ്ഞു. അവരോടുകൂടിത്തന്നെ ഭാസനാടകങ്ങളും കേരളഭൂമിയിൽ പ്രവേശിച്ചു. ഈ നാടകങ്ങൾക്കുള്ള പ്രധാനഗുണം ക്രിയാംശകത്വമാകുന്നു. രംഗത്തിൽ പ്രയുക്തങ്ങളാകാനാണു്, പ്രത്യുത വായിച്ചുരസിക്കുവാനല്ല അവ നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നു് സ്പഷ്ടമാണു്. മഹമ്മദീയാക്രമണത്തോടുകൂടി ഹിന്തുരാജാക്കന്മാരുടെ എണ്ണവും വണ്ണവും കുറയുകയും തൻമൂലം അവരിൽനിന്നും ലഭിച്ചുവന്നിരുന്ന കലാസംബന്ധമായ പ്രോത്സാഹനം ക്ഷയിച്ചുപോകയുംചെയ്തു. ഒടുവിൽ സംസ്കൃതനാടകങ്ങൾ തീരെ രംഗപ്രയുക്തങ്ങളാകാതായി. ഈ പതനത്തിൽ ഭാസനാടകങ്ങൾ വിസ്മൃതങ്ങളാകാതെ തരമില്ലല്ലൊ. കലാരസികന്മാരായ ഇവിടത്തെ ഹിന്ദുരാജാക്കന്മാർ സംസ്കൃതനാടകങ്ങളെ രംഗപ്രയോഗം ചെയ്യിച്ചിരുന്നു. നമ്മുടെ ക്ഷേത്രങ്ങളിലെ ചാക്യാരന്മാർ ഇതു വളരെക്കാലം ഉപയോഗിച്ചുവന്നു. ഇതാണു് കേരളത്തിൽ ഭാസനാടകങ്ങൾക്കുള്ള പ്രചാരഹേതു.

ഭാസന്റെ മിക്കനാടകങ്ങൾക്കും രാമായണമഹാഭാരതങ്ങളിലെ ഉപകഥകളാണു് പ്രധാനവിഷയം. പുരാണങ്ങളെ ഭാസൻ ഒരിക്കലും നിഷ്കർഷയോടെ അനുകരിച്ചുകാണാറില്ല. ചിലസന്ദർഭങ്ങളിൽ വലിയ മാററങ്ങളുംകാണാം. "ബാലചരിത"മാണു് അവതാരപരമായ ഭാസനാടകങ്ങളിൽ വച്ചു ഭംഗിയേറിയതു്. കൃഷ്ണനോടു സംബന്ധിക്കപ്പെട്ടുകിടക്കുന്ന ശൃംഗാരാശയങ്ങൾക്കു ഇതിൽ തീരെപ്രാധാന്യംകൊടുത്തിട്ടില്ല. "വാസുദേവാരാധനം" പ്രചാരത്തിൽ വന്നകാലത്തായിരിക്കണം ഇതെഴുതിട്ടുള്ളതു. ഭാഗവതം, ഹരിവംശം, മുതലായ പുരാണങ്ങൾ വളരെ പില്ക്കാലത്തുണ്ടാക്കപ്പെട്ടിട്ടുള്ളതാണു്. "പ്രതിമാനാടക"ത്തിൽ ഭാസൻ വരുത്തിയിട്ടുള്ള ഭേദഗതികൾ മററു കൃതികളിലെപ്പോലെ ആസ്വാദ്യങ്ങളായിരിക്കുന്നില്ല

ഭാരതത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള നാടകങ്ങളിലാണു് ഭാസന്റെ നിർമ്മാണശക്തി അധികമായി പ്രകാശിക്കുന്നതു്. മദ്ധ്യമവ്യായോഗം, കർണ്ണഭാരതം, ദൂതഘടോൽകചൻ, പഞ്ചരാത്രം, ദൂതവാക്യം, ഊരുഭംഗം, ബാലചരിതംഇവവളരെ പ്രധാനങ്ങളാണു്. അവിമാരകം ഒരു പ്രേമകഥയാണു്. അഭിഷേകനാടകം, പ്രതിമാനാടകം, എന്നിവ രാമായണത്തെ അവലംബിക്കുന്നു. ചാരുദത്തൻ, പ്രതിജ്ഞായൗഗന്ധരായണം, സ്വപ്നവാസവദത്ത, എന്നിനാടകങ്ങൾ ഇതിഹാസപരിധിക്കു വെളിയിൽനിന്നും എടുത്തിട്ടുള്ളവയാണു്.

കഥകളിൽ പ്രയോഗിച്ചിരിക്കുന്ന സ്വാതന്ത്ര്യം ഏറെക്കുറെ ശാസ്ത്രവിധികളെസംബന്ധിച്ചും ഭാസൻ കാണിക്കുന്നുണ്ടു്. "ശക്തിഭദ്ര" മഹാകവിയെപ്പോലെയുദ്ധം മുതലായവരംഗത്തിൽ പ്രകാശിപ്പിക്കുന്നതിലുള്ള ശാസ്ത്രനിഷേധത്തെ ഭാസൻ വകവച്ചിട്ടില്ലെന്നുതോന്നുന്നു. ബാലചരിതത്തിൽതന്നെ ഇതിനു് ഒന്നിലധികം ഉദാഹരണങ്ങളുണ്ടു്.

പിന്നീടു ഭാസനാടകങ്ങളിലുള്ള ഒരു പ്രത്യേകത നാടകങ്ങളുടെ തുടസ്സത്തെപ്പററിയാണു്. ഉപക്രമഭാഗത്തെ സാധാരണ സ്ഥാപനയെന്നാണു് ഇവയിൽ പ്രയോഗിച്ചുകാണുന്നതു്. സാധാരണനാടകങ്ങളിൽ മംഗളശ്ലോകം കഴിഞ്ഞിട്ടു "നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു." എന്നാണു് കാണുക. ഈ നാടകങ്ങളിൽ സൂത്രധാരൻ പ്രവേശിച്ചു മംഗളാശംസ ചെയ്യുന്നു. ഇതുവളരെലളിതമാണു്. മംഗളശ്ലോ

കം മററുനാടകങ്ങളിൽ ആരുചൊല്ലുന്നുവെന്നു് നിശ്ചയമില്ല. അഥവാ ഈ നാടകങ്ങൾ രംഗപ്രയുക്തങ്ങളാകാത്തതുമൂലം ഈ വൈഷമ്യമുണ്ടാകാൻ ഇടവന്നിട്ടില്ലായിരിക്കാം. കവിയുടെപേരോ കാവ്യത്തിന്റെ നാമമോ ഒന്നുംതന്നെ ഈ നാടകങ്ങളുടെ പ്രസ്താവനയിൽ കാണ്മാനില്ല. ഭരതവാക്യവും ശാസ്ത്രനിയമത്തെ അനുസരിച്ചുള്ള.

ഭാസന്റെ കവിതാരീതി "ക്ലാസിക്കൽ" കവികളുടേതിൽനിന്നും വളരെ ഭിന്നമാണ്. ക്രിയാംശത്തെപ്പററി മുമ്പുതന്നെ പറഞ്ഞുവല്ലൊ.

"കവനമഖിലവും വൎണ്ണനാപൂൎണ്ണമല്ലൊ" എന്നാണു് മിക്ക കവികളുടേയും മിഥ്യാബോധവും. ഭാസനാകട്ടെ കഥയുടെ പുരോഗമനത്തിനു് സഹായകങ്ങളല്ലാത്തവൎണ്ണനകളെ പാടെ തിരസ്കരിച്ചിരിക്കുന്നതായിക്കാണുന്നു. ഇതിഹാസങ്ങളിലെ വൎണ്ണനകളുടെ ലാളിത്യവും സ്വാഭാവികതയും ഭാസനാടകങ്ങളിൽ ധാരാളം നിഴലിച്ചിട്ടുണ്ടു്. അനാടകീയങ്ങളായ ദീർഘസമാസങ്ങളും "പഞ്ചരാത്ര"ത്തിലല്ലാതെ ഭാസകൃതികളിൽ കേവലം വിരളമാണു്. കാവ്യകലയിൽ അസാമാന്യ പ്രാവീണ്യംസിദ്ധിച്ച ഒരു തികഞ്ഞ കലാകുശലനായിരുന്നു ഭാസൻ. തന്മൂലം അദ്ദേഹത്തിനു ഇതിഹാസങ്ങളിലെ കവിതാരീതിയെ നാടകീയമാക്കിത്തീൎക്കാൻ സാധിച്ചു. ലളിതങ്ങളായ അലങ്കാരങ്ങളും, മഞ്ജുളങ്ങളായലഘുവാക്യങ്ങളും ഇവ ഭാസകവിതകളുടെ പ്രത്യേകതയാണു്. ശക്തിമത്തായ വികാരങ്ങളെ വൎണ്ണിക്കുന്നതിനും അല്പവാക്കുകൾകൊണ്ടു് ഭാസനു കഴിയും. "വയമായശസാ" എന്നുതുടങ്ങുന്ന പ്രതിമാനാടകപദ്യത്തിൽ ഭരതന്റെ കോപത്തെ ഭംഗിയായി വൎണ്ണിച്ചിരിക്കുന്നതു കാൺക. ചെറിയ അന്യാപദേശങ്ങളോടു ഭാസനുവളരെ ഇഷ്ടമാണു്. "ഒരു സുന്ദരരൂപത്തിനു് എല്ലാം അലങ്കാരംതന്നെ" "ദുഃഖം ഒററയായ വരുകയില്ല" "ഭാഗ്യത്തിനുള്ള വഴിപ്രയാസമേറിയതാണു്" എന്നുംമററുമുള്ള അന്യാപദേശങ്ങളെല്ലാം "അവിമാരകത്തി"ൽകാണാം. തനിക്കധികം ഇഷ്ടമുള്ള ഇത്തരം ലോകതത്വങ്ങളെ ഭാസൻ ആവൎത്തിക്കുന്നതും സാധാരണയാണു്.

ഭാസനെ, കാളിദാസൻ ഒരു പുരാണകവിയായി ആദരിച്ചിരുന്നു. "ശാകുന്തള"ത്തിൽ ഭാസനാടകങ്ങളിലെ ചിലആശയങ്ങളുടെ ഛായകാണാവുന്നതാണു്. പ്രതിമാനാടകത്തിൽ രാമൻ സീതയോടു വൃക്ഷലതാദികളോടു യാത്രപറവാൻ പറയുന്നഭാഗവും, ശാകുന്തളത്തിലെ യാത്രപറയലുംതമ്മിൽ വലുതായ സാമ്യമുണ്ടു്." "നല്ലാകാരമതിന്നലങ്കരണമാമെല്ലാപദാൎത്ഥങ്ങളും." എന്നീ കാളിദാസവചനം ഭാസവചനത്തിൽനിന്നും ഭിന്നമല്ല. പ്രതിമാനാടകത്തിൽ സീത ആശ്രമവൃക്ഷങ്ങളെ നനക്കുന്നതുംശാകുന്തളത്തിലെ സമാനഘട്ടവുംതമ്മിൽ വലുതായ സാമ്യമുണ്ടു്. ശാകുന്തളത്തിലെ ദുൎവാസസ്സിന്റെശാപവും അവിമാരകത്തിലെ ചണ്ഡഭാൎഗ്ഗവശാപവും ഏകദേശം ഒരുപോലെയിരിക്കുന്നു. മററുപലസാമ്യങ്ങളും സൂക്ഷിച്ചാൽ കാണാവുന്നതാണു്.

ഭാസനെ പലകവികളും തെററിധരിച്ചിട്ടുണ്ടു്. ഉദാഹരണമായി രാജശേഖരകവി, ഭാസൻപ്രിയദർശികയുടെ കൎത്താവായിരുന്നു എന്നും തന്റെകവിതകൾ ഹൎഷനു വിററു മൂലം രാജസദസ്സിലെ കവിയാകാൻ സാധിച്ചുവെന്നും "ശാർങ്ഗധരപദ്ധതി"യിൽ പറയുന്നു. ഇതുപോലെയുള്ള തെററിധാരണയാകരുതെ, നമ്മുടെഭാസനെപ്പററിയുള്ള ഇപ്പോഴത്തെ അറിവുംഎന്നു് ഹൃദയപൂർവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.

# ശ്രീബാസവാചാൎയ്യർ.

(എ. എസ്സ്. പിള്ള, ബി. എ. കരുവാററാ)

പാണ്ഡിത്യംകൊണ്ടും, കൌശലംകൊണ്ടും, കുശാഗ്രബുദ്ധികൊണ്ടും, ശാശ്വതമായ കീൎത്തിയെ സമ്പാദിച്ച മഹാന്മാർ വളരെ കുറച്ചുമാത്രമേ കാണുകയുള്ളു. 'ബൽഗാം' ദേശത്തു ജനിച്ച ശ്രീബാസവാചാൎയ്യനെ ദേശകാലാദികളുടെ സീമയെ അതിക്രമിച്ചു് യശസ്വികളായ ശ്രീബുദ്ധൻ, ശ്രീശങ്കരാചാൎയ്യർ, ശ്രീചൈതന്യൻ, തിരുജ്ഞാനസംബന്ധർ, അപ്പർ, ശ്രീരാമാനുജാചാൎയ്യർ മുതലായവരെപ്പോലെ ഒരു ആരാധ്യപുരുഷനായി ഗണിച്ചിരിക്കുന്നതു് കേരളീയരിൽ അല്പം ചിലരേ അറിഞ്ഞിരിക്കാൻ ഇടയുള്ളു എന്നാൽ ഇൻഡ്യാചരിത്രവുമായി നല്ല പരിചയമുള്ള ഏവൎക്കും ശ്രീബാസവന്റെ ചരിത്രം ഏറെക്കുറെ അറിവാൻ കഴിഞ്ഞിരിക്കും.

"പന്ത്രണ്ടാംശതകത്തിനും പതിന്നേഴാം ശതകത്തിനും ഇടക്കു ഭാരതഖണ്ഡം ധൎമ്മവിഷയമായ പലേ ആന്ദോളനങ്ങൾക്കും രംഗഭൂവായിതീൎന്നു. ശ്രീരാമാനുജാചാൎയ്യർ ശ്രീചൈതന്യൻ, ശ്രീബാസവൻ, മധ്വാചാൎയ്യർ, വിദ്യാരണ്യൻ, എന്നിമഹാന്മാരുടെ ആവിർഭാവം ഈ കാലഘട്ടത്തിലായിരുന്നു" ശ്രീബാസവൻ പന്ത്രണ്ടാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ, ബോംബേ പ്രസിഡൻസിയിൽ, ബിജപ്പൂർ ഡിസ്ട്രിക്കിൽ 'ഭഗവതി' പട്ടണത്തിൽ 'മദിരാജനെന്നും' 'മദലാംബികയെന്നും' പേരായ ബ്രാഹ്മണദമ്പതികളുടെ പുത്രനായി ജനിച്ചു. ഇദ്ദേഹത്തിന്റെ ആദ്യനാമം എന്താണെന്നറിയുന്നില്ല. ബാസവൻ എന്നനാമം പിന്നീടു സ്വീകരിച്ചതും അതു് കന്നടഭാഷയിൽ ശിവന്റെ വാഹനമായ കാളയെ വിളിച്ചുവരുന്നതുമാണു്. എട്ടാമത്തെ വയസ്സിൽ ഇദ്ദേഹം ബ്രാഹ്മണൎക്കാവശ്യമായ പൂണൂൽധരിക്കുവാൻ വിസമ്മതിക്കയും ഒരു ശിവഭക്തനെന്നുള്ള പേരിനർഹനായിതീരുകയും ചെയ്തു. ശൈവമതതത്വത്തിൽ തനിക്കു സിദ്ധിച്ച അപാരപാണ്ഡിത്യത്താൽ അദ്ദേഹം, തന്റെ അമ്മാവനും അന്നു കല്യാണപുരം രാജാവിന്റെ മന്ത്രിപദത്തെ അലംകരിച്ചിരുന്നവനുമായ ബലദേവന്റെ ശ്രദ്ധയെ ആകർഷിക്കയും പ്രസ്തുതമന്ത്രി സ്വപുത്രിയായ 'ഗംഗാദേവി'യെ ബാസവന പത്നിയായി കൊടുക്കുകയുംചെയ്തു. അധികം താമസിയാതെ 'ബിജ്ജല'നെന്ന കലച്ചൂരിരാജാവു് കല്യാണപുരം കൈവശപ്പെട്ടത്തി- ആരാജാവു്ബാസവനെ തന്റെ പ്രധാനമന്ത്രിയായി നിയമിക്കുകയുംസഹോദരിയായ നീലലോചനയെ വിവാഹംചെയ്തു കൊടുക്കുകയുംചെയ്തു. ഇതിനുശേഷമാണു് അദ്ദേഹംമതപ്രചരണംആരംഭിച്ചതു്.

ശ്രീബാസവനും അദ്ദേഹത്തിന്റെ അനന്തരവനായ ചന്ദബാസവനുംകൂടി ലിംഗായത്ത (വീരശൈവ) മതത്തെ പുനരുജ്ജീവിപ്പിച്ചു അതിന്റെ അഭിവൃദ്ധിക്കായി പല പ്രചരണവേലകളും ചെയ്തു. ലിംഗായത്തമതഗ്രന്ഥങ്ങളായ ഷട്സ്ഥലവചനം, ഘടചക്രവചനം, രാജയോഗവചനം, കാലജ്ഞാനവചനം, മന്ത്രഗോപ്യം മുതലായ ഗദ്യകൃതികളെല്ലാം ബാസവകൃതങ്ങളായി ഗണിക്കപ്പെടുന്നു. ഇവരുടെ സകലചരിത്രങ്ങളും അഭിപ്രായങ്ങളും 1905-ൽ പൂനായിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ബാസവപുരാണത്തിലും 1851-ൽ മംഗലാപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തിയ ചന്ദബാസവപുരാണത്തിലും സവിസ്തരം വിവരിച്ചിട്ടുണ്ടു്.

ബാസവൻ കലചൂരി രാജാവിന്റെ മന്ത്രി ആയിരുന്നതിനാൽ പ്രസ്തുത മതത്തെ പ്രചരിപ്പിക്കുന്നതിനു നിഷ്പ്രയാസം സാധിച്ചു. എന്നാൽ അധികാരത്തോടുകൂടിയുള്ള മതപ്രചരണം അന്നു പ്രാബല്യത്തിലിരുന്ന ജൈനർ തുടങ്ങിയഇതരമതക്കാൎക്കു ഒരു പ്രതിബന്ധവുംഉപദ്രവവും ആയിത്തീൎന്നു ബിജ്ജലരാജാവുതന്നെ ഒരു ജൈനൻ ആയിരുന്നതിനാൽ അതു് ഒരു വലിയ വഴക്കിനു കാരണമായി- അതിന്റെ ഫലമായി ബിജ്ജലൻ മരിക്കയും ബാസവനും അനന്തിരവനും രക്ഷാൎത്ഥം അപ്രത്യക്ഷരാകയും ചെയ്തു. അവസാനം ബാസവൻ സംഗമേശ്വരത്തുവച്ചു് ഒരു ശിവലിംഗത്തിൽ പ്രവേശിച്ചു മറഞ്ഞുവെന്നും, ചന്ദബാസവൻ ഉത്തരകന്നടത്തിൽ 'ഉൾവി' എന്ന സ്ഥലത്തുവച്ചു സമാധിയടഞ്ഞുവെന്നും പറഞ്ഞുവരുന്നു ഈ രണ്ടുസ്ഥലങ്ങളും വീരശൈവർ പുണ്യസ്ഥലങ്ങളായി ഗണിക്കയും, എല്ലാക്കൊല്ലവും അവിടേക്കു തീൎത്ഥയാത്ര പോകുകയും ചെയ്യാറുണ്ടു്.

ഇവ കൂടാതെ ബാസവചരിതം വിവരിക്കുന്ന രണ്ടു ശിലാലിഖിതങ്ങളും ഈയിടയ്ക്കു കണ്ടുപിടിച്ചിട്ടുണ്ടു്. അവയിൽ ഒന്നു ബാസവന്റെ ജന്മദേശത്തിനടുത്തുള്ള 'മാംഗോള' ഗ്രാമത്തിലെ ഒരു ക്ഷേത്രത്തിലാണു്. ഇതിൽനിന്നും ബിജ്ജലൻ കല്യാണപുരം രാജാവായതു് 1156 ൽ ആണെന്നും പ്രസ്തുത ക്ഷേത്രം പണിയിച്ചതു് ബാസവനാണെന്നും, അദ്ദേഹത്തിന്റെ പിതാവായ മദിരാജൻ ഒരു മഹാപ്രഭുവും ആ ഗ്രാമത്തലവനുമായിരുന്നുവെന്നും തെളിയുന്നു.

ഇപ്രകാരം ബാസവചരിതം വിവരിക്കുന്ന പല ശിലാലേഖനങ്ങളും ഐതിഹ്യങ്ങളും ഉണ്ടെങ്കിലും അവ ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. വീരശൈവമതാനുയായികളെല്ലാം ബാസവനെ ശ്രീപരമേശ്വരന്റെ ഒരു അവതാരമായി ഗണിച്ചു് ഇന്നും ബഹുമാനിക്കുന്നു. ശ്രീശങ്കരാചാൎയ്യർ ആദിയായവരെപ്പോലെ ശ്രീബാസവാചാൎയ്യരേയും ചരിത്രകാരന്മാർ ഗണിച്ചുവരുന്നു.

ചെറുകഥാപംക്തി

# തീരാപ്പുഴി.

ബി. നീലകണ്ഠൻ, സിംഗപ്പൂര്.

കാട്ടുംപുറത്തു് കാത്യായനിപ്പിള്ളകാലത്തെ നിത്യകർമ്മങ്ങളും കഞ്ഞിയുംകഴിഞ്ഞു്, ഇറയത്തുവന്നിരുന്നു് ചെട്ടകംനീക്കിവെച്ച് മുറുക്കികൊണ്ടിരിക്കയായിരുന്നു "എന്തരാണെടീഗൌരിക്കുട്ടി, ആ നാററണെ? നീ അവിടെ അടുപ്പിൻററടുത്തു് എന്തിനാകത്തിരിക്കിന്നെ? ആ പരിപ്പു് കരിഞ്ഞനാററം നിൻെറ മൂക്കിക്കേറില്ല്യൊ? പെണ്ണിതാ കൊറെദോസോണ്ടു് നായരില്ലാതെഞാൻപറയിണില്ല മാതിരിനടക്കണു അവനിന്നുംകാലത്തു് പൊന്നെ, തങ്കം എന്നൊക്കെ വിളിക്കിനകേട്ടല്ലെ. എന്തെടി, നിനക്കെന്തു !"

ആരുരിയാടുന്നു. ഗൌരിക്കുട്ടി ഒന്നും മറുപടിപറഞ്ഞില്ല. അമ്മാവിഅമ്മ അതുതന്നെ ആലോചിച്ചുംകൊണ്ടു അവിടെ ഇരുന്നു. ഒരു പയ്യൻ ഒരു പൊതിയുംകൊണ്ടു വരുന്നതുകണ്ടു്,

"എന്തെരെടാ ചെല്ലപ്പാ അതു്?" എന്നു ചോദിച്ചു് ചിരിച്ചുംകൊണ്ടുവാങ്ങിച്ചു

"കൊച്ചേട്ടൻ ഒരാടുവാങ്ങി വെട്ടി പംകുവെച്ചമ്മെ. ഒരുപംകു് ഇവിടെത്തരാൻതന്നയച്ചു."

"പപ്പുവോ? ചംകു അവിടെ ഇരിക്കിനൊ?"

"ഉണ്ടു്. അങ്ങേരും ഉണ്ടു്. വേറെയുംരണ്ടാളൊരുപാടു്."

ഗൌരിക്കുട്ടി വാതലിൽകൂടി പുറത്തോട്ടു എത്തിനോക്കി. ചെല്ലപ്പനോടു ഗൌരിക്കുട്ടിക്കു ദേഷ്യമാണോ എന്നവനുതോന്നി.

"ഇന്നാപെണ്ണെ, ഇതവിടെകൊണ്ടുകൊണ്ടുവെയ്ക്കിൻ. ഞാൻ ദാവെരുന്നു." അമ്മാവിപറഞ്ഞു.

ഗൌരിക്കുട്ടി ഇറച്ചിയുംകൊണ്ടു അകത്തുപോയി. ചെല്ലപ്പനുംപോയി.

അന്നവിടെ വന്നിരുന്ന മായംകുളത്തുഗോവിന്ദപ്പിള്ളയേയും, കുളത്തുംകരനാരായണപിള്ളയേയും കാത്യായിനിഅമ്മതന്നെ ഊണിനു ക്ഷണിച്ചു.

ക്ഷണിക്കപ്പെട്ടവർ ഉണ്ണാൻതയാറായി യഥാകാലം വന്നുചേർന്നു. ശംകരപ്പിള്ളയും കുളിയൊക്കെക്കഴിഞ്ഞു്, വന്നവരോടു സംസാരിച്ചുംകൊണ്ടിരുന്നു.

അപ്പോൾ, ചെല്ലപ്പൻ ഓടിവന്നു ശംകരപ്പിള്ളയെനോക്കി, "കൊച്ചേട്ടൻ അങ്ങോട്ടുചെല്ലാൻ പറഞ്ഞു". എന്നു പറഞ്ഞു.

"വേറെ വല്ലവരും ഉണ്ടോ അവിടെ?" എന്നു ശംകരപ്പിള്ള ചോദിച്ചു.

"ആരുമില്ല വിശേഷിച്ചു". ചെല്ലപ്പൻഉത്തരം പറഞ്ഞു

"പപ്പു ഒരത്യാവശ്യകാര്യമായിട്ടു വിളിക്കുന്നതാണു്. ഞാനൊന്നങ്ങോട്ടു ചെന്നേച്ചു വരട്ടെ. പത്തുനിമിഷത്തിനകം മടങ്ങിവരാം. അഥവാ താമസിച്ചുപോകുന്നെങ്കിൽ നിങ്ങളെനിക്കുവേണ്ടി കാത്തിരിക്കണ്ടാ." ഊണുകഴിക്കണം. കേട്ടോ". എന്നു് വന്നയരോടും,

"അമ്മേ, പപ്പു ഒരത്യാവശ്യമായിട്ടു എനിക്കാളയച്ചിരിക്കുന്നു. ഞാനൊന്നുപോയേച്ചുവരട്ടെ. വന്നവക്കു ഊണുകൊടുക്കാൻ താമസിക്കണ്ടാ. എനിക്കും ഒരില ഒരററത്തു ഇട്ടേക്കിൻ. ഞാൻ വന്നുണ്ടോളാം- എന്നു അകത്തുചെന്നു്, വിളമ്പാൻതയാറാക്കികൊണ്ടുനിന്ന അമ്മയോടും പറഞ്ഞു

"എടാവെളമ്പിവെച്ച ചോറുംകളഞ്ഞിട്ടു നീ എവടയാ പോണെ."

"ഞാനിതാ വന്നമ്മെ" ശങ്കരപ്പിള്ള ചെല്ലപ്പനൊന്നിച്ചു യാത്രയായി.

ശങ്കരപ്പിള്ള മടങ്ങിവന്നപ്പോൾ അതിഥികൾ രണ്ടാളും ഊണുംകഴിച്ചു തിണ്ണയിൽ വിരിച്ചിരുന്ന പായിൽതന്നെ കിടന്നുറങ്ങുകയായിരുന്നു.

"ഉണ്ണടചംകു. ഞങ്ങൾക്കു ഉണ്ണണമെടാ" എന്നമ്മ പറഞ്ഞു.

"ഇനി ചോറെവിടെ ചെല്ലമമ്മേ. ഇറച്ചിവെയ്ക്കാൻ മിടുമിടുക്കനെല്ലെ, കുററിക്കാട്ടു കുട്ടൻപിള്ള. പപ്പു അയാളെ വരുത്തി ഇറച്ചിക്കറിയുംവെയ്പിച്ചു കുറെ ഒറട്ടിയും ഉണ്ടാക്കിച്ചു. കണ്ടില്ലെ വയറിരിക്കുന്നതു്?" ശങ്കരപ്പിള്ള മറുപടിപറഞ്ഞു

"അമ്മാവി" ഗൌരിക്കുട്ടി കോപവും സങ്കടവും അടക്കാൻകഴിയാതെ പറഞ്ഞു. "കുററിക്കാട്ടു കുട്ടൻപിള്ള ഇന്നു ആ വളപ്പിനകത്തു കാലൂന്നിയിട്ടില്ലെ. ഈയിടെ നാക്കെട്ടുത്തുവളച്ചാൽ ഒരു നേരു പറയുകയില്ല- രാത്രിയായാലുംകൊള്ളാം പകലായാലും കൊള്ളാം വീട്ടിനകത്തിരിപ്പില്ല. എപ്പോൾനോക്കിയാലും പന്തൻപപ്പിൻെറ വീട്ടിൽ കാണാം പന്തൻപപ്പിൻെറ പെണ്ണു്, ആ മധുരക്കൊഴഞ്ചൊത്തിയില്ലെ, ആ ലങ്കാസുന്ദരി അവളാണിന്നവിടത്തെ കുററിക്കാട്ടു കുട്ടൻപിള്ള. നാണവുംഇല്ല, മാനവുംഇല്ല, നാട്ടുകാരൊന്നും പറയുന്നില്ല."

ശങ്കരപ്പിള്ള ഇതുകേട്ടും, ഗൗരിക്കുട്ടിയുടെ കോപംകണ്ടും ഹാ-ഹാ എന്നു പൊട്ടിച്ചിരിച്ചു. മകൻെറ ചിരികണ്ടു അമ്മക്കും ചിരിവന്നതേയുള്ളു. കത്തിയെരിഞ്ഞുനില്ക്കുന്ന തൻെറ പ്രിയതമ ഇനിയും പൊട്ടിപ്പോയേക്കുമെന്നുകണ്ടു്,

"മിണ്ടാതിരിതങ്കം. അപ്പുറത്തു ആളുകൾ കിടക്കുന്നതു കണ്ടില്ലെ? ആളുകളെക്കൊണ്ടനാവശ്യംപറയാതെ."

* * *

അന്നുരാത്രി പതിനൊന്നുമണിസമയം. ശങ്കരപ്പിള്ളയുടെ ഉറക്കറരംഗം. ശങ്കരപ്പിള്ള വന്നപ്പോൾ ഗൗരിക്കുട്ടി വെറുംനിലത്തു കിടക്കുകയായിരുന്നു. പരിശോധനയിൽ ഉറങ്ങുകയല്ലെന്നും കരയുകയാണെന്നും മനസ്സിലായി. ശങ്കരപ്പിള്ള പൊട്ടിച്ചിരിക്കയാണു ചെയ്തതു്.

"എന്തിനീ കള്ളച്ചിരി"

"പോ, മറപ്പെണ്ണേ"!

"മറയ യോ മിടുക്കിയോ എന്നു കണ്ടോളിൻ"

ശങ്കരപ്പിള്ള വീണ്ടും ചിരിച്ചു.

"ചിരിച്ചു തള്ളിക്കളയാമെന്നാണു വിചാരം"

"ഞാനെന്തുവേണം, തങ്കം പറയു."

"തങ്കമായിരുന്നെങ്കിൽ വല്ലവരും ആഭരണമാക്കിയേനെ"

"എനിക്കാഭരണമല്ലേ, നി."

"എന്തിനീ പൂശ്ശാളങ്ങളു്"

"നീ എണീററു് ഇവിടെവന്നു കിടക്കു്"

"എനിക്കിവിടെ കിടന്നാൽമതി"

"ഞാനടിക്കും"

"ഞാൻ മരിക്കും"

"അത്ര ധൈര്യമോ?"

"കണ്ടോളിൻ"

ശങ്കരപ്പിള്ള പിന്നെയുംചിരിച്ചു "എനിക്കുറക്കംവരുന്നു"

"കിടന്നുറങ്ങണം"

"തങ്കം തറയിൽ കിടക്കുമ്പോഴോ?"

"തങ്കത്തിൻററടുത്തു പന്തനുണ്ടു്"

"അങ്ങിനേയോ? ഇതാരറിഞ്ഞു. ഞാനൊന്നു നോക്കട്ടെ"

ശംകരപ്പിള്ള ചെന്നു ഗൌരിക്കുട്ടിയെ കെട്ടി എടുത്തു. ഗൌരിക്കുട്ടി പിടിച്ചും ചാടിയും, അടിച്ചും തള്ളിയും പിടി വിടുവിച്ചു്അവിടത്തന്നെ 'കിട'കൊണ്ടു. ശംകരപ്പിള്ള കട്ടിലിൽ പോയി കിടന്നുറങ്ങി.

* * *

മുറിക്കകത്തുനിന്നും ആരോ പുറത്തിറങ്ങിപ്പോയെന്നു ഗൌരിക്കുട്ടിക്കു തോന്നി. ശംകരപ്പിള്ളയെ കട്ടിലിൽ കണ്ടില്ല. ഗൌരിക്കുട്ടി പതുക്കെ പുറത്തിറങ്ങി. ശംകരപ്പിള്ള പോകുന്നതു ഗൌരിക്കുട്ടിക്കു കാണാമായിരുന്നു പതുക്കെ പിൻതുടർന്നു. പന്തൻപപ്പിൻെറ വീട്ടിലേക്കുതന്നെ യാത്ര. തൻെറ കലഹത്തിൻെറ ഫലമിതോ. രണ്ടുമണിക്കൂർകൂടി ക്ഷമിച്ചിരിക്കാൻ കഴിഞ്ഞില്ലല്ലൊ. താനെന്തിനു് ഇനിയൊരു പെണ്ണായി ജീവിച്ചിരിക്കുന്നു. തൻെറ ജാതിയല്ല. സൌന്ദര്യംകണ്ടു് അത്ര മയങ്ങാനില്ല. ആളുകൾക്കു ഭ്രാന്തെടുത്താൽ ഇടവും വലവും മേലും കീഴും ഉണ്ടോ? അഞ്ചാറു മാസമായിട്ടു കണ്ടും കേട്ടും താൻ സഹിച്ചിരിക്കുന്നില്ലെ? അതാ ശംകരപ്പിള്ള വീട്ടിനകത്തു ചെന്നു കയറുന്നു. കതകിനു തട്ടുന്നു. ഗൌരിക്കുട്ടിയുടെ തല പുകഞ്ഞു. കണ്ണു കാണാൻ വഹ്യാതെ ആയി. അവരുടെ ആനന്ദത്തിനു താനൊരു തടസ്സക്കാരിയായിട്ടു ഇനി മേലിൽ ഇരിക്കുകയില്ല. ഗൌരിക്കുട്ടി തിരിച്ചുനടന്നു; പ്ലാവിള വളവിനകത്തു നടന്നുചെന്നു. ആ വീടു് ആളില്ലാതെ കിടക്കുകയായിരുന്നു. കിണററുവക്കത്തു ചെന്നുകയറി. അവൾ ആ കിണററിനെ അല്ലാതെ മറെറാന്നും കാണുന്നില്ല. തൻെറ സാഹസം മററാരെങ്കിലും കാണുന്നുണ്ടോ എന്നു ഗൌരിക്കുട്ടി നോക്കിയില്ല. അതാ, അവൾ തറവുടുത്തു. കൈ രണ്ടും കൂപ്പി മേൽപ്പോട്ടുനോക്കി പ്രാർത്ഥിച്ചു. വായ്ക്കല്ലുംമേൽ കേറി, അതാ ചാടിക്കഴിഞ്ഞു.

അടുത്തൊരു മാവിൻമൂട്ടിൽ, ആരോ ആൾവരുന്നതു കണ്ടു ഒളിച്ചിരുന്ന പപ്പു കയ്യിലുണ്ടായിരുന്ന കുപ്പികൾ അവിടെ വച്ചിട്ടു ഓടിവന്നു. പപ്പുവിനെ അന്വേഷിച്ചു വന്ന ശംകരപ്പിള്ളയും അവിടെഎത്തി. ആരോകിണററിൽവീണു എന്നു പപ്പു പറഞ്ഞതുകേട്ടു് ശംകരപ്പിള്ളയുടെ മനസ്സിൽ മിന്നൽപിണർ പോലെ ഒരു സംശയംപാഞ്ഞു. രണ്ടുപേരുംകൂടി കിണററിൽ ഇറങ്ങി. വേനൽകാലമായിരുന്നതുകൊണ്ടു് കിണററിൽ വെള്ളം അധികമുണ്ടായിരുന്നില്ല. ആളിനെഎടുത്തു: ജീവനുള്ള ലക്ഷണം കണ്ടില്ല. മുറിവും ചതവും പററിയിരുന്നില്ല. മുകളിൽ കൊണ്ടുവന്നു പുൽതറയിൽകമഴ്ത്തികടത്തി കുടിച്ചവെള്ളം കക്കിപ്പോയി. പിന്നെ, മലർത്തിക്കിടത്തി, കൈരണ്ടും പിടിച്ചു പൊക്കിയും താഴ്ത്തിയും അങ്ങിനെ പത്തിരുപതുപ്രാവശ്യംചെയ്തപ്പോൾ ശ്വാസം വീണതുപോലെ തോന്നി. രണ്ടുപേരുംകൂടി അവിടുന്നു എടുത്തു പറമ്പത്തു പപ്പുവിൻെറ വീട്ടിലേക്കുതന്നെ കൊണ്ടുപോയി. കുപ്പികൾഎടുക്കാൻ പപ്പു മറന്നുപോയില്ല. പപ്പു ഭാർഗ്ഗവിയെവിളിച്ചു. ഗൌരിക്കുട്ടിയുടെ നനഞ്ഞവസ്ത്രങ്ങളൊക്കെമാററി ഭാർഗ്ഗവിയുടെ കട്ടിലിൽകൊണ്ടു കിടത്തി, ഭാർഗ്ഗവിയെ കട്ടിലിനടുത്താക്കി—മുട്ടയും ചാരായവും ചേർത്തു് അടിച്ചു്, ഓമ്മവീഴുമ്പോൾ കൊടുക്കുന്നതിനായി ഭാർഗ്ഗവിയെ ഏല്പിച്ചിട്ടു പുരുഷന്മാർ പുറത്തിറങ്ങി വരാന്തയിൽ ഇരുന്നു.

രണ്ടുമണിസമയം. ചന്ദ്രൻ അസ്തമിച്ചിരുന്നു. നക്ഷത്രങ്ങൾ ആകാശത്തിൽ തെളിഞ്ഞു വിളങ്ങി അകലെ, കടലിൻെറ ഇരപ്പും മഞ്ഞുതുള്ളികൾ തെങ്ങോലകളിലും, പുരപ്പുറത്തും വീഴുന്ന ശബ്ദവുമേ കേട്ടിരുന്നുള്ളു. ശംകരപ്പിള്ളയും പപ്പുവും വെററിലപ്പെട്ടിഎടുത്തുമുറുക്കി മുററത്തു തുപ്പിക്കൊണ്ടു, അന്യോന്യംയാതൊന്നും പറയാതെ, മിണ്ടാതിരുന്നു.

ഭാർഗ്ഗവി കുനിഞ്ഞു, ഗൌരികുട്ടിയുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്നു. ഏകദേശം അരമണിക്കൂർനേരം അങ്ങിനെയിരുന്നു. ഗൌരിക്കുട്ടി കണ്ണുതുറന്നു ഭാർഗ്ഗവിയുടെമുഖത്തുമിഴിച്ചുനോക്കി. ഉച്ഛ്വാഭംഗവും വ്യസനവും ഗൌരിക്കുട്ടിയുടെമുഖത്തുസ്ഫുരിച്ചു അവൾ കണ്ണടച്ചു.

"എൻെറഗൌരിക്കുട്ടി, എൻെറ പൊന്നുട്ടി,"

ഭാർഗവിവാത്സല്യത്തോടുകൂടിവിളിച്ചു. മറുപടിഇല്ല. ഭാർഗവിവീണ്ടും വിളിച്ചു.

"എന്നെ ചാവാൻസമ്മതിച്ചില്ലേ? എനിക്കു ചത്താൽമതി!" ഗൌരിക്കുട്ടി കണ്ണുതുറക്കാതെതന്നെപറഞ്ഞു.

ഗൌരിക്കുട്ടി സാഹസംപ്രവർത്തിക്കാനുള്ള കാരണം ഭാർഗവി ഊഹിച്ചറിഞ്ഞിരുന്നു. ജ്യേഷ്ഠാനുജത്തികളെപോലെ സ്നേഹമായി കഴിഞ്ഞിരുന്നവരായിരുന്നു ഇവർ രണ്ടുപേരും. രണ്ടുമൂന്നുമാസമായി ഗൌരിക്കുട്ടി ഭാർഗവിയെകണ്ടാൽ മിണ്ടാൻകൂടി അമാന്തിച്ചിരുന്നു. ഭാർഗവിപറഞ്ഞു: "ഗൌരിക്കുട്ടി, നിനക്കൊരു വലിയതെററുപിണഞ്ഞുപോയി. നിൻെറ സംശയമെല്ലാം തെററിപ്പോയി." ഗൌരിക്കുട്ടി കണ്ണുതുറന്നു ഭാർഗവിയുടെ മുഖത്തുനോക്കി. അവിടെ ശുദ്ധനിഷ്കാപട്യം തെളിഞ്ഞുകണ്ടു അവളുടെ മുഖംതെളിഞ്ഞു; പുഞ്ചിരിതൂകുന്നതുപോലെ തോന്നി. ഭാർഗവിതുടർന്നുപറഞ്ഞു: "ഞാനെല്ലാംപറയാം. എൻെറ കുട്ടിക്കുശ്രദ്ധിച്ചു കേൾക്കാൻ ശക്തിയുണ്ടാവട്ടെ. ഇതല്പം കുടിക്കൂ." ഭാർഗവിതാങ്ങിഇരുത്തി മുട്ടയും ചാരായവുംപിടിച്ചുകൊടുത്തതെല്ലാം ഗൌരിക്കുട്ടികുടിച്ചു. ഭാർഗവിതലയണയിട്ടു അവളെ അങ്ങനെതന്നെ ചാരിയിരുത്തി. "ഇനിപറയുവിൻ" എന്നുള്ളഭാവത്തിൽ ഗൌരിക്കുട്ടി ഭാർഗവിയുടെ മുഖത്തുനോക്കി.

ഭാർഗവിപറയുവാൻതുടങ്ങി:—

"അഞ്ചാറു മാസമായി, എൻെറഭർത്താവും, ശംകരപ്പിള്ളയും ഒരു വ്യാപാരത്തിലേർപ്പെട്ടിരിക്കുകയാണു്. വളരെ രഹസ്യമായ ഒരുവ്യാപാരം. എന്നെയുംകൂടിഅവർ അറിയിച്ചിട്ടില്ല. പലപ്പോഴും പലതുംകാണാൻ ഇടവന്നിട്ടുള്ളഎനിക്കു് വ്യാപാരത്തിൻെറ സ്വഭാവംമനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. പണവും രണ്ടുപേൎക്കും ധാരാളം കിട്ടിക്കൊണ്ടിരുന്നു- സംഗതി പുറത്തായാൽ അതുകൊണ്ടുകിട്ടിയപണം പോകുന്നതുപോട്ടെ, ജയിലിലുംപോകേണ്ടിവരും അതുകൊണ്ടാണവർ ഇത്രരഹസ്യമായി പെരുമാറുന്നതു്. ആരംഭത്തിൽ നിനക്കുണ്ടായതുപോലെ സംശയം എനിക്കുമുണ്ടായി. ഞാൻകുറെദിവസം സൂക്ഷിച്ചപ്പോൾ എനിക്കു കാൎയ്യംമനസ്സിലായി. കരുപ്പുകട്ടിയിൽനിന്നും ചാരായംവാററിച്ചെടുക്കാൻ എൻെറആളിനു നല്ല സാമൎത്ഥ്യമാണു്. അതു വില്പിക്കുവാൻ ശംകരപ്പിള്ളയുംഏററു. രാത്രിയല്ലാതെ ഇതിനു രണ്ടിനും സൌകൎയ്യമുണ്ടോ? ഇന്നു് ഒരാട്ടിനെവാങ്ങി പംകുവെച്ചെടുത്തതെന്തിനെന്നറിയാമോ." ഈയിടെ നല്ലതെങ്ങിൻചാരായം കുറച്ചുവാററിഎടുത്തു വാററുന്നവൎക്കും വില്ക്കുന്നവൎക്കും അതിൻെറ രുചിഅറിയാൻ തോന്നുന്നതു അത്ഭുതമല്ല. അതാണു് ഇറച്ചി അവിടെകൊടുത്തയച്ചിട്ടുകൂടി ശംകരപ്പിള്ള ഉണ്ണാൻഇവിടെവന്നതു്. അതൊരു നേരമ്പോക്കെന്നല്ലാതെ, അവരാരും കുടിയന്മാരല്ല. എൻെറകുട്ടിക്കു ഇപ്പോൾ കാൎയ്യമൊക്കെ മനസ്സിലായോ?"

ഗൌരിക്കുട്ടി ഭാർഗവിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. "ക്ഷമിക്കണം, അക്കാ, ക്ഷമിക്കണം." എന്നു ഗൌരിക്കുട്ടികേണു, ഭാർഗവിയുംകരഞ്ഞു.

ഈ സമയത്താണു് പുരുഷന്മാർ മുറിക്കകത്തു പ്രവേശിച്ചതു്.

"അല്ല, ഇതെന്തോന്നു!" ശംകരപ്പിള്ള ആശ്ചൎയ്യപ്പെട്ടു.

ഗൌരിക്കുട്ടി പിടിവിട്ടു് ഒഴുകുന്നകണ്ണുനീരോടുകൂടി ഭർത്താവിൻെറ നേരെ കൈനീട്ടി.

"എന്തു്? ഇപ്പോൾ സുഖംതോന്നുന്നോ?" ശംകരപ്പിള്ള അടുത്തുചെന്നുചോദിച്ചു. ഗൌരിക്കുട്ടി പ്രിയതമൻെറ കഴുത്തിൽതൂങ്ങിക്കരഞ്ഞു. "വേണ്ടാ,കരയണ്ടാ, സാരമില്ല" എന്നൊക്കെ ശംകരപ്പിള്ളപുലമ്പി.

"ഞാൻ നിങ്ങൾക്കൊരു തീരാപ്പഴിവരുത്തിവച്ചല്ലൊ" ഗൌരിക്കുട്ടിഏങ്ങിക്കരഞ്ഞു.


"സാരമില്ല. മണിനാലല്ലേആയുള്ളു. നാമല്ലാതെ വേറെആരും ഇതൊന്നും അറിഞ്ഞിട്ടില്ല. നേരംവെളുക്കുംമുമ്പു വീട്ടിൽ പൊയ്ക്കൊള്ളയാം. നാളെ തങ്കത്തിനു സുഖമായിപ്പോകും" എന്നു ഭാർഗവിയും പപ്പുവും ശംകരപ്പിള്ളയുംകൂടി പറഞ്ഞു.

---




ചിലവു ചുരുക്കണോ?

501 സോപ്പ് ഉപയോഗിപ്പിൻ.




TOMCo

ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറു

19 എ. വാണിയർസ്ട്രീററ്;

ജി. ടി. മദ്രാസ്.

# ചൈനയിലെ ആധുനികവനിതകൾ.

എൻ. എൻ. നായർ "രാ. ഭാ. വിശാരദ്"

കാൽശതവർഷം മുമ്പുവരെ ചൈനയിലെ വനിതകളുടെ സ്ഥിതി ഭാരതത്തിലെ സ്ത്രീകളെക്കാളും വളരെവളരെ മോശമായിരുന്നു ഉന്നതകുലങ്ങളിലെ വനിതകൾ വെളിയിലെങ്ങുംതന്നെയിറങ്ങുവാൻ പാടില്ലെന്നാണു വച്ചിരുന്നതു് ഒരു ബാലികക്കു് ഏഴുവയസ്സുകഴിഞ്ഞാൽപിന്നെ ഒരു പുരുഷന്റെ തന്റെ സഹോദരന്റെതന്നെ— ഒപ്പം ഇരുന്നു് ഊണുകഴിക്കുന്നതുപോലും നിഷിദ്ധമായി കരുതിയിരുന്നു. വിവാഹംകഴിഞ്ഞു മൂന്നുവർഷത്തിനകം സന്താനമുണ്ടായില്ലെങ്കിൽ ആ സ്ത്രീയെ ഉപേക്ഷിച്ചുകളയുകയായിരുന്നു പതിവു് സ്ത്രീകൾ അതിപവിത്രകളായിരിക്കണമെന്നാണു് ചൈനക്കാരുടെ നിർബന്ധമുണ്ടായിരുന്നതു്. ചൈനയിലെ വനിതകളും ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു് സ്വയമേവ അന്ധവിശ്വാസപരായണകളായിരുന്നു. ഒരിക്കൽ ഒരു പുരുഷൻ ഒരു നവയുവതിയുടെ 'പവിത്രമായകയ്യു്' സ്പർശിച്ചു; ആ യുവതി 'അപവിത്ര'മായിത്തീർന്ന ആ കയ്യ് ഛേദിച്ചുകളഞ്ഞു. ഈ കാരണംകൊണ്ടുതന്നെ അവിടത്തെ സ്ത്രീകളുടെ അന്ധവിശ്വാസത്തെ സംബന്ധിച്ചു നമുക്കു മനസ്സിലാക്കാവുന്നതാണല്ലോ. ചൈനയിലെ വിധവകളുടെ സ്ഥിതിയും നമ്മുടെ വിധവകളെപ്പോലെതന്നെ കഷ്ടതരമായിരുന്നു ഭാരതത്തിലെ നിർഭാഗ്യകളായ വിധവകൾക്കു വളരെ കഠിനനിയമങ്ങൾ അനുഷ്ഠിക്കേണ്ടതായി വരുന്നുണ്ടു്. അതുപോലെതന്നെ കഠോരമായ വൈധവ്യവ്രതം ചൈനയിലെ സ്ത്രീസമുദായത്തിനും പരിപാലിയ്ക്കേണ്ടതായിവന്നിരുന്നു.

എന്നാൽ ഇപ്പോഴത്തെ സ്ഥിതിഗതികൾ അപ്രകാരമല്ല ചൈനയിലെ വനിതകളുടെയിടയിൽ ഇപ്പോൾ പല മാററങ്ങളും സംഭവിച്ചിട്ടുണ്ടു്. ഈയിടെ ജപ്പാനുമായുണ്ടായ യുദ്ധാവസരത്തിൽ പാശ്ചാത്യമഹിളകളെക്കൂടി ആശ്ചര്യപരതന്ത്രകളാക്കിത്തീർക്കത്തക്കവണ്ണം ചൈനയിലെ വനിതാലോകം അത്രമാത്രം വീരതയും നീതികുശലതയും, സംഘടനാശക്തിയും പ്രദർശിപ്പിച്ചു. 19-ാംശതവർഷത്തിന്റെ ആരംഭംമുതൽക്കുതന്നെ ചൈനയിലെ സ്ത്രീകളുടെ ദുർദശയിലേക്കു് അല്പം ചിലരുടെ ദൃഷ്ടിപതിഞ്ഞുതുടങ്ങാതെയിരുന്നില്ല. എങ്കിലും ആ ശ്രമം അധികകാലത്തേക്കു നീണ്ടുനിൽക്കുകയൊ അതിലേയ്ക്കുള്ള പ്രക്ഷോഭണം തുടരുകയൊ ഉണ്ടായില്ല. 1901-ൽ ടോക്കിയോയിൽനിന്നും ഒരു സാമുദായികപത്രം പ്രസിദ്ധീകരിച്ചുതുടങ്ങി. ഈ പത്രംമുഖേന സ്ത്രീകളുടെ അധികാരങ്ങളെസംബന്ധിച്ചും മററും വലിയ ശക്തിമത്തായ ആന്ദോളനം ആരംഭിച്ചു. ഗവണ്മെൻറിൽനിന്നുതന്നെ സ്ത്രീകൾക്കും വിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കണമെന്നും പുരുഷന്മാരെപ്പോലെതന്നെ വിവാഹത്തെസംബന്ധിച്ചു് സ്ത്രീകൾക്കും അധികാരവും സ്വാതന്ത്ര്യവും ലഭിക്കേണ്ടതാണെന്നും കാണിച്ചു് 1911-ൽ ഒരു പ്രത്യേകസംഘം സ്ത്രീകൾ നാൻകിങ്ങ് ഗവണ്മെൻറിനോടു അപേക്ഷിക്കുകയുണ്ടായി. ഇതിനുശേഷം വേശ്യാവൃത്തി, സ്ത്രീവ്യാപാരം ആദിയായതിനെസംബന്ധിച്ചും ആവലാതിപ്പെടാതെയിരുന്നിട്ടില്ല. എന്നാൽ അന്നു ഗവണ്മെൻറു് ഈ അപേക്ഷയെ ലേശവും ഗൗനിക്കുക ഉണ്ടായില്ല. 1922-ൽ പേക്കിങ്ങിലെ വിദ്യാർത്ഥിനികൾ "നാരിമതാധികാരസമിതി" എന്നുപറയാവുന്ന ഒരു സമിതി സ്ഥാപിച്ചു പ്രചരണജോലികൾ ആരംഭിച്ചു. ഇതുകൂടാതെ "മഹിളാധികാരസമാജ"വും സ്ഥാപിക്കുകയുണ്ടായി. ഇവരണ്ടിന്റെയും ശാഖകൾ അത്യന്തം ദ്രുതഗതിയോടുകൂടി ദേശത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചു. പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കും ഭരണവിഭാഗം, വിദ്യാഭ്യാസം, വിവാഹം, സമ്പത്തു് മുതലായവയിൽ തുല്യാധികാരമുണ്ടാക്കുന്നതിലേക്കായിരുന്നു ഈ സ്ഥാപനങ്ങളുടെ ഉദ്ദേശം. ഈ ആന്ദോളനംമൂലം അതിശീഘ്രം വിജയം പ്രാപ്തമാകുകതന്നെ ചെയ്തു. കുറച്ചുകാലത്തിനുള്ളിൽ ഒന്നുരണ്ടു സ്ത്രീകളെ ഭരണവിഭാഗത്തിൽ നിയമിച്ചു.

ഇതിനുശേഷം രാഷ്ട്രീയാന്ദോളനത്തിന്റെ പ്രഗതി വദ്ധിക്കുന്നതോടുകൂടിതന്നെ ചൈനയിലെ വനിതാന്ദോളനവും പ്രചുരപ്രചാരത്തെ പ്രാപിക്കുകയും അവിടത്തെ അനേകം സ്ത്രീകൾ ഗൃഹത്തിന്റെ മതിൽകെട്ടിനുള്ളിൽനിന്നും കർമ്മക്ഷേത്രത്തിലേക്കു് ഇറങ്ങുകയുംചെയ്യാൻതുടങ്ങി. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ബാലികകൾക്കായി രാഷ്ട്രീയവിദ്യാലയങ്ങൾ തുറന്നു് അവക്കും സൈനികശിക്ഷണം നൽകിത്തുടങ്ങിയിരുന്നു. ധാരാളം ബാലികകളെ രഷ്യ, ഇററലി, അമേരിക്കമുതലായ ഉന്നതപാശ്ചാത്യദേശങ്ങളിൽ രാജനീതികം, വ്യാവഹാരികം, സാമരികം, ആദിആയ സംഗതികൾ അഭ്യസിക്കുന്നതിലേക്കായി അയച്ചുതുടങ്ങി. തൽഫലമായി ചൈനയിലെ ആധുനികവനിതകളുടെ ജീവിതക്രമത്തിന്റെ രീതി പൊടുന്നനവെ ഒന്നു വ്യത്യാസപ്പെടുകതന്നെചെയ്തു. ഇന്നു അവിടത്തെ അഭ്യസ്തവിദ്യകളായ സ്ത്രീകൾ ഓരോരുത്തരും യഥാർത്ഥക്രാന്തികാരിണികളാണു്. കേവലം വിദ്യാഭ്യാസകാര്യത്തിലൊ, രാജനീതികമായ ക്ഷേത്രത്തിലൊ മാത്രമല്ല ധനസംബന്ധമായ കാര്യങ്ങളിൽക്കൂടി ചൈനയിലെ വനിതകൾ തങ്ങളുടെ അധികാരം സ്ഥാപിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. ചൈനയിലെ വലിയവലിയ പട്ടണങ്ങളിലെ വിടുപണികളിൽക്കൂടി സ്ത്രീകളും ഭാഗഭാക്കുകളാണെന്നു കാണുവാൻ കഴിയും. "ശാംഘായി"യിൽ ചൈനാസ്ത്രീകളുടെ വകയായി ഒരു ബാങ്കുതന്നെയുണ്ടു്.

മിസ്സ്. ചാംഗ്കോയിശേക്, മിസ്സ് ലിയായു, കുമാരിലിയായു് ഇവരുമൂന്നുപേരുമാണു് ചൈനയിലെ ആധുനികസ്ത്രീസമുദായത്തിലെമൂന്നുപ്രമുഖകളായ നേത്രികൾ. ഇവരിൽ മിസ്സ് ലിയായു് വളരെപ്രായംചെന്നസ്ത്രീയാണു്. ചൈനയിലെ പ്രാചീനഅനാചാരങ്ങളാലും അന്ധവിശ്വാസത്താലും പലപല കഷ്ടതകളും ഇവർ അനുഭവിച്ചിട്ടുണ്ടു്. ഇവരുടെഭർത്താവു് തൊഴിലാളിസംഘത്തിന്റെ സുപ്രസിദ്ധനേതാവായിരുന്നു. രാജനീതികമായ എന്തൊ കാരണത്താൽ അന്യപക്ഷക്കാർ അദ്ദേഹത്തെ അപായപ്പെടുത്തി വധിക്കുകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ മരണാനന്തരം അതേ ആദർശങ്ങളനുസരിച്ചു് മിസ്സ് ലിയായു് പ്രവർത്തിക്കുവാനാരംഭിച്ചു സ്ത്രീകൾക്കുവേണ്ടി ഇവർ പലതരത്തിലുള്ള വർക്ക്ഷോപ്പുകളും സ്ഥാപിച്ചിട്ടുണ്ടു്. പകൽമുഴുവനുള്ള ജോലിക്കുശേഷം രാത്രിയിൽ സ്ത്രീകളെ എഴുത്തും വായനയും അഭ്യസിപ്പിച്ചു് ജ്ഞാനമുള്ളവരാക്കിത്തീർക്കുവാൻ ഇവർ പ്രത്യേകം പ്രയത്നിക്കുന്നു. മിസ്സ് ലിയായുടെ ഭവനത്തിന്റെ ബഹിർഭാഗത്തായിട്ടു് Undying Spirit എന്നെഴുതിയിട്ടുള്ള ഒരു ധ്വജം നാട്ടിയിട്ടുണ്ടു്. അതിധീരനായിരുന്ന അവരുടെ പിതാവിന്റെ സ്മരണയ്ക്കാണു് ഇതുനാട്ടിയിട്ടുള്ളതു്.

കുമാരിലിയായുടെ യോഗ്യതയും, ഉത്സാഹവും സ്ഫൂർത്തിയും കാണുകയാണെങ്കിൽ ഏവനും അത്യധികം ആശ്ചര്യപ്പെടാതെയിരിക്കുകയില്ല. ഇവർ ഒരുവഷത്തോളം മാസ്കോവിൽതാമസിച്ചു് രാജനീതികമായിട്ടും, ധാമ്മികമായിട്ടും, സാമുദായികമായിട്ടും, പലതും അഭ്യസിച്ചിട്ടുണ്ടു്. "ക്രാന്തികാരിഗുപ്തസമിതി"യുംമററുംസ്ഥാപിച്ചു് പല പ്രകാരത്തിലും ഇവർ സ്വദേശസേവചെയ്തുവരുന്നു. സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി അത്യധികം പരിശ്രമിക്കുന്നുണ്ടെന്നുള്ളവിവരവും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

മിസ്സ് ചാംകോയിശേക് എന്നവന്ദ്യനേത്രിയുടെപേരെല്ലാവരും കേട്ടിരിക്കുവാനിടയുണ്ടു്. ഇവർ ചൈനയിലെ രാഷ്ട്രീയസഭാപതിയും ജനറലുമായ രുന്ന ചാംഗ്കോയിശേകിന്റെ പത്നിയാണു്. ഇവർ രാജനീതിക ആന്ദോളനത്തിൽ തന്റെ ഭർത്താവിനോടു പൂർണ്ണമായ സഹകരിച്ചു് പ്രവർത്തിച്ചിരുന്നു. കൂടാതെ അന്നും ഇവർ വനിതാന്ദോളനത്തിലും പങ്കുകൊള്ളാതെയിരുന്നിട്ടില്ല. 1926-ൽ ചൈനയിൽ രാഷ്ട്രീയാന്ദോളനമുണ്ടായപ്പോൾ സ്ത്രീകളെ സുസംഘടിതരാക്കി ഒരു വലിയ ഫണ്ടുപിരിച്ചു് സ്ത്രീകളുടെയിടയിൽ പ്രചരണവേലനടത്തി അവരെ രാഷ്ട്രീയാന്ദോളനത്തിൽ ചേരുന്നതിനു താല്പര്യമുള്ളവരാക്കിത്തീർത്തു.

സോവിയേററുറഷ്യാക്കാരിൽ നിന്നും ചൈനയിലെ നവീനസ്ത്രീകൾക്കു് യഥേ

ഷ്ടംപ്രേരണനിരോധിച്ചിട്ടുണ്ട്. അനേകായിരം സ്ത്രീപുരുഷന്മാർ റഷ്യയിൽ പോയി അവിടത്തെ ആധുനികപരിതഃസ്ഥിതി, പ്രഗതി, ഉന്നതി മുതലായവയെല്ലാം പ്രത്യേകം അഭ്യസിച്ചതിനുശേഷം ആ ആദർശങ്ങളാൽതന്നെ സ്വരാജ്യത്തിൽ ഒരു പുതിയ രാജനീതികവും സാമുദായികവുമായിട്ടുള്ള അന്തരീക്ഷംസൃഷ്ടിച്ചിരിക്കുന്നു. ചൈനക്കാരുടെ പുതിയ ഉണർവും അസന്തോഷസൂചകമായ ആന്ദോളനവും കണ്ടിട്ട് റഷ്യതന്നെവളരെസന്തോഷത്തോടുകൂടി നല്ലനല്ലഉപദേഷ്ടാക്കളെ ചൈനയിലേക്കയക്കുന്നു. റഷ്യൻ സ്ത്രീകളേയുംഇപ്പോൾ ചൈനയിൽ ധാരാളമായി കണ്ടുവരുന്നുണ്ട്. ഈസ്ത്രീകൾ ചൈനാവനിതകളുടെയിടയിൽനടന്ന് പല വിധത്തിലും പ്രചരണവേലകൾ ചെയ്തുവരുന്നു. തന്മൂലം അവിടത്തെ അക്ഷരജ്ഞാനംപോലും ഇല്ലാതെയിരുന്ന ഗ്രാമീണസ്ത്രീകളിൽകൂടിയും സ്വഭാവപരിവർത്തനം വന്നിരിക്കുന്നു. ഇന്നത്തെ രാജനീതികവും, സാമുദായികവുമായിട്ടുള്ള പരിതഃസ്ഥിതികളെ അവർ ഇഷ്ടപ്പെടുന്നില്ല. അതിനാൽ സർവ്വത്രഅസന്തോഷവും വിദ്രോഹാഗ്നിയും പ്രകാശിച്ചിട്ടുണ്ട്. സ്ത്രീകളും ഈ ഉഗ്രമായ അന്തരീക്ഷത്തോടു പൂർണ്ണാനുവിധേയരായിരിക്കുന്നു. ചിരകാലമായി അപരിവർത്തനശീലത്തോടുകൂടിയിരുന്ന പ്രാച്യദേശത്തിൽ ഇന്ന് ആ മൂലപരിവർത്തനത്തിനുള്ള അഗ്നി പ്രജ്വലിതമായിരിക്കുന്നു. മൂവായിരംസംവത്സരങ്ങൾക്കുശേഷം അടിമത്വത്തിൻെറ കഠോരമായ ശൃംഖലയെ പൊട്ടിച്ചിട്ട് ഇന്നു ചൈനയിലേസ്ത്രീകൾ വിശ്വവിജയമാർഗ്ഗത്തിലേക്ക് അതിവേഗത്തിൽ പ്രയാണംചെയ്തുകൊണ്ടിരിക്കുന്നു.

---


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡ് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണ്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ച് അറിയിക്കുന്നതാണ്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നല്കുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ട്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവർക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.


# കൌതുകരംഗം.

ജപ്പാൻ "ടോയിസ്സ്" എന്ന പേരിൽ നാം അറിയുന്ന "കുട്ടിക്കളിക്കോപ്പുകൾ" ഇന്നു ലോകംമുഴുക്കെ വിതരണംചെയ്തുവരുന്നു. ജപ്പാൻ "ടോയിസ്" പ്രവേശിച്ചുവിജയകാഹളം മുഴക്കാത്ത ഒരു മാർക്കററു അറിയപ്പെട്ടലോകത്തില്ല. പ്രതിവർഷം അനേകലക്ഷം പവൻ നാനാരാജ്യങ്ങളിൽനിന്നും കളിക്കോപ്പുവകയിൽനിന്നു ജപ്പാൻകാർ കൈക്കലാക്കുന്നുണ്ട്. അന്നന്നത്തെ ആവശ്യങ്ങൾഅറിഞ്ഞു സാധനനിർമ്മാണംചെയ്യുന്നതിനു അവർ സമർത്ഥന്മാരായിരിക്കുന്നു. ബാംബെ, മദ്രാസ്, കൽക്കട്ടാ, മുതലായ പട്ടണങ്ങളിൽ തകരപ്പണിക്കാർ വെട്ടി ഉപേക്ഷിച്ചു കളയുന്ന തകരമുറിക്കഷണങ്ങൾ ജപ്പാൻകച്ചവടക്കാർ "നക്കാപ്പിച്ച"കൊടുത്തു വാങ്ങി പല കളിക്കോപ്പുകൾഉണ്ടാക്കി ഇൻഡ്യയിൽത്തന്നെ കൊണ്ടുവന്നു വിററഴിച്ചു ലക്ഷക്കണക്കിനു പവൻ വാരുന്നു.

*　　*　　*

ബാംബെയിലെ "വിംകോ" (വെസ്റ്റ് ഇൻഡ്യൻമാച്ചുകമ്പനി) തീപ്പെട്ടിവ്യവസായക്കാർ ഇൻഡ്യൻതീപ്പെട്ടിക്കമ്പോളംമുഴുക്കെ പിടിച്ചടക്കിയിരിക്കുന്നു. അരച്ചക്രത്തിനു വിററുകൊണ്ടിരുന്ന പെട്ടി, കാൽചക്രത്തിനു വിററപ്പോൾ അവർക്കുണ്ടായ ലാഭത്തിൽ കുറവുമൂന്നുകോടിഉറുപ്പിക ആയിരുന്നു. ആ കമ്പനി ഇൻഡ്യാക്കാരുടെവകയെന്നിരുന്നാലും ആ കമ്പനിയുടെ ചുവട് സ്വീഡനാണ്. 'ബൈ ഇൻഡ്യൻ' സിസ്റ്റംപ്രചാരത്തിൽ വന്നപ്പോൾ ഭൂരിപക്ഷം ഇൻഡ്യാക്കാരെ ഡയറക്ടർമാരാക്കി സ്വീഡൻകാർ ആരംഭിച്ച ആ ബാംബെതീപ്പെട്ടിക്കമ്പനി വിലകുറച്ചു തീപ്പെട്ടി വിററുതുടങ്ങി. അവരുടെ ആ നയം ഇൻഡ്യയിലുള്ള മററു ആംഗലേയകമ്പനികൾക്കു കഷ്ടതയായിത്തീർന്നു. തന്നിമിത്തം വില കൂട്ടിവിൽക്കണമെന്ന് ഇൻഡ്യാഗവർമ്മെൻറു 'വിംകൊ' തീപ്പെട്ടി (ക്ലാവർഡൈമൺമാർക്ക്)ക്കാരെ അറിയിച്ചു. അവർ അതിനു വഴിപ്പെട്ടില്ല. അതിനുശേഷമാണത്രെ തീപ്പെട്ടിക്ക് ഇൻഡ്യാഗവർമ്മെൻറു നികുതി ഏറ്റെപ്പെടുത്തിയത്. അതുമൂലം ഗ്രൂസ്സിന് (144) ഒരു ഉറുപ്പിക നികുതി ഏർപ്പെടുത്തി. ആ ഇനത്തിൽനിന്നും പ്രതിവർഷം മൂന്നുകോടിഉറുപ്പിക ഇൻഡ്യാഗവർമ്മെണ്ടിനു ലഭിക്കുന്നപോൽ

*　　*　　*

ആറന്മുള എസ്സ്. രാഘവൻപിള്ള

### വിവാഹത്തിലെ ചില ചടങ്ങുകൾ.

സൈബീരിയാരാജ്യത്തിൻെറ ചിലഭാഗങ്ങളിലും ബോർണിയോദ്വീപിലും ഒരുകൂട്ടം അറബികളുടെ കൂട്ടത്തിലും വിവാഹദിവസത്തിൽ വധുവിൻെറ ബന്ധുക്കൾ വരനെപ്രഹരിയ്ക്കുന്ന ഒരു പതിവുണ്ട്. അതിൻെറ കാരണം വിവാഹബന്ധത്തിലേർപ്പെടുവാൻ പോകുന്നയാൾ ഒരു ധൈര്യശാലിയും എല്ലാവിധദേഹോപദ്രവങ്ങളും ക്രൂരതകൂടാതെ അനുഭവിക്കുവാൻ പ്രാപ്തിയുള്ളവനുമെന്നു തെളിയിക്കുവാനാണത്രേ ഒരുകൂട്ടം കാട്ടുജാതിക്കാരുടെ ഇടയിലുംഒരേർപ്പാട് നടന്നുവരുന്നു. കുന്തംകൊണ്ടു ഒരു നിശ്ചിതസംഖ്യശത്രുക്കളെ കൊന്നൊടുക്കിട്ടുള്ളവനെ മാത്രമെ വരനായി സ്വീകരിക്കയുള്ളു എന്നാണ് ആ നടപ്പ്.

*　　*　　*

### പ്രേയിങ്ങ്മാൻറിസ്.

(Praying mantis·)

ഇത് പ്രാണിവർഗ്ഗത്തിൽപെട്ട ഒരു ജന്തുവാണ്. ഈവർഗ്ഗം സ്വജാതിയെതന്നെ ഇരയാക്കുന്നു. ഇവയുടെ ആകൃത വിചിത്രം തന്നെയാണ്. ആഹാരം സാധാരണചെറുപ്രാണികളാണ്. ആഹാരംസമ്പാദിക്കുന്നതെങ്ങനെയെന്നാൽ ഇവ, പ്രാണികൾ ഇരിക്കുന്നിടത്തു വളരെ ശാന്തമായി മുൻകാലുകൾരണ്ടും മുൻപോട്ടു നീട്ടിപ്പിടിച്ചു ഈശ്വരനെ പ്രാർത്ഥിക്കുന്നതുപോലെ (ഇങ്ങനെയുള്ള ആകൃതിയുള്ളതുകൊണ്ടാണ് ഇതിനെ പ്രേയിങ്ങ്മാൻറിസ് എന്നു പറയുന്നത്) ചെന്ന് ഇരിക്കുന്നു. പ്രാണി ഇതിൻെറ സൂത്രം ഒന്നും മനസ്സിലാക്കാതെ അവിടെത്തന്നെഇരിക്കുകയേ ഉള്ളു. ക്ഷണത്തിൽ മാൻറിസ് കപടവേഷംമാററി ചിറകുകൾരണ്ടുംവിടർത്തി ആകൃതി വലുതാക്കി പ്രാണിയെ ഭയപ്പെടുത്തുന്നു. പ്രാണി അതു കണ്ടുഭയപ്പെട്ട് അവിടെത്തന്നെ ഇരിക്കുന്നു കുറച്ചുസമയത്തിനുള്ളിൽ മാൻറിസ് അതിൻെറ കൊമ്പുകൾകൊണ്ട് പ്രാണിയെ കുത്തിക്കൊന്ന്, അതിനെ ഭക്ഷിക്കുന്നു.

*　　*　　*

### വിദ്യുച്ഛക്തിയുള്ള മത്സ്യങ്ങൾ.

ഇടിമിൻ എന്നൊരുജാതിമത്സ്യംഉണ്ട്. അവയ്ക്കു അവയുടെ ദേഹത്തിൽനിന്നു വിദ്യുച്ഛക്തി പുറപ്പെടുവിച്ച് ശത്രുക്കളെ നശിപ്പിക്കുന്നതിനു കഴിയുന്നു ഈതരം മത്സ്യങ്ങൾക്കു ഏകദേശം ഇരുപത്തഞ്ചടിയോളം നീളമുണ്ട്. ഇവയുടെ അടുക്കൽ മനുഷ്യർ പോലും ഭയപ്പെട്ട് അടുക്കുകയില്ല അതുകൊണ്ടു മത്സ്യംപിടിത്തക്കാർ പലേ ഉപായങ്ങളും പ്രയോഗിച്ചാണ് അവയെ പിടിക്കുന്നത്. അവർ ഒരുകൂട്ടം മൃഗങ്ങളെ, ഈതരം മത്സ്യങ്ങൾ കിടക്കുന്ന ജലാശയത്തിൻെറ കരയിൽ കൊണ്ടുചെന്ന് അവയെക്കൊണ്ടു ചില ശബ്ദങ്ങൾ പുറപ്പെടുവിപ്പിക്കുന്നു. ആ ശബ്ദം മത്സ്യങ്ങൾ കേൾക്കുമ്പോൾ, അവയുടെ ശത്രുക്കൾ അടുക്കുന്നു എന്നുവിചാരിച്ച് വിദ്യുച്ഛക്തി പുറപ്പെടുവിച്ചുതുടങ്ങും. കുറെസമയത്തിനുള്ളിൽവിദ്യുച്ഛക്തി തുടർച്ചയായി പുറപ്പെടുവിക്കുന്നതുകൊണ്ടു അതു് തീർന്നുപോകുന്നു. വിദ്യുച്ഛക്തിയുടെ ബലം തീരെ ഇല്ലാതെയായി എന്നു അറിയുമ്പോൾ, മത്സ്യംപിടിത്തക്കാർ അവയെ സമീപിച്ച്, കുന്തങ്ങളും മററുപലേ ആയുധങ്ങളുംകൊണ്ട് അവയെകൊന്നു കരയ്ക്കുകയററുന്നു.

എം. ഗോപാലപിള്ള.

# പാചകകല.

എസ്സ്. എ. പിള്ള, ചടയമംഗലം.

രണ്ടാംഭാഗം (തുടർച്ച)

(5) കത്തിരിക്കാക്കിച്ചടി – കത്തിരിക്കാ ചെറുതായി അരിഞ്ഞു കാകളഞ്ഞു വെളിച്ചെണ്ണയിൽ വറുത്തു നല്ലതുപോലെ മൊരിയിച്ചു കോരി, തൈരിൽ കൂട്ടുകലക്കി അതിൽഇട്ടു ശരിയായി ഇളക്കി പാകത്തിനു ഉപ്പുംചേർത്തു കടുകുവറുത്തു കിച്ചടി കടുകുവറുക്കുന്ന പാത്രത്തിൽ ഒഴിച്ചു നല്ലതുപോലെ പതയുമ്പോൾ വാങ്ങിക്കൊള്ളണം.

(6) പാവക്കാക്കിച്ചടി - തോരനു അരിയുന്നതുപോലെ പാവക്കാ വളരെ ചെറുതായി അരിഞ്ഞോ, കൊത്തിയോ, അല്പം പുളിയും ഉപ്പുംചേർത്തു വേവിച്ചു പററുമ്പോൾ തൈരിൽ കൂട്ടു കലക്കിച്ചേർത്തു കടുകുംവറുത്തു നല്ലതുപോലെ പതച്ചു വാങ്ങേണ്ടതാകുന്നു.

(7) ചുണ്ടയ്ക്കാക്കിച്ചടി — വെളുത്തതും കറുത്തതുമായി ചുണ്ടയ്ക്കാ രണ്ടുജാതിയുണ്ടു്. രണ്ടും ഉപയോഗയോഗ്യംതന്നെ. പക്ഷേ വെളുത്തതാണു ഉത്തമമായിട്ടുള്ളതു്. ചുണ്ടയ്ക്കാ ചതച്ചു അതിനകത്തുള്ള അരിപോക്കി ചുണ്ണാമ്പുചേർത്തു ശുദ്ധിചെയ്തു (കറ മുഴുവൻ പോകണം) വീണ്ടും ശുദ്ധജലത്തിൽ കഴുകി ഉപ്പും പുളിയും പാകത്തിനു ചേർത്തു വററിച്ചു തൈരിൽ കൂട്ടുകലക്കിവീഴ്ത്തി ഇളക്കി ശരിയായി യോജിപ്പിച്ചു പതഞ്ഞുവരുമ്പോൾ കടുകുവറുത്തുകൊള്ളേണ്ടതാകുന്നു.

8) പച്ചമുളകുകിച്ചടി പച്ചമുളകു അതിന്റെ ഞെട്ടുപോക്കി നടുവേമുറിച്ചു ഉപ്പു ചേർത്തു വേവിച്ചു പിന്നീടു തൈരിൽ കിച്ചടിക്കുള്ള കൂട്ടു കലക്കി ഒഴിച്ചു ശരിയായി പതച്ചു വാങ്ങിക്കൊള്ളണം. പച്ചമുളകു ആദ്യം വെളിച്ചെണ്ണയിൽ വാട്ടി അല്പം മെലിയിച്ചശേഷം ഉപ്പു പാകത്തിനു ചേർത്തു തിളപ്പിച്ചുകൊണ്ടു് കൂട്ടുചേർത്തു പാകപ്പെടുത്തിക്കൊള്ളാവുന്നതാണു്. പതച്ചു വാങ്ങിവച്ചുകൊണ്ടു് കടുകുവറുത്തു ചേർത്തു് ഇളക്കിക്കൊള്ളേണ്ടതാകുന്നു.

ഇനി ചോളദേശസമ്പ്രദായത്തിലുള്ള പാകരീതികളെയാണു് പ്രസ്താവിക്കുന്നതു്.

(1) പുളിയിട്ടുപൊരിച്ചകറി:- ഇതിനു് കഷണമാക്കുന്നതിനു പലസാധനങ്ങളുമുണ്ടെങ്കിലും അവയിൽ പ്രധാനം, തുതളങ്ങാ, കാറയ്ക്കാ (ചുണ്ടയ്ക്കായുടെ ഒരു വകഭേദം) കണ്ടങ്കത്തിരിക്കാ, പിഞ്ചുവാഴയ്ക്കാ ഇവയാകുന്നു പാണ്ടിനാട്ടിൽ ധാരാളംകിട്ടുന്ന (ഇവ ടൗത്തെ കടകളിലും ഉണ്ടായിരിക്കും) മൊച്ചകൊട്ട ശരിയായി വറുത്തു അതു കൂടി ചേർത്തു കൊള്ളണം. സസ്യങ്ങൾ ചെറുതായി നുറുക്കി സാമാന്യം ശുദ്ധിചെയ്തു (കാറൽ ഉള്ളവയുടെ കാറൽകളഞ്ഞു) മൊച്ചകൊട്ടയും ചേർത്തു് ശുദ്ധജലത്തിൽ ഇട്ടു് നല്ലമുളകുപൊടിയും പാകത്തിനു ഉപ്പും യോജിപ്പിച്ചു വേവിക്കുക. പിന്നീടു അല്പംപുളിപിഴിഞ്ഞരിച്ചു ചേർക്കണം. തിളച്ചു ശരിയായികൊഴുക്കുമ്പോൾവാങ്ങേണ്ടതാകുന്നു. ശരിയായകൊഴുപ്പുവന്നിട്ടില്ലെങ്കിൽഅല്പംമാവു കലക്കി കറി അടുപ്പിൽക്കിടന്നു തിളയ്ക്കുമ്പോൾ ചേർത്തു കൊള്ളാവുന്നതാണു്. പാകമായാൽ പൂളിചതച്ച നാളികേരവും, കറിവടകവും, കടുകും, മുളകുവററലും, കറിവേപ്പിലയും കൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തുചേർത്തു അടച്ചുവക്കണം. അരനാഴികകഴിഞ്ഞാൽഎടുത്തു ഉപയോഗിക്കാവുന്നതാണു്. കണ്ടങ്കത്തിരിക്കാ, തുതളങ്ങാ ഇവയ്ക്കുപകരം വഴുതനങ്ങാ, കത്തിരിക്കാ, ഇവയും ചേർത്തുകൊള്ളാവുന്നതാണു്. ഇതു അധികമായ രുചിയുള്ള ഒരു കൂട്ടുവാനാണെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലൊ.

എള്ളുകറി – ഇതിലേക്കുള്ള പ്രധാനകഷണങ്ങൾ, പാവയ്ക്കാ, ചേന, ഇളയകത്തിരിക്കാ, ഇളയകുമ്പളങ്ങാ മുതലായവയാകുന്നു ഇവ മെഴുക്കുപിരട്ടിക്കുള്ള കഷണങ്ങളെന്നോണം വലുപ്പത്തിൽ നുറുക്കിക്കൊള്ളണം. മഞ്ഞൾ, ഉപ്പു്, പുളി, പുളിയിൽപകുതിശർക്കര, കഷണവുംചേർത്തു പാകത്തിനു ശുദ്ധജലംഒഴിച്ചു അല്പം പച്ചമുളകുംചെറുതായി അരിഞ്ഞിട്ടു തിളച്ചു വെള്ളം മുക്കാൽപങ്കു വററുമ്പോൾ അടുപ്പിൽനിന്നും വാങ്ങിക്കൊള്ളണം. വിളഞ്ഞ തേങ്ങാചുരണ്ടി, നീരുമുഴുവൻ വലിയത്തക്കവണ്ണംപാകത്തിലും, അതിൽ പകുതി അളവിൽ എള്ളു് കല്ലുകളഞ്ഞു് അല്പം ചുവക്കെയും മുളകുവററൽ എണ്ണപിരട്ടിയും പ്രത്യേകം പ്രത്യേകം വറുത്തുകൊള്ളണം. ഇവയെല്ലാം കൂടി കൂട്ടായി അരച്ചുചേർത്തു് ശുദ്ധജലത്തിൽ കലക്കിവീഴ്ത്തി ഇളക്കണം. ഇപ്രകാരം കൂട്ടു കലക്കിച്ചേർത്തുകഴിഞ്ഞാൽ പിന്നീടു ഈ കറി അടുപ്പിൽവച്ചു് ചൂടുപിടിക്കാൻ പാടില്ലെന്നറിയേണ്ടതാകുന്നു. ചൂടുതട്ടുന്നപക്ഷം എണ്ണച്ചുവ കടന്നുകൂടുന്നതിനും സ്വാദു സാമാന്യം കുറയുന്നതിനും ഇടയാകുന്നതാണു്. കൂട്ടുചേർത്തതിൽ പിന്നീടു പുളിയുള്ള പഴുത്ത മാങ്ങാ പിഴിഞ്ഞു നിരെടുത്തുചേർത്തു കടുകും കറിവേപ്പിലയുംമാത്രംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തു യോജിപ്പിച്ചു കൊള്ളേണ്ടതാകുന്നു.

തീയൽ — വറുത്തരച്ചതീയൽഎന്നും ചുട്ടരച്ചതീയൽഎന്നും ഇതു് പ്രധാനമായി രണ്ടുതരം ഉണ്ടു്. പച്ചത്തീയൽ എന്നൊരു വകകൂടി ചേർക്കാവുന്നതാണെങ്കിലും അതു് ഒരുദിവസത്തെ ഉപയോഗത്തിനുമാത്രം നന്നായിരിക്കുന്നവയും തീയലുകളുടെ യോഗത്തിൽ എല്ലാം പച്ചയായി അരച്ചുചേർക്കുന്നവയുമാണെന്നല്ലാതെ അവയ്ക്കു തീയലിന്റെകൂട്ടത്തിൽ ഒരു സ്ഥാനം കല്പിക്കാൻ അവകാശമില്ലാത്തതാകയാൽ ഇവിടെ ചേർക്കുന്നില്ല. തിരുവിതാംകൂറിൽ തീയലിന്റെ പ്രാധാന്യം തെക്കൻതിരുവിതാംകൂറിലുൾപ്പെട്ട നാഞ്ചിനാട്ടിലാകുന്നു. ചുട്ടരച്ചതീയലിന്റേയും വറുത്തരച്ചതീയലിന്റേയും സ്വാദുകൾക്കുതമ്മിൽ വലിയ അന്തരമുണ്ടു്. നാടെങ്ങും പ്രസിദ്ധികേട്ടിട്ടുള്ള നാഞ്ചിനാടൻതീയലിനെപ്പററിത്തന്നെ ഇവിടെ ആദ്യമായി പ്രസ്താവിക്കാം. ഇതിന്റെ പാകരീതിയിൽ വലിയ വൈഷമ്യമൊന്നുമില്ല. പാകംചെയ്യുമ്പോൾ നല്ല സൂക്ഷ്മതയും ജാഗ്രതയും ഇല്ലാത്തപക്ഷം തീയലിന്റെ ശരിയായസ്വാദു കിട്ടുവാൻ ഇടയാകാതെയും വരും.

നാഞ്ചിനാടൻതീയൽ — നല്ലതുപോലെ വിളഞ്ഞുപഴുത്തിട്ടുള്ളതേങ്ങാ ഉടച്ചു് ചിരട്ടമുറിയോടുകൂടി കനൽതീയിൽ ഇടണം. ചിരട്ടമുഴുവൻ കത്തിഎരിഞ്ഞാൽ വാങ്ങിക്കൊള്ളാം. അപ്പോൾ തേങ്ങ പാകത്തിനുവെന്തിരിക്കും. കരിപററിയിട്ടുണ്ടെങ്കിൽ ശരിയായി തട്ടിക്കളഞ്ഞു ശുദ്ധിയാക്കണം. ആവശ്യമുള്ള എരിവിനുതക്കവണ്ണം വററൽമുളകും കനലിൽത്തന്നെ ചുട്ടെടുക്കണം. കരിഞ്ഞുപോകരുതു്. ഇപ്രകാരം തയാറാക്കിയ തേങ്ങയും മുളകും വറുത്തെടുത്ത കൊത്തമല്ലിയും ജീരകവും, ചുവന്നുള്ളിയും മഞ്ഞളും കറിവേപ്പിലയും അല്പം നല്ലമുളകുംകൂടി വളരെ നേർമ്മയായി അരച്ചു് പാകത്തിൽ ഉപ്പും പുളിയുംകലക്കി കൂട്ടുകലക്കി, അതിൽ നല്ലപാകത്തിനു് വെളിച്ചെണ്ണയിൽ വറുത്തെടുത്ത കത്തിരിക്കാവററലൊ, — അടമാങ്ങായൊ കഷണമായിചേർത്തു് തിളപ്പിച്ചു് ശരിയായി കൊഴുക്കണം. പുളിയുടെ പച്ചച്ചുവപോയി പാകത്തിനു വെന്തുകഴിയുമ്പോൾ മുളകും കടുകും കറിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തുചേർത്തുകൊള്ളണം. ഇതോടുകൂടി വെളിച്ചെണ്ണയിൽ പാകത്തിനുമൊരിച്ചു് എടുത്തിട്ടുള്ള അല്പം ഉള്ളിവടകംകൂടിഇട്ടു അടച്ചു വടകം ശരിയായികുതിർന്നശേഷംഉപയോഗിച്ചുകൊള്ളണം. ഇതുവളരെ പ്രാധാന്യവും രുചിയും ഉള്ളതാകുന്നു.

തീയൽപാകത്തിനു് കൂട്ടരച്ചുചേർക്കണമെന്നുപറയുന്നിടത്തെല്ലാം വ്യഞ്ജനങ്ങൾ മേൽ കാണിച്ചിരിക്കുന്നവയാണെന്നും അവ നേർമ്മയായി അരച്ചുകൊള്ളണമെന്നും അറിഞ്ഞുകൊള്ളുന്നതു് നന്നായിരിക്കും.

2. ടി തീയൽ (മറെറാരുവിധം) പാകരീതി മിക്കവാറും മേൽക്കാണിച്ചിരിക്കുന്നതുപോലെതന്നെ. വഴുതനങ്ങാ, അവരയ്ക്കാ, മുരിങ്ങയ്ക്കാ. ചീനിഅവരയ്ക്കാ, കത്തിരിക്കാ, ഇവയാണു് ഇതിന്റെ പ്രധാനകഷണങ്ങൾ. ഇവയിൽ ഓരോന്നുതനിച്ചോ, രണ്ടോ മൂന്നോകൂട്ടിച്ചേർത്തോ, എല്ലാംകൂടിയോ കഷണമാക്കാം. അവിയലിനെന്നപ്പോലെ കഷണം രണ്ടുവിരൽക്കിടനിളത്തിൽമുറിച്ചു് ശുദ്ധിചെയ്തു് പാകത്തിനു ഉപ്പും പുളിയും ചേർത്തു് ശരിയായി വേവിച്ചുവററിച്ചു് അതിൽ പുളിമാത്രം ചേർക്കാതെ, തീയലിനുള്ള (മേൽപ്പറഞ്ഞവണ്ണം) കൂട്ടരച്ചുകലക്കി ഒഴിച്ചു്, കറിവേപ്പിലയും മുളകും കടുകും ചേർത്തു വെളിച്ചെണ്ണയിൽ കടുകുവറുത്തു യോജിപ്പിച്ചുകൊള്ളണം. ഇതിനും ഉള്ളിവടകം എണ്ണയിൽമൂപ്പിച്ചു് കരിഞ്ഞുപോകാതെ കോരിയിട്ടുകൊള്ളാം. മേൽക്കാണിച്ച തീയലുകൾരണ്ടിനും എരിവു് അല്പം കൂടിയിരുന്നാൽ നന്നായിരിക്കും.

3. മലയാളത്തീയൽ—ഇതിനും, മുരിങ്ങയ്ക്കാ, ചീനിഅവരയ്ക്കാ, കത്തിരിക്കാ, വഴുതനങ്ങാ, ഇവതന്നെയാണ് പ്രധാനകഷണങ്ങൾ. കൂടാതെ പിഞ്ചുപയറും (പയററങ്ങാ) പാവയ്ക്കായും ഇതിനു യോജിച്ച കഷണങ്ങൾതന്നെ. ഇവയിൽ ഓരോന്നുതനിച്ചോ കൂട്ടിച്ചേർത്തോ കഷണമാക്കിക്കൊള്ളാവുന്നതാകുന്നു. കഷണങ്ങൾ ശുദ്ധിചെയ്തു പാകത്തിനു് ഉപ്പും പുളിയുംചേർത്തു വേവിക്കണം. ശരിയായി വെന്തുകഴിയുമ്പോൾ ചുട്ടതേങ്ങയും വററൽമുളകും; ചുവന്നുള്ളിയും കറിവേപ്പിലയും ജീരകവും അല്പം മഞ്ഞളും വാസനയ്ക്കുമാത്രം, വറുത്ത ഉലുവായുംചേർത്തു് കൂട്ടരച്ചുകലക്കിഒഴിച്ചു് ശരിയായി പതഞ്ഞുവരുമ്പോൾ വാങ്ങി, മുളകും, ചുവന്നുള്ളിയും കറിവേപ്പിലയും കടുകും വെളിച്ചെണ്ണയിൽഇട്ടുമൂപ്പിച്ചു് കടുകുവറുത്തുകൊള്ളേണ്ടതാകുന്നു.

4. ചെറുപയർതീയൽ—ചെറുപയർചുവക്കെ (കരി'വുതട്ടരുതു്) വറുക്കണം ആറിയതിൽപിന്നീട്ടു് അരിച്ചു് കല്ലുപോക്കി ഒരു പാത്രത്തിൽഇട്ടു് അതുമുങ്ങുവാൻതക്കവണ്ണം വെള്ളംഒഴിച്ചു് വേവിച്ചു് മുക്കാലും വററിക്കണം. ഉടൻ മുൻപ്രസ്താവിച്ചതുപോലെ ചുട്ടരച്ച തീയലിനുള്ള കൂട്ടരച്ചു് കലക്കിഒഴിക്കണം ഈ കൂട്ട കലക്കുന്നതിനോടുകൂടി പാകത്തിനു് ഉപ്പും പുളിയുംകൂടിചേർത്തു് കലക്കിക്കൊള്ളേണ്ടതാകുന്നു. വീണ്ടും അടുപ്പിൽവച്ചു് തീയിൽ തിളച്ചുകൊഴുക്കുമ്പോൾ കടുകും, മുളകും, കറിവേപ്പിലയുംമാത്രം വെളിച്ചെണ്ണയിൽകൂട്ടി കടുകുവറുത്തു് യോജിപ്പിച്ചു് ഉപയോഗിക്കണം.

5. മൊച്ചക്കൊട്ടതീയൽ പാണ്ടിനാട്ടിലെ ഒരു പ്രധാനകറിസാധനമാണു് "മൊച്ചക്കൊട്ട" നമ്മുടെ നാട്ടിലുള്ള മിക്ക പ്രധാനകടകളിലും ഇതു് വിൽക്കുന്നുമുണ്ടു്. തീയലിനു് ഇതുവളരെ രുചി ഉണ്ടാക്കുന്ന ഒരു സാധനവുമാകുന്നു. മൊച്ചക്കൊട്ട എണ്ണചേർക്കാതെ വറുത്തു് ഉപ്പും പുളിയുംചേർത്തു് പാകത്തിനു വെന്തുവരുമ്പോൾ ചുട്ടരച്ചതീയലിനു് പ്രസ്താവിച്ചിട്ടുള്ള കൂട്ടരച്ചു കലക്കിഒഴിച്ചു് പിന്നെയും തിളച്ചു് കൊഴുത്തശേഷം കടുകും മുളകും കറിവേപ്പിലയും വെളിച്ചെണ്ണയിൽകൂട്ടി കടുകുവറുത്തുകൊള്ളണം.

6. കൂട്ടുതീയൽ അരളയ്ക്കാവററൽ, കത്തിരിക്കാവററൽ, ചുണ്ടയ്ക്കാവററൽ, ഇവയാണു് ഇതിനുള്ള പ്രധാനകഷണങ്ങൾ ഇവ സമഭാഗമായി എടുത്തു വെളിച്ചെണ്ണയിൽ അധികം മൂത്തോ, കരിഞ്ഞോപോകാതെ പാകത്തിനു വറുത്തുകോരിക്കൊള്ളണം. മൊച്ചക്കൊട്ട എണ്ണപിരട്ടാതെ ഒരു ഓട്ടിൽ ചുവക്കെവറുത്തു് എടുക്കണം. ഇവ എല്ലാംകൂടി പാകത്തിനു് ശുദ്ധജലംഒഴിച്ചു് അതിൽഇട്ടു അടുപ്പിൽവച്ചു് വേവു പകുതി ആകുമ്പോൾ നാഞ്ചിനാടൻതീയലിനുള്ള കൂട്ടുകലക്കി അതിൽഇട്ടു് പാകത്തിനു ഉപ്പും പുളിയുംചേർത്തു് വീണ്ടും തിളപ്പിച്ചു് കൊഴുപ്പു് ശരിയാകുമ്പോൾ കടുകും മുളകും കറിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തുകൊള്ളണം. ഇതിൽചേർക്കുന്ന അരളയ്ക്കാവററൽ തൈരിൽഇട്ടുഉണക്കിയതുതന്നെ ആയിരിക്കണം. ഇതിനും നാഞ്ചിനാട്ടിലാണു് അധികം പ്രാധാന്യംകാണുന്നതു്. ശരിയായി സൂക്ഷിച്ചാൽ ഏഴെട്ടുദിവസംവരെ യാതൊരു രുചിഭേദവുംവരാതെ ഉപയോഗിക്കാവുന്നതാകുന്നു.

7. ഉള്ളിത്തീയൽ—ഇതിൻെറ പ്രധാനകഷണം ചുവന്നുള്ളിതന്നെ. ഇതിനോടുമററുയാതൊന്നും കൂട്ടുചേർക്കുവാൻ പാടില്ല. ചുവന്നുള്ളി തൊലികളഞ്ഞു് നീളത്തിൽ നാലായിക്കീറി വെളിച്ചെണ്ണയിൽ അല്പം ഒന്നു വാട്ടി എടുക്കണം. പിന്നീടു് പാകത്തിനു ഉപ്പും പുളിയുംചേർത്തു് കനലിൽ ചുട്ടെടുത്ത തേങ്ങയും മുളകുവററലും വറുത്തിട്ടുള്ളകൊത്തമല്ലിയും ജീരകവും മഞ്ഞളും അല്പം നല്ല മുളകും കറിവേപ്പിലയുംകൂടി നേർമ്മയായി അരച്ചു് കലക്കിഒഴിച്ചുതിളച്ചു കൊഴുത്തശേഷം മുളകും കടുകും കറിവേപ്പിലയുംകൂട്ടിവെളിച്ചെണ്ണയിൽ കടുകുവറുത്തുകൊള്ളണം. സൂക്ഷിച്ചുപെരുമാറിയാൽ ഇതും നാലുദിവസംവരെ രുചിഭേദംകൂടാതെ ഉപയോഗിക്കാവുന്നതാണു.

(തുടരും)


നഷ്ടപ്പെട്ട ലോകം.

സർ. ആർതർ കോണൻഡോയിലിൻെറ

THE LOST WORLD

എന്ന നോവലിൻെറ അധികൃതമായ പരിഭാഷ പുസ്തകരൂപത്തിൽ തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

## CHAIRMAN:- K. C. PANDALA B. Sc. (LOND.)

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 - 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted.

For Particulars apply to

**C. KRISHNA MENON M.A.**
**MANAGER ALLEPPEY.**

or to the
**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS**

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ–കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിതയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യാഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ | | | |
| വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേൎന്നതിന്നു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻെറ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവൎണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ | | | |
| കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരശ്ശിണി മുഴകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാൎയ്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ | | | |
| സാൎവ്വഭൗമനായിത്തീൎന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കററുനിഘണ്ഡു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം | | | |
| സാരാൎത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

**ഫൈൻ ആർട്ട്സ് സ്ററുഡിയോയിൽ**

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവൎണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ളാക്കുനിൎമ്മാണശാല ഇതുമാത്രം.**

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്ററുഡിയൊ—കൊല്ലം.

REG. NO. M 2689 & T. 122.

# THE MALAYALA RAJYAM CHITRAVARIKA.

4th MARCH 1935.

Vol. VII No. 26

## ഉത്തരവാദിത്വമുള്ള ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

**ലക്ഷ്മീവിലാസ ലേഹ്യം:**— ക്ഷയരോഗത്തേയും അതു വരുത്തിക്കൂട്ടുന്ന അനൎത്ഥങ്ങളേയും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. രോഗസാമ്രാട്ടായ ക്ഷയം എത്ര ബലിഷ്ഠശരീരത്തേയും ക്ഷണകാലത്തിനുള്ളിൽ ക്ഷീണിപ്പിച്ച് അസഹ്യമായ ചുമയ്ക്കും കഫക്കെട്ടിനും അമിതമായ ആലസ്യത്തിനും വിധേയമാക്കി ജീവനെത്തന്നെ സമാഹരിച്ചുകളയുന്നു. എത്ര ഭയങ്കരമായ ക്ഷയരോഗത്തേയും സമൂലം നശിപ്പിച്ചു വിജയകരമായ ആശ്വാസത്തെ ജനസാമാന്യത്തിനു നൽകുവാൻ പൎയ്യാപ്തമായ ഒരു പുരാതനയോഗത്തെ അനവധി നിരീക്ഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ഫലമായി കണ്ടുപിടിച്ചു പ്രയോഗിച്ചു പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരു ദിവ്യൌഷധമാണ് 'ലക്ഷ്മീവിലാസലേഹ്യം.' ക്ഷയരോഗികൾ തങ്ങളുടെ വിലയേറിയ ജീവിതത്തേയും ധനത്തേയും നശിപ്പിക്കാതെ ഈ ശ്രേഷ്ഠൌഷധം വരുത്തി സേവിക്കുവിൻ! വിശിഷ്യ, എത്ര ക്ഷീണശരീരികളേയും മന്ദബുദ്ധികളേയും ഇതു് അതിശയനീയമാംവിധം ആശ്വസിപ്പിക്കുന്നതാണ്. ഓരോ ഉറുപ്പികത്തൂക്കം ആഹാരത്തിനു മുൻപു സേവിച്ചു പാലോ ഇലവിൻവേരിട്ടുവച്ച കഷായമോ അനുപാനമായുപയോഗിക്കുക.

റാത്തൽ 1-ക്കു 4 ക.

**ജീവാമൃതരസായനം:** ധാതുനഷ്ടത്താൽ ക്ലേശിക്കാനിടവരുന്ന യുവാക്കന്മാരെ അനുഗ്രഹീതമാക്കിത്തീക്കുന്ന ഒരു വിശിഷ്ട രസായനമാണിതു്. ഇന്നത്തെ ചെറുപ്പക്കാരിൽ അധികപക്ഷത്തിലും കടന്നുകൂടിയിട്ടുള്ള പ്രസ്തുത നഷ്ടത്തെ പാടെ ഒഴിവാക്കുവാൻവേണ്ടിയും വിവേകശൂന്യവും ക്ഷണികസുഖാസക്തവുമായ ദുഷ്പ്രവൃത്തികളുടെ ഫലമായി ശുക്ലം ക്ഷയിച്ചും ദുഷിച്ചും കേവലം മനുഷ്യപ്രതിമകൾ മാത്രമായി കഴിഞ്ഞുകൂടിപോരുന്ന യുവാക്കന്മാരെ യഥാൎത്ഥ മനുഷ്യരാക്കിത്തീക്കുവാൻവേണ്ടിയും ഞങ്ങൾ അനവധികാലത്തെ അന്വേഷണങ്ങളുടേയും പരിശ്രമത്തിന്റേയും ഫലമായി തയാർ ചെയ്തിട്ടുള്ള ഈ രസായനത്തിന്റെ നിസ്തുല്യവും വിശിഷ്ടവുമായ ഗുണം അനുഭവിച്ചു നോക്കിയെങ്കിൽ മാത്രമേ അറിവാൻ കഴികയുള്ളു. ശുക്ലദൂഷ്യസംബന്ധമായും മററും ഭയങ്കരങ്ങളായ രോഗങ്ങൾ പിടിപെട്ടു ശരീരം ക്ഷയിച്ച് അപകടാവസ്ഥയിൽ എത്തുന്ന ഘട്ടങ്ങളിൽക്കൂടിയും ചില യുവാക്കന്മാർ അഭിമാനത്തെ ഭയന്നു തങ്ങളുടെ രോഗഭാരത്തെ പുറത്തറിയിക്കാതെ വളരെ പണിപ്പെട്ടു പേറി പോരുന്നതായി കാണുന്നുണ്ടു്. രോഗാരംഭത്തിൽ തന്നെ വളരെ ലഘുവായി പരിഹരിക്കുവാൻ കഴിയുന്ന ഈ വക അനൎത്ഥങ്ങളെ വച്ചുവളൎത്തി വിലയേറിയ ജീവിതത്തെ പാഴാക്കിക്കളയുന്നതു എത്രയോ കഷ്ടമാണ്. അതിനാൽ, സഹിക്കവഹിയാത്ത കാമാദിവേശത്തിന്നധീനരായി ശുക്ലം ക്ഷയിപ്പിച്ചും പ്രകൃതിവിരുദ്ധങ്ങളായ പ്രവൃത്തികളിൽ ഏൎപ്പെട്ടു ശുക്ലദോഷങ്ങൾ സംഭവിപ്പിച്ചും ക്ലേശിക്കുന്ന യുവാക്കന്മാർ തങ്ങളുടെ ദുരഭിമാനത്തോടൊപ്പംതന്നെ രോഗത്തേയും വളൎത്തി അല്പായുസ്സുക്കളായിത്തീരാതെ ഞങ്ങളുടെ ജീവാമൃതരസായനം വരുത്തി ഉപയോഗിക്കുവിൻ! രോഗികൾക്കെന്നുമാത്രമല്ല, ആരോഗ്യാവസ്ഥയെ ആകാംക്ഷിക്കുന്ന എല്ലാവൎക്കും ഇതുപയോഗിക്കാവുന്നതാണ്. സകലവിധ ശുക്ലദൂഷ്യങ്ങളേയും രക്തദൂഷ്യങ്ങളേയും തീൎത്തു നല്ല ആരോഗ്യത്തെ നൽകുന്നതുകൂടാതെ, ശുക്ലസ്ഖലനം, ശീഘ്രസ്ഖലനം, ദഹനക്കുറവ്, ഗ്രഹണി, അതിസാരം എന്നിവകൾക്കെല്ലാം ഇതൊരു ദിവ്യൌഷധമാണെന്നു് അനേകമനേകം രോഗികളിൽ ഞങ്ങൾ പ്രയോഗിച്ചറിഞ്ഞിരിക്കുന്നു. രാത്രി ആഹാരത്തിനുശേഷം ഒരു നെല്ലിക്കാപ്രമാണം സേവിക്കുക. വിശേഷാൽ പത്ഥ്യമൊന്നും ആചരിക്കേണ്ടതില്ല.

റാത്തൽ 1-ക്കു 4 ക.

**സിദ്ധമകരധ്വജം:**— പ്രസിദ്ധമായ ഈ സിദ്ധൌഷധം സുഖശരീരികളായിരിക്കുവാനാഗ്രഹിക്കുന്ന ഏവൎക്കും വളരെ പ്രയോജനകരമായിട്ടുള്ളതാകുന്നു. രക്തവൃദ്ധി, ശുക്ലവൃദ്ധി എന്നിതുകൾക്കു ഇതിനോളം നന്നായി മറെറാന്നുമില്ല. പ്രമേഹം, കാസം, വിഷമജ്വരങ്ങൾ എന്നിതുകളെ വേരോടെ നശിപ്പിക്കും. സ്വൎണ്ണഭസ്മവും മററു വിലപിടിച്ച അനവധി മേൽമരുന്നുകളും ചേൎത്തു സംസ്കരിച്ചിട്ടുള്ള ഈ ഔഷധത്തിന്റെ മാഹാത്മ്യം ഉപയോഗിച്ചുതന്നെ അറിയേണ്ടതാണ്.

ഏഴു പ്രാവശ്യത്തെ ഉപയോഗത്തിനുള്ള പാക്കററ് 1-ക്കു് 1 ക.

**നരസിംഹചൂൎണ്ണം:**—വാജീകരണയോഗത്തിൽ ഇത്ര പ്രാധാന്യത്തെ അർഹിക്കുന്നതായി മറെറാരൌഷധവുമില്ലെന്നുള്ളതു പ്രസിദ്ധമാകുന്നു. ഏതുതരം രക്തദൂഷ്യങ്ങളേയും ശുക്ലദൂഷ്യങ്ങളേയും ഇതു നിശ്ശേഷം തീൎക്കും. കൂടാതെ മൂത്രരോഗങ്ങൾ, സ്രാവരോഗങ്ങൾ, കുഷ്ഠം, ഭഗന്ദരം, കാസം എന്നിതുകളും നിശ്ശേഷം ശമിക്കുന്നതാണ്. ഓരോ തൂപാത്തൂക്കം രണ്ടുനേരവും സേവിക്കുക.

റാത്തൽ 1-ക്കു 5 ക.

കൂടാതെ മറെറല്ലാ ആയുൎവേദസിദ്ധൌഷധങ്ങളും ഞങ്ങളുടെ പക്കൽ തയാറുണ്ടു്. രോഗവിവരം എഴുതി അറിയിക്കുക.

അമൃതസഞ്ജീവനി ആയുൎവ്വേദ ഔഷധാലയം കൊല്ലം (തിരുവിതാംകൂർ.)

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.